# സമന്വയം

2018 ജനുവരി

പുസ്തകം 1 ലക്കം–1



**5, 8,11**
എന്റെ ഭാഷ.
എന്റെ സംസ്കാരം

**13**
സേവനാവകാശ
നിയമവും
പൊതുജനങ്ങളും

**38**
സൂര്യനസ്തമിക്കാത്ത
നാട്ടിലേയ്ക്കൊരു യാത്ര

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
ഔദ്യോഗികഭാഷാ വകുപ്പുതല സമിതി

# ഭരണഭാഷ – മാതൃഭാഷ


*മുഖ്യ രക്ഷാധികാരി :*

**പി. രാമകൃഷ്ണൻ**

ബഹു. നിയമസഭാ സ്പീക്കർ

**പത്രാധിപസമിതി**

*മുഖ്യ പത്രാധിപർ :*

**വി. കെ. ബാബുപ്രകാശ്**

**നിയമസഭാ സെക്രട്ടറി**

*അംഗങ്ങൾ :*

**ഡോ. പി. ജെ. വിൻസെന്റ്**

സ്പീക്കറുടെ പ്രസ് സെക്രട്ടറി

**മാത്യുക്കുട്ടി. ജി.**

ജോയിന്റ് സെക്രട്ടറി

**വി. ജൂനൈസ്**

അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് - II

**എസ്. ബാബുരാജൻപിള്ള**

ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് - I

പുറംതാൾ രൂപകല്പന :

**ജൂനൈസ്**

രൂപകല്പന :

**ബിജു പുത്തൂർ**

രേഖാചിത്രങ്ങൾ :

**സുനീഷ്, ബിബിൻ**

അച്ചടി :

**കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**



വിലാസം :

**ഔദ്യോഗികഭാഷാ വകുപ്പുതല സമിതി,**

**നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**ഫോൺ : 047 251 2551**



**ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ അല്ല എന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ് എന്നും അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ് എന്നും സാക്ഷ്യപ്പെടുത്തുന്നു.**

**പത്രാധിപസമിതി**

# ഭരണഭാഷാ പ്രതിജ്ഞ

"മലയാളം എന്റെ മാതൃഭാഷയാണ്
മലയാളത്തിന്റ സമ്പത്തിൽ
ഞാൻ അഭിമാനിക്കുന്നു.
മലയാള ഭാഷയേയും
കേരള സംസ്കാരത്തേയും
ഞാൻ ആദരിക്കുന്നു.
ഭരണ നിർവഹണത്തിൽ
മലയാളത്തിന്റെ ഉപയോഗം
സാർവത്രികമാക്കുന്നതിന്
എന്റെ കഴിവുകൾ
ഞാൻ വിനിയോഗിക്കും"'

## പത്രാധിപക്കുറിപ്പ്

*"ഞാൻ സ്നേഹത്തോടെ എഴുതുന്നു*
*പക്ഷികൾ എന്റെ ചുമലിൽ ചേക്കേറുന്നു*
*വൃക്ഷങ്ങൾ പൂവും പഴവും കൊണ്ട് കുനിയുന്നു*
*യുദ്ധങ്ങളിൽ ഏർപ്പെട്ടവർ അന്യോന്യം പുണരുന്നു*
*ഭാഷ തെളിനീർപോലെ അടിത്തട്ടു കാണുന്നു*
*എന്റെ ദുഃഖവും, വെറുപ്പും, രോഷവും, പരിഹാസവും*
*അർത്ഥംകൊണ്ട് അനുഗ്രഹിക്കപ്പെടുന്നു".*

എഴുതുമ്പോൾ
സച്ചിതാനന്ദൻ

എഴുത്ത് എന്ന സർഗ്ഗ പ്രക്രിയയിലൂടെ സ്വന്തം സ്വത്വം അനാവരണം ചെയ്യപ്പെടുന്നതിന്റെ സ്വാതന്ത്ര്യം അനുഭവിക്കുകയാണ് എഴുത്തച്ഛൻ പുരസ്കാര ജേതാവായ കവി സച്ചിതാനന്ദൻ. മേൽ സൂചിപ്പിച്ച കവിതയിലൂടെ സമന്വയം ചെയ്യുന്നത് അത്തരമൊരു സർഗ്ഗാത്മക അനാവരണ പ്രക്രിയയാണ്. മാതൃഭാഷ ഒരു ജനതയുടെ സാംസ്കാരിക ചിഹ്നമാണ്. ഒപ്പമത് ജൈവ സഞ്ജയനവുമാണ്. നിയമസഭാ സെക്രട്ടേറിയറ്റ് എന്ന സ്ഥാപനത്തിലെ ബൃഹത്തായ ഔദ്യോഗിക ചുമതലകൾക്കു നടുവിൽ സർഗ്ഗാത്മക പ്രക്രിയയിൽ ഭാഗഭാക്കാകുവാൻ ജീവനക്കാർ നന്നേ പാടുപെടുന്നുണ്ട്. അത്തരത്തിലുള്ളതാണ് അവരുടെ ചുമതലയുടെ ബാഹുല്യം. സാഹിത്യം എന്നത് സർഗ്ഗാത്മകതയിൽ ഒരാൾ തെരഞ്ഞെടുക്കുന്ന ബൗദ്ധിക വഴിയാണ്. അത് കവിതയായും, കഥയായും, വിമർശനമായും, ലേഖനങ്ങളായും പ്രതിഫലിക്കുന്നു, പ്രതികരിക്കുന്നു. മാതൃഭാഷയുടെ വികാസ പ്രക്രിയയിൽ അത് ക്രിയാത്മകത്വം വഹിക്കുന്നു, ഭാഷ നശിക്കുന്നത് ഒരു ജനതയുടെ നിസംഗതയും, യാന്ത്രികതയും മൂലമാണ്. ഭാഷ വികസിക്കുന്നത് ക്രിയാത്മകവും, സത്ക്രിയവുമായ സംവേദനങ്ങളിലൂടെയാണ്. ശ്രേഷ്ഠഭാഷാപദവി ലഭ്യമായതുകൊണ്ടു മാത്രം മാതൃഭാഷയ്ക്ക് വികാസവും, വളർച്ചയും, ആഴവും ലഭിക്കുന്നതല്ല.

അത് ജനതയുടെ നിരന്തര ഉപയോഗത്തിലൂടെയും പരീക്ഷണത്തിലൂടെയുമാണ് വളരുന്നതും, വികസിക്കുന്നതും. ഒരു ഭാഷയ്ക്കും അതിന്റെ പദസമ്പത്തിൽ കുത്തകയ്ക്ക് അവകാശമില്ല. ഭാഷകൾ അന്യോന്യം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നുണ്ട്. മലയാള ഭാഷ സമ്പുഷ്ടമാകുന്നത് സംസ്കൃതത്തിന്റെയും തമിഴിന്റെയും എന്തിനേറെ, ഇംഗ്ലീഷിന്റെയും സ്വാധീനത്തിലൂടെയാണ്. ഭാഷ മരിക്കാതിരിക്കാൻ ജാഗരൂകരായി നമുക്ക് കാവലിരിക്കാം. സമന്വയം അതിനായി കൂട്ടായ്മയുടെ ഒരു സ്നേഹവേലി നിർമ്മിക്കുന്നു. ആർക്കുവേണമെങ്കിലും അതിലെഴുതാം. എന്തു വേണമെങ്കിലും എഴുതാം. സർഗ്ഗാത്മകതയിൽ ലക്ഷ്മണരേഖ വരയ്ക്കുവാൻ സമന്വയത്തിന്റെ പത്രാധിപസമിതി കരുതുന്നില്ല. പക്ഷെ മാതൃഭാഷയുടെ ലക്ഷ്യവും, സംസ്കൃതിയും, ലാളിത്യവും മനസ്സിൽ കരുതണമെന്നു മാത്രം.

**വി.കെ. ബാബുപ്രകാശ്**
സെക്രട്ടറി,
കേരള നിയമസഭ





# സമന്വയം

**ഭരണഭാഷ – മാതൃഭാഷ**

പുസ്തകം 1 ലക്കം 1 2018 ജനുവരി


## ഉള്ളടക്കം

### ലേഖനം


5 **എന്റെ ഭാഷ എന്റെ സംസ്കാരം**
രാജീവ്

8 **എന്റെ ഭാഷ എന്റെ സംസ്കാരം**
അനു സി.

11 **എന്റെ ഭാഷ എന്റെ സംസ്കാരം**
പ്രസാദ് വി.

13 **സേവനാവകാശ നിയമവും പൊതുജനങ്ങളും**
പി. ജയലക്ഷ്മി

24 **പഞ്ചാംഗം**
ആർ.പി. വേണുഗോപാൽ

34 **ജൈവവൈവിധ്യങ്ങളുടെ ഈറ്റില്ലമായ നമ്മുടെ കേരളം**
വിക്രമൻ സി.

36 **നളചരിതം**
ഹരിഗോപാൽ വി.എം.


### കഥ


18 **ഉടഞ്ഞ മൺകലം എന്നോട് പറഞ്ഞത്**
ഷീലാ റ്റൈറ്റസ്

25 **ചാഞ്ഞുവീഴുന്ന മഴത്തുള്ളികൾ**
എം.കെ.രാജൻ

29 **കാലത്തിന്റെ കനവുകൾ തേടി**
ശ്രീവിദ്യ എസ്.

32 **പാഠശാലകൾ**
പ്രസാദ് വി.

54 **കാറ്റിന്റെ മർമ്മരം പോലെ**
ഉദയകുമാർ


### കവിത


7 **ഇരുൾ ഒളിപ്പിച്ചുവച്ചത്**
ശ്രീവിദ്യ എസ്.

10 **നിശീഥിനിയുടെ നിഴൽപ്പാടുകൾ**
മഹേഷ് എം.ഡി.

12 **പ്രണയതുള്ളികൾ**
ഷൂജ കെ.

17 **കാത്തിരുപ്പ്**
പ്രസാദ് വി.

20 **ലാൽസലാം**
മല്ലികാദേവി ജെ.

22 **കാടിന്റെ മക്കൾ**
ഷാജു എസ്.

27 **മനുഷ്യനെത്തേടുന്നു.... മഹാനഗരം**
വി. ഉബൈദുള്ള

28 **സൗഹൃദം**
സുമിത കെ.എം.


### യാത്രാവിവരണം


38 **സൂര്യനസ്തമിക്കാത്ത നാട്ടിലേയ്ക്കൊരു യാത്ര**
ഷീബ വർഗ്ഗീസ്


### ആക്ഷേപ ഹാസ്യം


21 **കൊതുകിന്റെ മരണപത്രം**
കല്യാണിക്കുട്ടി എം.വൈ.


### അനുഭവക്കുറിപ്പ്


30 **ബാല്യകാല സ്മരണകൾ**
കെ.എം.

● രാജീവ്

# എന്റെ ഭാഷ എന്റെ സംസ്കാരം

ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലേഖന മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായത്

മലയാള ഭാഷയുടെ വളർച്ച നമ്മുടെ സംസ്കാരവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ട് കിടക്കുന്നു. തമിഴിൽ നിന്നും വികസിച്ച് ഒരു സ്വതന്ത്ര ഭാഷയായി മാറിയ മലയാളം, മണിപ്രാവളത്തിൽക്കൂടിയും, അതിനും മുമ്പ് ചീരാമകവിയുടെ കാവ്യത്തിൽക്കൂടിയും, ഭാഷാപിതാവായ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം വഴിയും ശ്രേഷ്ഠമായ ഒരു ഭാഷയായി മാറി. നമ്മുടെ സാംസ്കാരിക രംഗത്തുണ്ടായിരുന്ന തളർച്ചയെയും മുരടിപ്പിനെയും മാറ്റി ജനങ്ങളെ ഭക്തിപ്രസ്ഥാനത്തിലേയ്ക്ക് ആകർഷിക്കാനും അവരിൽ സാംസ്കാരികമായ ഉന്നതിയുണ്ടാക്കുന്നതിനും ഭാഷാപിതാവ് നിരന്തരം പരിശ്രമിച്ചു. ചുരുക്കത്തിൽ ഒരു പ്രദേശത്തിന്റെ ഭാഷയുടെ വളർച്ചയും സംസ്ക്കാരവും തമ്മിലുള്ള നാഭീനാളബന്ധം മുറിച്ചുമാറ്റാൻ പറ്റാത്തതാണ്.

നമ്മുടെ നവോത്ഥാന നായകന്മാരും ക്രിസ്ത്യൻ മിഷനറിമാരും നമ്മുടെ ഭാഷയ്ക്കും സംസ്കാരത്തിനും ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തുലമാണ്. കേരളത്തിലെ അദ്ധ്യാത്മിക ഗുരുക്കന്മാരിൽ പ്രധാനികളായ അയ്യാഗുരു, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, പൊയ്കയിൽ കുമാരദേവൻ, ചാവറയച്ചൻ, വാഗ്ഭടാനന്ദഗുരു, അതുപോലെ സാമൂഹ്യ വിദ്യാഭ്യാസ രംഗത്തു പ്രവർത്തിച്ച ജി.പി. പള്ള, ഡോ. പൽപ്പു, മഹാത്മാ അയ്യങ്കാളി, പണ്ഡിറ്റ് കെ.പി. കറുപ്പൻ തുടങ്ങിയവരെല്ലാം കൈരളിയ്ക്കു ചെയ്ത സേവനങ്ങൾ വരും തലമുറകൾക്ക് ഒരത്ഭുതം പോലെ തോന്നിയേക്കാം!



ക്രിസ്ത്യൻ മിഷനറിമാരായ ഹെർമൻ ഗുണ്ടർട്ട്, ആർണോസുപാതിരി എന്നീ മഹത്തുക്കളെ വിസ്മരിച്ചുകൊണ്ട് മലയാള ഭാഷയ്ക്ക് ഒരു നിലനിൽപ്പ് തന്നെയില്ല. ആദ്യ നിഘണ്ടുവും പത്രവും മറ്റും സംഭാവന ചെയ്യാൻ ഇവർക്കായി.

നമ്മുടെ ഭാഷയും സംസ്ക്കാരവുമായി ബന്ധപ്പെട്ട് നടന്ന മറ്റൊരു പ്രധാന ചരിത്രസംഭവം 1888-ലെ ഇന്ത്യയിലെ ആദ്യ നിയമസഭ തിരുവിതാംകൂറിൽ വന്നതാണ്. ശ്രീമൂലം തിരുനാളാണ് ഇതു സ്ഥാപിച്ചത്. 1930 മുതൽ തിരുവിതാംകൂറിലെ വനിതകൾ രാഷ്ട്രീയരംഗത്തു പ്രവർത്തിച്ചു തുടങ്ങിയതിന്റെ ഉദാഹരണങ്ങളാണ് ഇന്ത്യയിലെ ആദ്യ വനിതാ നിയമസഭാംഗമായിരുന്ന ഡോ. മേരി പുന്നൻ ലൂക്കോസ് (തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലെ അംഗം) തോട്ടയ്ക്കാട്ട് മാധവിയമ്മ എന്ന സാഹിത്യകാരിയാകട്ടേ കൊച്ചിയിലെ ആദ്യ വനിതാ നിയമസഭാംഗവും. സ്ത്രീശാക്തീകരണവും അവരുടെ സാമ്പത്തികമായ ഉന്നമനവും ഏതൊരു സംസ്ക്കാരത്തിനെയും താങ്ങിനിർത്തുന്ന പടിക്കെട്ടുകളാണ്. എന്തിനേറെ ഭരണഘടനാ നിർമ്മാണ സഭയിൽ അംഗമായിരുന്ന ദാക്ഷായണി വേലായുധനെ മറക്കുന്നതെങ്ങനെ? ഭാഷയും അക്ഷരാഭ്യാസവും സംസ്കാരവും സ്ത്രീശാക്തീകരണവും എല്ലാം തമ്മിൽ ബന്ധപ്പെട്ടു കിടക്കുന്നു എന്ന് മേൽപ്പറഞ്ഞ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നു.




ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിലേക്കാൾ ദളിത് സമുദായങ്ങളുടെ വളർച്ചയും വികാസവും കേരളത്തിലായിരുന്നു എന്ന് ദളിത് ചിന്തകരായ കെ.കെ. കൊച്ചിന്റെയും ബാബുരാ

ജിന്റെയും കെ.എം. സലിംകുറിന്റെയും പുസ്തകങ്ങൾ വായിച്ചു നോക്കിയാൽ മനസ്സിലാകും. ഇതിനാധാരം നമ്മുടെ ഭാഷയും ഇവിടെ നവോത്ഥാന നായകന്മാർ ഉഴുതുമറിച്ച സാംസ്കാരികാന്തരീക്ഷവും ആണ്. മഹാനായ കേരള പുത്രൻ കെ.ആർ. നാരായണൻ രാഷ്ട്രപതിയും, ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ ചീഫ് ജസ്റ്റിസുമായി പരമോന്നത പദവികളിൽ എത്തിച്ചേർന്നിട്ടുണ്ട്. പിന്നോക്ക-ദളിത വിഭാഗങ്ങളുടെ വളർച്ച സാധ്യമാക്കുന്നതിൽ ഭാഷയും സംസ്കാരവും നിർണ്ണായക പങ്കാണ് വഹിച്ചത്.

നമ്മുടെ കർമ്മരംഗത്താകട്ടെ കഥകളി എന്ന ക്ലാസിക്കല മുതൽ കഥാപ്രസംഗം വരെയുള്ള ജനപ്രിയ കലവരെ നമ്മെ സാംസ്കാരികമായി ഉദ്ബുദ്ധരാക്കാൻ ശ്രമിക്കുന്നത് കാണാം. വരേണ്യകലകൾ മുതൽ ജനപ്രിയ കലകൾ വരെയുള്ള നമ്മുടെ കലാരംഗത്തോടൊപ്പം സാംസ്ക്കാരികമായും ഭാഷാപരമായും നാം വളർന്നു. ഉദാഹരണമായി കഥാപ്രസംഗം എന്ന കലയിൽക്കൂടി ലോകപ്രശസ്തമായ പ്രഖ്യാത ക്ലാസിക്കുകൾ നമ്മുടെ ഉത്സവപറമ്പുകളിലേയ്ക്ക് വന്നു. ഇന്നിപ്പോൾ ജനപ്രിയ സംഗീതമായ സിനിമാപ്പാട്ടുകളെക്കുറിച്ചു പോലും പഠനങ്ങൾ നടക്കുന്നു. കൂടാതെ ഫോക്‌ലോർ ഒരു പ്രത്യേക പഠനശാഖ തന്നെയായി മാറിയിരിക്കുന്നു. ഡോ. എം.വി. വിഷ്ണു നമ്പൂതിരി, ഇ.പി. രാജഗോപാലൻ തുടങ്ങിയവരെല്ലാം ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്നവരാണ്. ഐക്യകേരളം നിലവിൽ വന്നതിനുശേഷവും അതിനു മുമ്പും നാടകവും സിനിമയും നമ്മുടെ ഭാഷയ്ക്കും സംസ്കാരത്തിനും വഹിച്ചിട്ടുള്ള പങ്കിനെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. തോപ്പിൽഭാസി, എൻ. എൻ.പിള്ള, എസ്.എൽ.പുരം, കെ.ടി. മുഹമ്മദ്, പ്രൊഫ. ജി. ശങ്കരപ്പിള്ള തുടങ്ങിയവരോടൊപ്പം ഇ.കെ. അയ്മുവിന്റെ 'ജ്ജ് നല്ല മനുശ്യനാകാൻ നോക്ക്' പോലുള്ള നാടകങ്ങളും നമ്മുടെ ഭാഷയുടെയും സാംസ്കാരിക വളർച്ചയുടെയും ഈടുവെപ്പുകളാണ്. അടൂർ മുതൽ ആഷിക്ക് അബു വരെ എത്തിനിൽക്കുന്ന അഭ്രലോകം നമ്മുടെ സംസ്ക്കാരത്തിനും ഭാഷയ്ക്കും നൽകിയ കനപ്പെട്ട സംഭാവനകൾ വലുതാണ്. അതിനൊരു ഉദാഹരണമാണ് ജി. അരവിന്ദൻ സംവിധാനം ചെയ്ത ദൃശ്യാനുഭവമായ 'കുമ്മാട്ടി'. പുരാവൃത്തങ്ങളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് സമകാലികാവസ്ഥകളുടെ നെറികേടുകളോട് പ്രതികരിക്കുന്ന അഭ്രകാവ്യമായിരുന്നു. വേറെയും മഹത്തായ സൃഷ്ടികളുണ്ടെങ്കിലും സ്ഥലപരിമിതി മൂലം വിശദമാക്കുന്നില്ല. ഇതെല്ലാം നമ്മുടെ ഭാഷയ്ക്കും സംസ്ക്കാരത്തിനും നൽകിയിട്ടുള്ള നന്മകളെക്കുറിച്ച് സമഗ്രമായ പഠനങ്ങൾ തന്നെ വേണ്ടി വരും.

മലയാള സർവ്വകലാശാല തിരൂരിൽ സ്ഥാപിച്ചു. അതിനുശേഷം ശ്രേഷ്ഠഭാഷയിൽ ഉൾപ്പെടുത്താൻ സമരമാർഗ്ഗങ്ങൾ വേണ്ടിവന്നു. ഇതെല്ലാം സാധിച്ചെടുക്കുമ്പോഴും നമ്മുടെ സാംസ്ക്കാരികമായ മേന്മകൾ നമ്മെ വിട്ടുപിരിയുകയാണോ? സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്നവർക്കും മലയാളം ഒരു പഠനവിഷയമാക്കിയാൽ നന്നായിരുന്നു. കാരണം ഒരു ഭാഷ ഉപയോഗിക്കാതെ പോകുമ്പോൾ നഷ്ടപ്പെടുന്നത്/ അന്യം നിൽക്കുന്നത് നൂറ്റാണ്ടുകൾ കൊണ്ട് രൂപപ്പെട്ടുവന്ന ഒരു സംസ്ക്കാരമാണ്. ഭാഷയുടെ അന്ത്യം സംസ്ക്കാരത്തിന്റെ അവസാനമാണ്. ഏതു വിധേനയും അത് നിലനിർത്താൻ നമുക്കേവർക്കും ബാധ്യതയും/കടമയുമുണ്ട്. സ്വത്വം നഷ്ടപ്പെട്ട ഒരു ജനതയായി മാറാതിരിക്കണമെങ്കിൽ 'ഭരണഭാഷ മലയളം' ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ട് പോയേ തീരൂ.

നവ സാമൂഹിക മാധ്യമങ്ങളും ഭാഷയും സംസ്ക്കാരവും അഭേദ്യമാംവിധം തൊട്ടുകിടക്കുന്നു. ഭാഷയുടെ വളർച്ചയ്ക്ക് ഫേസ്ബുക്ക്, ടിറ്റർ തുടങ്ങി സ്ക്കൈപ്പ് വരെ ഉപയോഗിക്കാം എന്നുള്ളത് ആശ്വാസകരമായ വസ്തുതയാണ്. ഭാഷ മരിച്ചു സംസ്ക്കാരം അന്തരിച്ചു എന്നുള്ള വൃഥാ പറച്ചിലുകൾക്ക് അന്ത്യമാണ് നമ്മുടെ ബ്ലോഗുകൾ. ഭാഷയെയും സംസ്ക്കാരത്തെയും ശക്തവും നവീനവുമാക്കുന്നതിൽ ബ്ലോഗെഴുത്തുകാർക്ക് നിർണ്ണായക പങ്കുണ്ട്. കുഴൂർ വിത്സനെപ്പോലുള്ള ബ്ലോഗ് എഴുത്തുകാർ മുഖ്യധാരാ എഴുത്തിലേക്ക് കടന്നു കഴിഞ്ഞു. ഇതെല്ലാം സൂചിപ്പിക്കുന്നത് മലയാളത്തിന്റെയും നമ്മുടെ സംസ്കാരത്തിന്റെയും ഭാവി ശോഭനം തന്നെയെന്നാണ്.

വയലാർ അവാർഡ് നേടിയ മലയാളികളുടെ പ്രിയപ്പെട്ട എഴുത്തുകാരനായ സുഭാഷ് ചന്ദ്രൻ എഴുതിയ നോവലായ 'മനുഷ്യന് ഒരാമുഖം' മലയാളികളുടെ നൂറു വർഷത്തെ വൈകാരിക ചരിത്രമാണ്. മലയാളവും നമ്മുടെ ഭാഷയും സംസ്ക്കാരവും എല്ലാം എങ്ങനെ പുതുക്കി പണിയപ്പെട്ടു എന്ന് ആ നോവൽ കാണിച്ചുതരുന്നു. നാറാപിള്ള മുതൽ ജിതേന്ദ്രൻ വരെയുള്ള മലയളികൾക്കു സംഭവിച്ച സാമൂഹ്യ-സാംസ്ക്കാരിക വ്യതിയാനങ്ങൾ കൃത്യമായി സുഭാഷ്ചന്ദ്രൻ കുറിച്ചിടുന്നു. നമ്മുടെ ഭാഷയും സംസ്ക്കാരവും തമ്മിലുള്ള ദൃഢബന്ധത്തെ ഈ നോവലിൽക്കൂടി നമുക്ക് മനസ്സിലാക്കാം.

കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് ഭാഷയെയും സംസ്ക്കാരത്തെയും പുതുക്കിപ്പണിഞ്ഞ്, ആഗോള ചിന്തയും സംസ്ക്കാരവും ഉൾക്കൊണ്ടുകൊണ്ട്, പ്രാദേശിക വാദത്തിലേയ്ക്കോ ഭാഷാ ഭ്രാന്തിലേയ്ക്കോ കാൽവയ്ക്കാതെ ലോകത്തിന്റെ മുക്കിലും മൂലയിലും പടർന്നു കിടക്കുന്ന മലയാളികൾ നമ്മുടെ ഭാഷയെയും സംസ്ക്കാരത്തെയും മുറുകെപ്പിടിച്ചാൽ നമ്മുടെ ഭാഷയുടെയും സംസ്ക്കാരത്തിന്റെയും ഭാവി ശോഭനവും ഐശ്വര്യപൂർണ്ണവുമാണെന്ന് ആഗോളപൗരനായ മലയാളിക്ക് ഉറക്കെ പറയാൻ കഴിയും. ■

● ശ്രീവിദ്യ എസ്.

ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കവിതാമത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായത്

# ഇരുൾ ഒളിപ്പിച്ചുവച്ചത്





വിജനതയിൽ കൺപാർത്തിരിക്കും
ഒറ്റമുറി വീടിന് രാത്രിയാകുന്നില്ല
കൊടിയ ദാരിദ്ര്യം കൈകോർത്ത
കപടപ്രണയം ഒടുവിലിറക്കപ്പെട്ട
ചാരിത്ര്യത്തിന് പ്രായമായിരിക്കുന്നു
സന്ധ്യയ്ക്കുണർന്ന പൂക്കൾ
മിനുത്ത കൂന്തലിൽ ഒളിച്ചിരുന്ന്....
ചതഞ്ഞുതീരാൻ രാത്രിയെ തേടുന്നു
വെളിച്ചത്തിലൂർജ്ജതന്ത്രം പഠിപ്പിച്ചവൻ
ഇരുളിൻ മറപറ്റി ഉടൽ ചേരാനെത്തുന്നു....
ഒട്ടിയ കവിളിലെ അവസാനത്തെ
മാംസവും വേട്ടക്കാരനെ കാത്തിരിക്കുന്നു
പാടത്തിലഞ്ചു കതിർ നടാൻ മടിച്ചവൻ
കാണിക്കവഞ്ചി തപ്പാനിറങ്ങുന്നു
രാവിൽ, തെരുവിലലഞ്ഞ നായതൻ
ചുണ്ടിൽ കനിഞ്ഞത് നാടോടി
പൈതലിൻ ചുടുരക്തം....

കുമിഞ്ഞ സമ്പത്തിൽ കൈവിട്ട
കൗമാരത്തിന്റെയവശിഷ്ടങ്ങൾ
അമ്മതൊട്ടിലിൻ വിളിക്കുകാതോർക്കുന്നു
വാലാട്ടി കൂടെ നടന്നവൻ
വാതിൽ തുറന്ന് കടിച്ചുകീറുന്നു
തണുത്ത രാത്രിയിലൊറ്റപ്പെട്ട
നിഷ്കളങ്കത ചൂളം വിളിയിലമർന്നു
പോകുന്നു....
കപടസദാചാരത്തിന്റെ കാവൽക്കാർ
മുഖംമൂടികൾതേടി ഉറങ്ങാതിരിക്കുന്നു....
ചാറ്റിനും, ഷെയറിനും ശേഷം
ഒരു കട്ടിലിൽ ലൈക്കില്ലാതെ
മയങ്ങുന്നവർ....
പല ഭാവങ്ങളിൽ വരുന്നവൾ
രാത്രി മടങ്ങുന്നതിരുറളിയാത്ത
കുഞ്ഞിൻ പുഞ്ചിരിയിലെ ശുഭരാത്രിയായി



● അനു സി.

ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലേഖനമത്സരത്തിൽ രണ്ടാം സ്ഥാനത്തിന് അർഹമായത്



# എന്റെ ഭാഷ എന്റെ സംസ്കാരം

ഓരോ രാജ്യത്തിനും അവരവരുടേതായ ഭാഷകളുടെ ഒരു ശൃംഖലതന്നെ സ്വന്തമായുണ്ട്. ജീവസുറ്റ ഈ ഭാഷകളിൽ കൂടിയുള്ള ക്രയവിക്രയങ്ങൾ ഓരോ ജനവിഭാഗത്തിന്റെയും സംസ്കാരത്തിന്റെ പ്രതിഫലനമാണ്. ഇന്ത്യൻ ഭരണഘടനയുടെ 8-ാം ഷെഡ്യൂളാണ് ഭാഷകളെക്കുറിച്ച് പ്രതിപാദിക്കുന്നത്. രാജ്യത്തിലെ വിവിധ സംസ്ഥാനങ്ങളിലെ ജനവിഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന പ്രാദേശിക ഭാഷകളും ഉപയോഗത്തിലില്ലാതെ അസ്തമിച്ചുകൊണ്ടിരിക്കുന്ന മാതൃഭാഷകളും ധാരാളമായുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം മാതൃഭാഷയായ മലയാളത്തിന് ഒട്ടനവധി പ്രാധാന്യമുള്ള കാലഘട്ടമാണ് ഇപ്പോഴുള്ളത്. മല+ആളം (കടൽ) എന്ന് വിഘടിച്ചെഴുതുന്ന മലയാളത്തെക്കുറിച്ച് അശോകന്റെ ശാസനങ്ങളിലും, സ്ഥാണുരവിവർമ്മന്റെ കാലത്തുണ്ടായ ശാസനങ്ങളിലും പരാമർശങ്ങളുണ്ട്. ദ്രാവിഡ ഗോത്രത്തിൽപ്പെടുന്ന മലയാള ഭാഷയ്ക്ക് പ്രാചീന ഭാഷകളായ സംസ്കൃതത്തോടും തമിഴിനോടും കടപ്പാടുണ്ടെന്ന് മാത്രമല്ല അറബി, പോർച്ചുഗീസ്, ഹിന്ദി, ഉറുദു എന്നീ ഭാഷകളിൽ നിന്നുപോലും തൽസമമായും (പദങ്ങളിൽ യാതൊരു മാറ്റവുമില്ലാതെ), തൽഭവമായും (പദങ്ങളിൽ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട്) മലയാളത്തിലേക്ക് കടന്നുവന്നിരിക്കുന്നു. ഇതിൽ തന്നെ മലയാളത്തിലെ പദങ്ങളുടെ ഉദ്ഭവത്തെക്കുറിച്ച് യൂറോപ്യൻ ചിന്തകരായ കാൽഡ്വെയ്നും, ലെവിസും ഉത്പത്തി സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു. അവരുടെ സങ്കല്പത്തിൽ ആര്യ-ദ്രാവിഡ ഗോത്രത്തിലാണ് മലയാളം ഉൾപ്പെട്ടിരിക്കുന്നത്. ആര്യന്മാരുടെ ആഗമനത്തിനു ശേഷമാണ് മലയാളത്തിലെ പദസമ്പുഷ്ടീകരണം നടന്നതെന്ന് അവർ വിലയിരുത്തുമ്പോൾ, എ.ആർ. രാജരാജവർമ്മയും, ഇളംകുളം കുഞ്ഞൻപിള്ളയും ഈ സിദ്ധാന്തത്തെ നിരാകരിക്കുന്നു.

സംസ്കൃതത്തിൽ നിന്നാണ് മലയാള പദങ്ങളുടെ മുഖ്യ ഉത്ഭവമുണ്ടായതെന്നുള്ള വാദത്തെ ഉയർത്തിക്കാട്ടുന്ന എ.ആറും. ഇളംകുളവും ലീലാതിലകവും (ആദ്യ ഭാഷാ വ്യാകരണ ഗ്രന്ഥം) മണിപ്രവാളവും, കാവ്യങ്ങളിലെ ശൈലികളും ഇതിന് ഉപോത്ബലകമായി ചൂണ്ടിക്കാണിക്കുന്നു.

ഏതൊരു ഭാഷയുടെയും അടിസ്ഥാന ഘടകം വ്യാകരണമാണ്. അതിൽ തന്നെ പദങ്ങളാൽ ബന്ധപ്പെട്ടു കിടക്കുന്ന വാക്യങ്ങളും വാചകങ്ങളും ഉൾപ്പെടുന്ന ഒരു ശൈലിയാണ് അനുവർത്തിച്ചു വരുന്നത്. പദങ്ങളുടെ ഘടകമായ രൂപിമവും (രൂപമുള്ളത്), അർത്ഥവത്തായ സ്വനിമയും ചേർന്നതാണ് ഭാഷ.

നാമം, നാമവിശേഷണം, ക്രിയ, ക്രിയാവിശേഷണം, ഗതി, ഘടകം, വ്യാക്ഷേപകം എന്നീ 8 ഘടകങ്ങൾ (parts of speach) ചേർന്നാലേ ഒരു അർത്ഥവത്തായ ഭാഷയാകുകയുള്ളൂ.

ഭാഷയുടെ അടിസ്ഥാന ലക്ഷ്യം ആശയസംവാദമാണെന്നിരിക്കേ, ആശയസംവാദത്തിന്റെ പൂർത്തീകരണത്തിനും വർണ്ണനകൾക്കും മറ്റുമായി കാവ്യം, പ്രസംഗം, ഗദ്യം എന്നിങ്ങനെ വിവിധ രീതികൾ അവലംബിക്കുന്നു. കാവ്യശൈലിയുടെ ഭംഗിക്കായി അലങ്കാരവും, കൃത്യതയ്ക്കായി പ്രാസവും, ഭാഷാ ഘടക സംയോജനത്തിനായി സമാസവും ഉപയോഗിച്ചുവരുന്നു.

ഗദ്യശൈലിയിൽ തന്നെ കർത്തരിയും കർമ്മണിയും

ഉപയോഗിക്കുമ്പോൾ തന്നെ നാമവിശേഷണത്തിനായി ഭേദകവും, ക്രിയാവിശേഷണത്തിനായി കാരിതവും ഉപയോഗിച്ചു വരുന്നുണ്ട്.

മലയാളഭാഷയുടെ വിവിധരൂപങ്ങൾ അങ്ങോളമിങ്ങോളം കാണാം. ഭാഷാപദങ്ങൾ നീട്ടിയുള്ള സംഭാഷണ ശൈലി മലബാർ മേഖലകളിൽ കണ്ടുവരുമ്പോൾ കന്നഡ ഭാഷയുടെ സ്വാധീനം കാസർഗോഡും, തുളുനാടൻ മേഖലകളിലും കണ്ടുവരുന്നു. കോട്ടയം, ആലപ്പുഴ ഭാഗങ്ങളിൽ കാച്ചിക്കുറുക്കിയ (ആവശ്യത്തിന് മാത്രം) ഭാഷയാണ് ഉപയോഗിച്ചുവരുന്നത്. തമിഴ് സംസ്കാരത്തിൽ നിന്നും, ഭാഷയിൽ നിന്നുമുള്ള സ്വാധീനം പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിലെ ഇരു വിഭാഗങ്ങളിൽ കാണപ്പെടുമ്പോൾ, സ്വയം രൂപപ്പെടുത്തിയ ഭാഷാശൈലി മലപ്പുറത്തും കോഴിക്കോടും കണ്ടു വരുന്നുണ്ട്. ഇതിൽ തന്നെ slang എന്നു പുച്ഛിച്ചു തള്ളിക്കളയാമെങ്കിലും ഓരോ പ്രദേശത്തെ മലയാളഭാഷയിലും ഉപയോഗിക്കുന്ന പദങ്ങൾ അർത്ഥമാക്കുന്ന വസ്തുക്കൾ മറ്റൊരു നാട്ടിലാണ് അറിയപ്പെടുന്നത്. കൊള്ളിയെന്നു തൃശ്ശൂർ ഭാഗത്ത് അറിയപ്പെടുന്ന മരച്ചീനി കോട്ടയത്ത് കപ്പയായി മാറഉന്നു. വിവിധ ഭാഗത്തുപയോഗിക്കുന്ന മത്സ്യങ്ങളുടെ പേരുകളാകട്ടെ തികച്ചും വ്യത്യസ്തമാണ്. തിരുവനന്തപുരം ഭാഗത്ത് നത്തോലി, വാള, കുഴ്യാള എന്നൊക്കെ വിശേഷിപ്പിക്കുന്നവര തൃശ്ശൂരിനും അപ്പുറവും യഥാക്രമം കൊഴുവ, പാമ്പാട, കീര്യാൻ എന്നിങ്ങനെയാണ് അറിയപ്പെടുന്നത്. എന്തര്ടൈ?, എന്ത്?, എന്തുവാ? എന്നിങ്ങനെ കുശലാന്വേഷണം നടത്തുന്ന നീട്ടിയും കുറുക്കിയുമുള്ള ശൈലി മലയാളത്തിന്റെ സവിശേഷതയാണ്.

വിവിധ മതങ്ങളും, ജാതികളും ഉൾക്കൊള്ളുന്ന നാനാത്വത്തിൽ ഏകത്വത്തിലധിഷ്ഠിതമായ ഒരു സംസ്കാരമാണ് കേരളത്തിലേത്. അതുകൊണ്ടുതന്നെ ഭാഷയുടെ രൂപ പരിണാമത്തിൽ ഈ ഘടകങ്ങൾ സ്വാധീനം ചെലുത്തുന്നു. സീത, ശ്രാദ്ധം എന്നീ പദങ്ങൾ മേൽ ജാതിക്കാർ ഉപയോഗിക്കുമ്പോൾ കീഴ്ജാതിക്കാരുടെ വീടുകളിൽ അത് ചീതയും, ചാത്തവും ആകുന്നു.

വിവിധ രീതിയിലുള്ള ഉത്സവങ്ങളും, ആഘോഷങ്ങളും, ആരാധനാക്രമങ്ങളും സ്വന്തമായുള്ള കേരളത്തിലെ ജനങ്ങൾക്ക്, അവരുടെ ഭാഷാ ക്രയവിക്രയങ്ങൾക്കായി പാട്ടുകൾ (ക്രിസ്തീയ വിഭാഗത്തിൽ പ്രത്യേകിച്ചും), മന്ത്രങ്ങൾ, ശ്ലോകങ്ങൾ (ഹിന്ദു വിഭാഗത്തിൽ) എന്നിവ ഉപയോഗിച്ചു വരുന്നുണ്ട്. മുസ്ലീം വിഭാഗത്തിലാകട്ടെ നീട്ടിയും ചുരുക്കിയുമുള്ള മാപ്പിള പാട്ടുകളും, ഒപ്പനകളും അവരവരുടേതായ സവിശേഷത നിലനിർത്തുന്നു.

എല്ലാവരെയും ഒരേപോലെ ബഹുമാനിക്കുന്ന ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വേർതിരിവില്ലാത്ത ഒരു ജനവിഭാഗമാണ്, സംസ്കാരമാണ്, നമ്മുടേത്. “വസുധൈവ കുടുംബകം” എന്ന ആപ്തവാക്യം അർത്ഥവത്താക്കുന്ന ഒരു ജനവിഭാഗമാണ് മലയാളത്തിലേത്. ജാതി-മത വ്യത്യാസമില്ലാതെ എല്ലാ ജനങ്ങളും പങ്കെടുക്കുന്ന പൂരങ്ങളും, കാവടി മഹോത്സവങ്ങളും, പള്ളിപ്പെരുന്നാളുകളും, ഉറൂസുകളും കേരള സംസ്കാരത്തെ സമ്പന്നമാക്കുന്നു.

വിനയാന്വിതമായ പെരുമാറ്റം, സുദൃഢമായ കുടുംബ സങ്കല്പം (അമ്മ-അച്ഛൻ-മക്കൾ), വിദ്യാഭ്യാസത്തിനും, സംസ്കാരത്തിനും സമൂഹത്തിലുള്ള സ്വാധീനം എന്നിവ കെട്ടിപ്പെടുക്കാൻ നമ്മുടെ ഭാഷ നമ്മെ സഹായിച്ചിട്ടുണ്ട്.

പച്ചയാം വിരിപ്പിട്ട സഹ്യനെ കുറിച്ച് വർണ്ണിച്ച പാലാ നാരായണൻ നായരും, ജാതീയതയെ തൂത്തെറിഞ്ഞ കുമാരനാശാനും മലയാള ഭാഷയെ നിർമ്മല ചാരുതയിൽ നിറഞ്ഞ ഭാഷയാക്കി.

മലയാളഭാഷയുടെ പിതാവെന്നറിയപ്പെടുന്ന “തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ” തന്നെ ലളിതവും ആസ്വാദനത്തിനുതകുന്നതുമായ രീതിയിലാണ് (തത്ത) കഥ പറയിക്കുന്ന രീതി കൊണ്ടുവരികയും അതിനെ തന്നെ ശാരിക പൈതലേ, ചാരുശീലേ എന്നു വർണ്ണിക്കുക വഴി ലാളിത്യമാണ് കവിത്വം എന്ന് ഊട്ടിയുറപ്പിക്കുന്നു.


വഞ്ചിപ്പാട്ടിന്റെ (നതോന്നത) ശൈലി കൊണ്ടുവന്ന രാമപുരത്ത് വാര്യരും, സഹൃദയരെ ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും ചെയ്യുന്ന തുള്ളലിന്റെ സൃഷ്ടാവായ കുഞ്ചൻ നമ്പ്യാരും, ദൈവത്തിനോടൊട്ടി നിൽക്കുന്ന ഭക്തിഗാന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായ പൂന്താനവും, ചെറുശ്ശേരിയും (കൃഷ്ണഗാഥ വഴി ഗാഥക്കു തുടക്കം കുറിച്ചും) മലയാളത്തിന്റെ കുലപതികളാണ്.

കളമെഴുത്തുപാട്ടും, പടയണിയും, ചവിട്ടുനാടകവും, കഥകളിയും, തുള്ളലും മേളം പിടിക്കുന്ന പൂരപ്പറമ്പുകളും, ചെവികളെ ത്രസിപ്പിക്കുന്ന, കാതടപ്പിക്കുന്ന കരിമരുന്നും, മലയാളത്തിലെ ആരാധനാ സങ്കല്പങ്ങളും കേരളത്തിന്റെ സവിശേഷതയാണ്.

തന്റെ പ്രജകളെ കാണുന്നതിനു വേണ്ടി വരുന്ന അവരുടെ സുഖാന്വേഷണങ്ങൾക്കായെത്തുന്ന രാജസങ്കല്പം (മാവേലി), തങ്ങളുടെ രാജാവിന്റെ ആഗമനത്തിന് കാതോർത്ത് എല്ലാ ഒരുക്കങ്ങളും നടത്തുന്ന ജനവിഭാഗങ്ങളും സമത്വ കേരളത്തെ പ്രതിനിധാനം ചെയ്യുന്നു.

ഇന്ത്യാരാജ്യത്തെ ശരിയായ ജനവിഭാഗം, എല്ലാ അർത്ഥത്തിലും ഭാരതത്തിന്റെ സംസ്കാര സങ്കലപം (ജാതിമതഭേദമെന്യേ തുല്യർ) എന്ന കാഴ്ചപ്പാടിനർഹർ മലയാളികളാണ്, എന്ന് വിരമിച്ച സുപ്രീംകോടതി ജഡ്ജി ശ്രീ. മാർക്കണ്ഡേയ കട്ജു അഭിപ്രായപ്പെട്ടത്തിൽ നമുക്കഭിമാനിക്കാം. മാത്രമല്ല എല്ലാവർക്കും തുല്യനീതി, മതേതരത്വം, വർണ്ണ, ജാതി, പ്രാദേശിക, സാമ്പത്തിക വേർതിരിവില്ലാത്ത സംസ്കാര സമ്പുഷ്ടമായ, ഒരു മലയാള സംസ്കാരത്തിന്റെ നവസൃഷ്ടിക്കായി നമുക്ക് തോളോടു തോളു ചേർന്ന് പൊരുതാമെന്നു മാത്രമല്ല, നമ്മളുടെ ‘സമത്വ കേരള’ സങ്കല്പം സമത്വഭാരതത്തിനായി സമർപ്പിക്കാം. ■

● മഹേഷ് എം.ഡി.



ഔദ്യോഗികഭാഷാ
വകുപ്പുതല സമിതിയുടെ
ആഭിമുഖ്യത്തിൽ നടത്തിയ
കവിതാമത്സരത്തിൽ
രണ്ടാം സ്ഥാനത്തിന്
അർഹമായത്



# നിശീഥിനിയുടെ നിഴൽപ്പാട്ടുകൾ

നക്ഷത്രങ്ങൾക്കു തീരെ വലുപ്പമില്ലാതായിരിക്കുന്നു....
നിശ്ശബ്ദതയ്ക്കു കൂട്ടുതേടി ഇനി പോകാനൊരുങ്ങാം
ഭയവിഹ്വലതകൾ മനസ്സിനെ വരിഞ്ഞുമുറുക്കിയെങ്കിലും
സ്നേഹം മാരിവില്ലുപോൽ ചിതറി വീണുകൊണ്ടിരുന്നു
ഇരുട്ടിലും ആകാശത്തിന്റെ പരപ്പ് ആവോളം കാണാമായിരുന്നു....
ജീവിതയമങ്ങളുടെ അനന്തത ഒരു മുറിവുപോൽ
പടർന്നൊലിച്ചു മിന്നൽപ്പിണരായി മാറി നിന്നു
നിലാവിന്റെ നേർത്ത സുഗന്ധം പൊഴിച്ചു നിശീഥിനി
വശംവദയായി നോക്കി നിൽക്കുന്നുണ്ടായിരുന്നു
കാറ്റിൽ ഇലച്ചാർത്തു കൊഴിഞ്ഞുപോയതിൻ വിരഹത്തിൽ
ദളമർമ്മരങ്ങൾ വിതുമ്പിക്കൊണ്ടിരുന്നു
മൗനം മനസ്സിന്റെ മുകുരമായി ചേർത്തുവെച്ചൊരു പാകത്തിൽ
പ്രേമം അലയടിച്ചാർത്തയായ് പുണർന്നുനിന്നു
ശതതന്ത്രി വീണയിൽ പടർന്നലിഞ്ഞ രാഗങ്ങളുടെ ഇമ്പം
അനുരാഗ നിർവ്വതിയിൽ പടർന്നൊലിച്ചുകൊണ്ടിരുന്നു
ചിന്തതൻ ധാരകൾ സ്വന്തമായി ചികയുവാൻ
സമയമാണെന്നാരോ വിളിച്ചാർത്തുകൊണ്ടിരിക്കുന്നു
സുന്ദരസ്വപ്നങ്ങൾ മെനയുവാൻ ഹൃദന്തത്തിൽ
സ്നേഹത്തിൻ മഷിക്കൂട്ട് ചാലിച്ചുചേർക്കുന്നു
മനസ്സിന്റെ മായാത്ത മാസ്മര ജാലകം തുറന്നപ്പോൾ
അകലങ്ങളിൽ നിന്നാരോ വിരുന്നു വന്നിരിക്കുന്നു
ഒന്നുമോർക്കാതിരിക്കുവാൻ നിദ്രതൻ സാന്ത്വനം
പുണരണമെന്ന വചനങ്ങൾക്കു കാതോർത്തിരിക്കാം
ആത്മാവിൻ പുസ്തകത്താളിൻ മയിൽപ്പീലിത്തുണ്ടുകൾ
വിടർന്നു വിരാജിക്കാൻ വെമ്പൽകൊണ്ടു നിൽക്കുന്നു
എങ്കിലും....
നക്ഷത്രങ്ങൾക്കു തീരെ വലുപ്പമില്ലാതായിരിക്കുന്നു
നിശ്ശബ്ദതയ്ക്കു കൂട്ടുതേടി ഇനി പോകാനൊരുങ്ങാം.

● പ്രസാദ് വി.

ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ലേഖന മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്

# എന്റെ ഭാഷ എന്റെ സംസ്ക്കാരം

പരസ്പര ആശയ വിനിമയോപാധിയാണല്ലോ ഭാഷ. ഭാഷയും സംസ്കാരവും പരസ്പര പൂരകങ്ങളാണ്. ഏതൊരു ദേശത്തിന്റെയും ഭാഷയ്ക്ക് അതത് ദേശത്തിന്റെയും തദ്ദേശീയരുടേയും ഉൾത്തുടുപ്പ് ദർശിക്കാൻ കഴിയും. ലോകത്തെ തന്നെ ഏറ്റവും വലിയ സംസ്കാരം ഭാരതത്തിന്റേതാണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. കാരണം വിശ്വമഹാകവികളായ വാല്മീകിയുടേയും വ്യാസന്റേയും കാളിദാസന്റേയുമൊക്കെ കാവ്യങ്ങൾ പ്രകടമാകുന്നത് വെറും കാവ്യമായി മാത്രമല്ല; സംസ്ക്കാരത്തിന്റെ ഔന്നത്യത്തെക്കൂടിയാണ്.

ഭാരതദേശത്തിൽ വീണ്ടും ഒരു പുൽക്കൊടിയെങ്കിലും ജനിക്കാൻ മഹാത്മാക്കളുടെ മനസ്സ് കൊതിച്ചിരുന്നു. അതിന്റെ മൂലകാരണം ഭാരത സംസ്ക്കാരത്തിന്റെ ഔന്നത്യം തന്നെയാണ്. സംസ്കാര സമ്പന്നമായ ഒരു നാട്ടിലേ മഹത്തുക്കൾ ജന്മമെടുക്കൂ.

ഞാൻ എന്റെ ഭാഷയെ സ്നേഹിക്കുന്നതുപോലെ തന്നെ ഇതര ദേശക്കാരും ഭാഷയെ നെഞ്ചേറ്റുന്നു. മലയാളം-കേരള നാട്ടിലെ ഭാഷ - മലയ്ക്കും ആഴിയ്ക്കും ഇടയിലെ പ്രദേസത്തെ ഭാഷയ്ക്ക് (മല+ആളം=മലയാളം) മലയാളം എന്ന പേര് തീർത്തും അന്വർത്ഥമാണ്. മലയാളികൾ സംസാരിക്കുമ്പോൾ പല 'വഴികൾ' സ്വീകരിക്കാറുണ്ടെങ്കിലും എഴുത്ത് ഭാഷ ഒന്നു തന്നെയാണ്.

"ആറു മലയാളിയ്ക്ക് നൂറുമലയാളം
അര മലയാളിയ്ക്കുമൊരു മലയാളം

ഒരു മലയാളിക്കും മലയാളമില്ല"- എന്ന വരികളിലൂടെ കുഞ്ഞുണ്ണി മാഷ് മലയാളികളുടെ ഭാഷാ പ്രയോഗത്തെ ആക്ഷേപ ഭംഗിയോടെ നോക്കിക്കാണുന്നുണ്ട്.

കവിതയും സംസ്കാരവും

'മലയാള ഭാഷയുടെ പിതാവാ'യ എഴുത്തച്ഛൻ അന്നുവരെ ഉണ്ടായിരുന്ന തമിഴ്, സംസ്കൃത സ്വാധീനം ഒരു പരിധിവരെ കവിതകളിൽ നിന്ന് അകറ്റുവാനും, അതുവഴി ശുദ്ധശുദ്ധമായ പദപ്രയോഗങ്ങൾ കൊണ്ടുവരാനും പരിശ്രമിച്ചു. എഴുത്തച്ഛന്റെ കവിതാരീതി തന്നെ ഭാരതീയ സംസ്കാരത്തിലധിഷ്ഠിതമായ രീതിയിലായിരുന്നു. 'കിളിപ്പാട്ട്' സാങ്കല്പിതകയുടെ അമൂർത്ത തലങ്ങളെ വിഭാവനം ചെയ്യുന്നു. എന്നാൽ തരു പക്ഷി മൃഗങ്ങളേയും നരരേയും സുരരേയും ഒന്നായി കണ്ടിരുന്ന ഭാരത ദർശനത്തിന്റെ ഒരു നേർക്കാഴ്ചാ സങ്കല്പമാണ് കിളി-പാട്ട്. ഞാൻ കേട്ടും കണ്ടും വളർന്ന അധ്യാത്മരാമായണം എന്റെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചു. രാമന്റെ ജീവിതാവബോധവും, സഹജീവിസ്നേഹവും, മാതാപിതാ ബന്ധവും ശ്രേഷ്ഠതയുടെ ഉന്നത ശ്രേണിയിലാണ്. ലക്ഷ്മണന്റെ സഹോദര സ്നേഹവും, ആജ്ഞാനുവർത്തിത്വവും, സീതയുടെ പരിത്യാഗശീലവും പാതിവ്രത്യ നിഷ്ഠയും എന്റെ ജീവിതത്തെ ഹഠാദാകർഷിച്ച കഥാപാത്ര സൃഷ്ടികളാണ്. ഇവരുടെ ഭാഷയും-പ്രയോഗവും, ജീവിതവും-ദർശനവും എന്നെയെന്നല്ല ഏതൊരുവനേയും സംസ്കാര സമ്പന്നനാക്കുവാൻ ഉതകും എന്നത് വിതർക്കമാണ്.



രാമായണത്തിലെ തന്നെ ഏറ്റവും ശ്രേഷ്ഠ ശ്ലോകമായ
'രാമം ദശരഥം വിദ്ധി
മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാം അടവിം വിദ്ധി

നച്ഛ താത യഥാ സുഖം'- ഈ ലോകത്തിനു തന്നെ വഴികാട്ടിയായി തീരേണ്ട വരികളാണ്. ഒരമ്മ മകന് നൽകാവുന്ന ഏറ്റവും നല്ല ഗുണപാഠം സുമിത്ര ലക്ഷ്മണനിലൂടെ ഈ ലോകത്തിന് പകരുന്ന സന്ദേശമാണ്. രാമനെ പിതാവിനു തുല്യമായും സീതയെ സ്വന്തം മാതാവായും അടവിയെ അയോധ്യയായും കരുതി കഴിയണം എന്ന ഉപദേശം ഭാരത സംസ്ക്കാരത്തിന്റെയും ഭാഷയുടെയും ഉന്നത ശീർഷത്തെയാണ് പ്രകടമാക്കുന്നത്. ഇതിലൂടെ എന്നിലെ ഞാൻ കെട്ടിപ്പടുക്കുന്ന ഭാഷയും സംസ്കാരവും മൂല്യബോധം ഉള്ളതായിരിക്കുമെന്ന് നിസ്സംശയം പറയാം. ചുരുക്കിപ്പറഞ്ഞാൽ വേദേതിഹാസങ്ങളും ഉപനിഷത്തുക്കളുമൊക്കെത്തന്നെ സംസ്കാര സമ്പന്നതയുടെ ഉറവിടങ്ങളാണ്.

ഗീതയിലൂടെ ശ്രീകൃഷ്ണൻ അർജ്ജുനന് നൽകുന്ന ഉപദേശം നമുക്കുള്ളതാണ്. ഉപനിഷത്ത് വാക്യങ്ങൾ ചിന്തനീയങ്ങളാണ്. സ്ത്രീകളെ മാന്യമായി കണ്ടിരുന്ന പാരമ്പര്യ സംസ്കാരം ഭാരതത്തിന്റേതാണ്.

'പരസ്പരം ഭാവയന്തഃശ്രേയ

പരമ വാപസ്യഥ'-പാരസ്പര്യത്തിന്റെ മഹനീയത വിളിച്ചോതുന്ന ഈ ഉപനിഷത് ഭാഷ്യം എന്റെ സംസ്കാരത്തിന്റെ അടി

സ്ഥാന ശിലയാണ്. മുൻപ് സൂചിപ്പിച്ചതു പോലെ ഭാഷയുടെ ഔന്നത്യം സംസ്കാരത്തിൽ അന്തർലീനമാണെന്ന് കാണാൻ കഴിയും.

**ഭാഷാസ്നേഹം**

കവിതകൾ, കഥകൾ, ലേഖനങ്ങൾ തുടങ്ങി സാഹിത്യത്തിന്റെ വിവിധ ഏടുകൾ എന്റെ ഭാഷാസ്നേഹത്തെ സമ്പുഷ്ടമാക്കി. ആശാൻ, ഉള്ളൂർ, വള്ളത്തോൾ തുടങ്ങ്ഹിയ ആധുനിക കവിത്രയങ്ങളേയും അവരുടെ ഭാഷാപ്രയോഗങ്ങളേയും എന്റെ മനസ്സിനെ വിശാലമാക്കുവാൻ സഹായിച്ചു. ആശാന്റെ 'വീണ പൂവി'ലെ ദാർശനികതയും ഉള്ളൂരിന്റെ 'പ്രേമസംഗീത'ത്തിലെ 'സ്നേഹ'വും വള്ളത്തോളിന്റെ 'എന്റെ ഗുരുനാഥനി'ലെ മഹനീയതയും എന്റെ ജീവിതത്തിൽ ഭാഷയും സംസ്കാരവും കരുപ്പിടിപ്പിക്കുന്നതിൽ വലുതായ പങ്കുവഹിച്ചു.

ബഷീർ, കാരൂർ, ഒ.വി. വിജയൻ തുടങ്ങിയ പ്രതിഭാധനരുടെ കഥകൾ അധ്യാപകരും രക്ഷിതാക്കളും പറഞ്ഞു പതിപ്പിച്ചതിലൂടെ ഭാഷയേയും സംസ്കാരത്തേയും ഒരളവുവരെ പുഷ്ടിപ്പെടുത്തുവാൻ കഴിഞ്ഞു. മഹാന്മാരേയും ഭരണാധികാരികളേയും കുറിച്ചുള്ള ലേഖനങ്ങൾ എന്റെ മനസ്സിനെ ആകർഷിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ഒരു വ്യക്തി ജനിച്ച നാടും പ്രകൃതിയും വീടുമൊക്കെ ഭാഷയെയും സംസ്കാരത്തെയും വളർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു എന്നത് വളരെ ശരിയാണ്.

ഭാഷകൾ നാടിന് ഭൂഷണമെങ്കിലും വികടമായ സരസ്വതി വിളയാടൽ വികലമായ ഒരു തലമുറയെ തന്നെ സംഭാവന ചെയ്യും. മാതാപിതാക്കളുടെ ശ്രദ്ധയും ശക്തിയും ഒരുവന്റെ ഭാഷയ്ക്കും സാംസ്കാരിക വളർച്ചയ്ക്കും മുതൽക്കൂട്ടായി മാറുന്നു. മാതൃഭാഷയ്ക്ക് ഞാൻ വളരെയധികം പ്രാധാന്യം കല്പിക്കുന്നു. എന്റെ ഹൃദയവികാരങ്ങളെ വെളിപ്പെടുത്തുന്ന ഭാഷയെ (മലയാളത്തെ) അമ്മയായും എന്റെ സംസ്കാരത്തെ സൃഷ്ടികർത്താവായും കരുതുന്നു.

'മർത്ത്യനു തൻഭാഷ ഒന്നുകൊണ്ടേ
ശക്തിയുണ്ടായ് വരൂ, ശക്തിമത്താ-

കിയ ഹൃദ്വികാരത്തെ വെളിപ്പെടുത്താൻ' - ഈ വരികൾ ഭാഷയുടെയും സംസ്കാരത്തിന്റെയും പൂർണ്ണതയ്ക്ക് അടിവരയിടുന്നു എന്നത് നിസ്തർക്കമാണ്. ■

● ഷൂജ കെ.

# പ്രണയതുള്ളികൾ



അങ്ങകലെയെങ്ങാനൊരു വീഥിയിൽ
നീയിട്ടുപോയോ എരിഞ്ഞടങ്ങും ഇന്നലെകൾ?
ഇറ്റിറ്റുവീഴും നിൻ പ്രണയതുള്ളികൾ!!
ചില്ലുകൂട്ടിൽ പിടഞ്ഞൊരു കണ്ണുകൾ!
ഇടറുന്ന വാക്കുകൾ.... പിന്നെയെന്നും
തോറ്റുപോയൊരു മോഹങ്ങളും

വിരൽ തൊട്ടുമെല്ലെ തലോടി ഞാൻ
ഉള്ളിന്റെയോരത്തുറങ്ങും നിന്റെ
വഴിതെറ്റിവന്ന നനവുള്ളരോർമ്മകൾ
പിന്നെ പെറുക്കിയെടുത്തു നീയിട്ടുപോയ
മയിൽപ്പീലി തുണ്ടുകൾ.....
നിഴലുകൾ....
നിലാവുകൾ!!
ഒറ്റയ്ക്കു തീർത്തൊരു കനവിന്റെ സ്പന്ദനങ്ങൾ
മഴയെ പിരിയാത്തൊരു മഴവില്ലുപോലെ
ഇറ്റിറ്റുവീഴും നിൻ പ്രണയത്തുള്ളികൾ!!!

മയങ്ങാത്ത രാവിലെന്നോ നീ കോർത്ത
നീർമുത്തു കൊഴിഞ്ഞെന്റെ ചാരത്തുറങ്ങിയോ?
പാതിവിരിയും മൊട്ടിനെ വേറിട്ടുപോയൊരു
വാസന്ത മർമ്മരം പോലെ നീ
ഇതളിന്റെ ചിറകിലെ മഞ്ഞുപോലെ.......
ഓർത്തിടാനൊരു തിരിനാളമായി......
എന്നെന്നും തീർത്തൊരു ഭാഗഗീതമായി!
ഇറ്റിറ്റുവീഴും നിൻ പ്രണയത്തുള്ളികൾ!!!



● പി. ജയലക്ഷ്മി


# സേവനാവകാശ നിയമവും പൊതുജനങ്ങളും

വർത്തമാനപ്പത്രത്തിലെ 'പ്രാദേശികം' താളിൽക്കണ്ട വാർത്താശകലങ്ങൾക്കിടയിൽ തിരുവനന്തപുരം ജില്ലയിലെ ഒരു മലയോരഗ്രാമ പ്രദേശത്തെ വില്ലേജാഫീസിന് ആരോ തീയിട്ടു വെന്ന വാർത്ത ഏതോ സാമൂഹ്യവിരുദ്ധന്റെ വിക്രിയയാണെന്നാണ് ഏവരും കരുതിയത്. എന്നാൽ വരികൾക്കിടയിലെ വായന വെളിപ്പെടുത്തിയത് ഞെട്ടിപ്പിക്കുന്ന മറ്റൊരു വസ്തുതയായിരുന്നു. സ്വന്തം വസ്തുവിന്റെ പോക്കുവരവ് നടത്തിക്കിട്ടാൻ വില്ലേജാഫിസിന്റെ പടികൾ രണ്ടര വർഷം കയറിയിറങ്ങിയിട്ടും ആവശ്യം നിവർത്തിച്ചു കിട്ടാത്തതിവ് നൈരാശ്യം മൂത്ത ഒരു പരാതിക്കാരന്റെ ബോധപൂർവ്വമായ പ്രതികരണ പ്രവർത്തിയുടേയും ഉള്ളുനീറ്റിയ അമർഷത്തിന്റേയും ബഹിർസ്ഫുരണം കൂടിയായിരുന്നു ആ അഗ്നിബാധ എന്ന അറിവ് ഭീതിയോടെ മാത്രമേ ഉൾക്കൊള്ളുവാൻ കഴിഞ്ഞുള്ളൂ. അർഹതപ്പെട്ട സേവനം നിഷേധിക്കപ്പെടുകയോ സമയബന്ധിതമായി നൽകപ്പെടാതിരിക്കുകയോ ചെയ്യുന്നതിൽ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെടുമ്പോഴാണ് നിയമം കൈയ്യിലെടുക്കുന്ന തരത്തിലുള്ള ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്. ഒരു സർക്കാരുദ്യോഗസ്ഥന്റെ മേശക്കുമുന്നിൽ സേവനസംബന്ധമായ ആവശ്യങ്ങളുമായി സമീപിക്കുന്നവരെ മുഖമുയർത്തി ഒന്നു നോക്കാനോ ആവലാതികൾ കേൾക്കാനോ വിമുഖത കാട്ടുന്ന സർക്കാരുദ്യോഗസ്ഥരാണേറെ എന്ന ധാരണ പൊതുവേയുണ്ട്. പരിചയക്കാരുടെ, ശുപാർശക്കാരുടെ, കൈക്കൂലിയുടെ പിൻബലമില്ലാത്തവർക്ക് കാര്യം നടക്കില്ല എന്ന് തിരിച്ചറിയുമ്പോൾ സംഘടിതരല്ലാത്ത പൊതുജനം ഇത്തരം വ്യക്തിനിഷ്ഠമായ പ്രതികാരനടപടികളിലേക്ക് തിരിയുന്നു. ഒരു പരിഷ്കൃത സമൂഹത്തിന് ഹിതകരമോ ആശ്വാസ്യമോ അല്ലാത്ത ഇത്തരം നടപടികൾ നമ്മുടെ ഭരണ നടത്തിപ്പിന്റെ രോഗാതുരമായ അവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഏതൊരു സമൂഹത്തിന്റെയും സാമ്പത്തികവും സാമൂഹികവുമായ പുരോഗതി നിലകൊള്ളുന്നത് സദ്ഭരണത്തിലാണ്. സദ്ഭരണത്തിന്റെ മൂന്ന് സുപ്രധാന ഘടകങ്ങളാണ് ഭരണത്തിന്റെ സുതാര്യത. ഭരണത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്തം, ജനങ്ങൾക്ക് ഉത്തരം നൽകുന്നതിനുള്ള സർക്കാരിന്റെ ബാധ്യത എന്നിവ. ഇവ ഉറപ്പുവരുത്തുന്നതിൽ സർക്കാരുകൾ പരാജയപ്പെടുന്നിടത്താണ് സദ്ഭരണം ദുർഭരണമായി മാറുന്നത്. സദ്ഭരണത്തിന് നേരെപിടിച്ച കണ്ണാടികളാണ് ജനങ്ങൾ വിവിധതരത്തിലുള്ള സേവനങ്ങൾക്കായി സമീപിക്കുന്ന സർക്കാരോഫീസുകൾ. അങ്ങനെ നോക്കുമ്പോൾ



രാഷ്ട്രീയ നേതൃത്വം ആവിഷ്കരിക്കുന്നതും ജനാഭിലാഷത്തെ തൃപ്തിപ്പെടുത്താനുതകുന്ന തീരുമാനങ്ങളുടെ സന്ദേശവാഹകരാണ്. സർക്കാരോഫീസുകളും അവയ്ക്കുകീഴിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥരും ജനജീവിതത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ സർക്കാർ സംവിധാനങ്ങളെ സേവനങ്ങൾക്കായി ആശ്രയിക്കേണ്ടി വരാത്തവർ വിരളമാണ്.

കേരളത്തിൽ ജനകീയ സർക്കാരുകളുടെ ആവിർഭാവത്തോടെയാണ് ക്ഷേമപദ്ധതികളും വികസന പദ്ധതികളും കൂടുതലായി ആസൂത്രണം



ചെയ്യപ്പെട്ടു തുടങ്ങിയത്. തുടക്കത്തിൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കു പുറമേ ഇത്തരം വികസന പദ്ധതികളുടെ ഗുണഫലങ്ങൾ തേടിയും ജനങ്ങൾ സർക്കാർ സ്ഥാപനങ്ങളെ കൂടുതലായി ആശ്രയിച്ചുതുടങ്ങിയത് അതുമുതലാണ്. കേരളത്തിലെ സർക്കാർ ഓഫീസുകളിലെ ഭരണസംവിധാനത്തിന്റെ കാര്യക്ഷമത ഇല്ലായ്മയെക്കുറിച്ചും, സേവനങ്ങൾ ലഭ്യമാകുന്നതിലെ കാലതാമസം, അഴിമതി എന്നിവയെക്കുറിച്ചുമുള്ള പരാതികൾ വ്യാപകമായി ഉയർന്നുവന്ന സാഹചര്യത്തിൽ സർക്കാർ സംവിധാനങ്ങൾക്ക് ജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റിയെ കുറിച്ചുള്ള ചിന്തകൾ പൊതുസമൂഹം ഗൗരവമായി ചർച്ചചെയ്യാനാരംഭിച്ചിട്ടുണ്ട്. ജനങ്ങളുടെ നികുതിപ്പണംകൊണ്ടു പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങൾക്കെല്ലാം ജനമാണ് യജമാനൻ എന്നും ജനത്തിനു വേണ്ട സേവനം നൽകുകയും അവരുടെ ആവലാതികൾ കേൾക്കുകയും പരാതികൾ പരിഹരിക്കുകയും ചെയ്യുകയാണ് എല്ലാ സർക്കാർ സംവിധാനങ്ങളുടേയും ഉത്തരവാദിത്തവുമെന്ന ബോധത്തിലേക്ക് എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥർ തങ്ങളുടെ പരമപ്രധാനമായ ഈ കർത്തവ്യം മറക്കുമ്പോൾ പൊതുജനങ്ങൾ അത് ചോദ്യം ചെയ്യുന്നത് തികച്ചും സ്വാഭാവികമാണ്. സംസ്ഥാനത്തെ മൂന്നരക്കോടി ജനതയ്ക്ക് അവകാശപ്പെട്ട വിഭവം പത്തുലക്ഷത്തിൽ താഴെയുള്ള ജീവനക്കാർക്കും പെൻഷൻകാർക്കുമായി ശമ്പളവും അലവൻസുകളുമായും പെൻഷനായും നീക്കിവയ്ക്കപ്പെടുമ്പോൾ ജനങ്ങൾക്ക് സർക്കാരോഫീസുകളിൽ നിന്ന് സമയബന്ധിതമായി ലഭിക്കേണ്ട സേവനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുമ്പോൾ ഇത്തരം ചോദ്യം ചെയ്യലുകൾക്ക് ന്യായീകരണമുണ്ട്.

ജനകീയ സർക്കാരുകളുടെ ആവിർഭാവത്തോടെയാണ് കൊളോണിയൽ സർക്കാരിന്റെ ഭാഗമായിരുന്ന പരിഷ്കരണത്തിനു വേണ്ടിയുള്ള മുറവിളി ഉയർന്നുവരാൻ തുടങ്ങിയത്. 1957 മുതൽ തന്നെ സിവിൽ സർവ്വീസിന്റെ പരിഷ്കരണത്തിനായി ഇ.എം.എസ്. ഭരണ പരിഷ്കാര കമ്മിറ്റി, എം.കെ. വെള്ളോടി കമ്മിറ്റി, ആർ. ശങ്കരനാരായണൻ തമ്പി കമ്മിറ്റി, റൂൾസ് റിവിഷൻ കമ്മിറ്റി, ഇ.കെ. നായനാർ കമ്മിറ്റി എന്നിവ സമഗ്ര നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായെങ്കിലും അവ വളരെ പരിമിതമായ തോതിലേ നടപ്പിലാക്കപ്പെട്ടിട്ടുള്ളൂ എന്നതാണ് നിരാശാജനകമായ വസ്തുത. ഭരണ പരിഷ്കാരങ്ങളുടേയും ഭരണ നവീകരണത്തിന്റെയും ആവശ്യകതയെക്കുറിച്ച് ബോധവാന്മാരാണെങ്കിൽ പോലും പലപ്പോഴും തങ്ങളുടെ നിലനില്പിനെ പ്രത്യേകിച്ച് സ്ഥാനക്കയറ്റം പോലെയുള്ള കാര്യങ്ങളെ അവ ദോഷകരമായി ബാധിക്കുമോ എന്ന ആശങ്കയാൽ ജീവനക്കാരുടെ ഭാഗത്തുനിന്ന് ഈ ഉദ്യമങ്ങൾക്ക് വലിയ പിന്തുണ ലഭിക്കാറില്ല എന്ന ഏറെ പരിതാപകരമായ അവസ്ഥയും ഇവിടെ നിലനിൽക്കുന്നുണ്ട്. തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരായ ഒരു പൊതുസമൂഹം നിലനിൽക്കുന്ന കേരളം പോലെയൊരു സംസ്ഥാനത്ത് ഭരിക്കുന്നവരുടെയും ഭരിക്കപ്പെടുന്നവരുടെയും താത്പര്യങ്ങളിലുള്ള ഇത്തരത്തിലുള്ള പരസ്പരവൈരുദ്ധ്യം പലപ്പോഴും സംഘർഷങ്ങൾക്കും പരാതികൾക്കും ഇടനൽകുന്നുവെന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്.

ഈ പശ്ചാത്തലത്തിലാണ് 2012 നവംബർ 1ന് കേരള സർക്കാർ വളരെ ആഘോഷപൂർവ്വം സേവനാവകാശ നിയമം നടപ്പിലാക്കിയത്. സംസ്ഥാനത്തെ സെക്രട്ടേറിയറ്റ് മുതൽ വില്ലേജ്ഓഫീസം തലം വരെയുള്ള സർക്കാർ സംവിധാനങ്ങളിലൂടെയുള്ള സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കണമെന്ന സദുദ്ദേശത്തോടെയാണ് ഈ നിയമം സംസ്ഥാന സർക്കാർ പാസാക്കിയത്. അറിയാനുല്ള പൗരന്റെ അവകാശത്തെ മൗലികമായ അവകാശമായിക്കണ്ടാണ് കേന്ദ്രസർക്കാർ 2005-ൽ വിവരാവകാശ നിയമം പാസാക്കിയത്. ഈ നിയമത്തിന്റെ ചുവട് പിടിച്ച് സർക്കാർ സേവനങ്ങൾ സമയബന്ധിതമായി പൗരന്മാർക്ക് ഉറപ്പുവരുത്തുന്നതിന് 2010-ൽ മധ്യപ്രദേശ് പോലെയുള്ള പല സംസ്ഥാന സർക്കാരുകളും നിയമം നിർമ്മിക്കുകയുണ്ടായി. ഭരണരംഗത്തെ സുതാര്യതയും സമയബന്ധിതമായ സർക്കാർ സേവനങ്ങളും ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിൽ സംശുദ്ധവും അഴിമതിരഹിതവുമായ ഒരു സിവിൽ സർവ്വീസിന്റെ പ്രസക്തി അനിവാര്യവും അത് നൽകുന്നതിൽ സർക്കാരും സർക്കാർ ജീവനക്കാരും പ്രതിജ്ഞാബദ്ധരായിരിക്കേണ്ടതുമാണ്.

പൗരന്മാരും സേവനദാതാക്കളും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അവരുടെ സങ്കടങ്ങൾക്ക് ഫലപ്രദവും സമയബന്ധിതവുമായ പരിഹാരത്തിന് വ്യവസ്ഥ ചെയ്യുന്നതിനും നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം പ്രദാനം ചെയ്യുന്നതിനും ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം അവരെ ഉത്തരവാദികളാക്കുന്നതിനും വേണ്ടിയാണ് സേവനാവകാശ നിയമം കൊണ്ടുവന്നത്. കേരള സിവിൽ സർവ്വീസിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ് സേവനാവകാശനിയമം.

പൗരന്മാരുടെ മാഗ്നകാർട്ട എന്നു വിശേഷിപ്പിക്കപ്പെട്ട ഈ നിയമത്തിൽ പന്ത്രണ്ട് വകുപ്പുകളുണ്ട്. 3-ാം വകുപ്പിൽ സേവനങ്ങൾ നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ മുതലായവ വിജ്ഞാപനം ചെയ്യാനുള്ള അധികാരം വ്യവസ്ഥ ചെയ്യുന്നു. ഇതനുസരിച്ച് ആക്ട് നിലവിൽ വന്നു കഴിഞ്ഞാൽ ആറുമാസത്തിനുള്ളിൽ ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പു മേധാവിയും, ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനവും അവർ നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. 4-ാം വാകുപ്പിൽ സേവനങ്ങൾ ലഭിക്കുന്നതിനുള്ള അധികാരം, 5-ാം വകുപ്പിൽ നിയുക്ത ഉദ്യോഗസ്ഥന്റെ ചുമതല 6-ാം വകുപ്പിൽ അപ്പീൽ, 7-ാം വകുപ്പിൽ അപ്പീലിൽ കൈക്കൊള്ളേണ്ട നടപടിക്രമം 8-ാം വകുപപ്പിൽ ശിക്ഷ എന്നിവ വ്യവസ്ഥ ചെയ്യുന്നു.

അർഹതയുള്ള ഒരാളിൽ നിന്നും സേവനത്തിനുവേണ്ടിയുള്ള ഒരപേക്ഷ ലഭിച്ചാൽ നിയുക്ത ഉദ്യോഗസ്ഥർ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം ആ സേവനം പ്രദാനം ചെയ്യുകയോ, അല്ലെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ആ അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. നിരസിക്കുന്ന പക്ഷം അതിനുള്ള കാരണങ്ങൾ രേഖാമൂലമായി വിവരിച്ചുകൊണ്ട് നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അപേക്ഷ

നിയുക്ത ഉദ്യോഗസ്ഥനോ, അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ യഥാവിധി കൈപ്പറ്റേണ്ടതാണ്. അപേക്ഷ ലഭിച്ച തീയതിമുതലാണ് നിശ്ചിത സമയപരിധി ആരംഭിക്കുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ ആവശ്യമായ സേവനം ലഭിക്കാത്തതോ അപേക്ഷ നിരസിക്കപ്പെട്ടതോ ആയ ഏതൊരാൾക്കും ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപേക്ഷ നിരസിച്ച തീയതി അല്ലെങ്കിൽ നിശ്ചിത സമയപരിധി അവസാനിച്ച് 30 ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള ഫീസ് ഒടുക്കിയും അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഒന്നാം അപ്പീൽ അധികാരിക്ക് നിയുക്ത ഉദ്യോഗസ്ഥനോട് ഒരു നിശ്ചിത കാലയളവിനുള്ളിൽ സേവനം നൽകുവാൻ നിർദ്ദേശിക്കുകയോ അല്ലെങ്കിൽ അപ്പീൽ നിരസിക്കുകയോ ചെയ്യാവുന്നതാണ്. നിരസിക്കപ്പെട്ട അപേക്ഷയിന്മേലുള്ള അപ്പീൽ നിശ്ചിത സമയപരിധിക്കു തുല്യമായ ഒരു കാലയളവിനുള്ളിൽ അപ്പീൽ അധികാരി തീർപ്പുകല്പിക്കേണ്ടതാണ്. ഒന്നാം അപ്പീൽ അധികാരിയുടെ തീർപ്പിനെതിരായി നിശ്ചിത ഫീസ് ഒടുക്കി ടി തീരുമാനത്തിന്റെ തീയതി മുതൽ 60 ദിവസത്തിനുള്ളിൽ രണ്ടാം അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്രകാരം അപേക്ഷ സമർപ്പിക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് അപ്പീൽ അധികാരിക്ക് ബോധ്യമുള്ളപക്ഷം അറുപതി ദിവസം അവസാനിച്ചശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം ലഭ്യമാക്കാതിരുന്നതിന് മതിയായ കാരണമില്ലെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുകയാണെങ്കിൽ സേവനം ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നതിനൊപ്പം 8-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ ചുമത്താവുന്നതാണ്. 4-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപ്പീൽ നിശ്ചിത സമയപരിധിക്കു തുല്യമായ ഒരു കാലയളവിനുള്ളിൽ തീർപ്പാക്കേണ്ടതാണ്. അപ്പീൽ അധികാരി നൽകുന്ന നിർദ്ദേശം നിയുക്ത ഉദ്യോഗസ്ഥൻ അനുസരിക്കാത്തപക്ഷം അയാൾക്ക് രണ്ടാം അപ്പീൽ അധികാരിക്ക് നേരിട്ട് ഒരു അപേക്ഷ ഫയൽ ചെയ്യാവുന്നതും അത് രണ്ടാം അപ്പീൽ തീർപ്പാക്കുന്ന രീതിയിൽ തീർപ്പാക്കാവുന്നതുമാണ്. രണ്ടാം അപ്പീലിന്മേലും ഈ നടപടി ക്രമമനുസരിച്ച് നേരിട്ട് അപേക്ഷകന് അപേക്ഷ ഫയൽ ചെയ്യാൻ കഴിയുന്നതാണ്.

ഒരു അപ്പീലിൽ തീരുമാനമെടുക്കുമ്പോൾ ഒന്നാം അപ്പീൽ അധികാരിക്കും രണ്ടാം അപ്പീൽ അധികാരിക്കും രേഖകൾ പരിശോധിക്കുന്നതിനും അപ്പീൽവാദിയെയും നിയുക്ത ഉദ്യോഗസ്ഥനെയും വിളിച്ചു വരുത്തുന്നതിനും ഒരു സിവിൽ കോടതിയുടെ അധികാരം ഉണ്ടായിരിക്കുന്നതാണ്.

വകുപ്പ് 8 അനുസരിച്ച് നിയുക്ത ഉദ്യോഗസ്ഥൻ മതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട് നിയുക്ത ഉദ്യോഗസ്ഥനുമേൽ 500 രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതുമാണ്. നിയുക്ത ഉദ്യോഗസ്ഥന്മേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് ഇരുന്നൂറ്റി അമ്പത് രൂപാ നിരക്കിൽ ആകെ അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. എന്നാൽ അത്തരം പിഴ ചുമത്തുന്നതിന് മുമ്പ് നിയുക്ത ഉദ്യോഗസ്ഥന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

ഒന്നാം അപ്പീൽ അധികാരി അപ്പീൽ തീരുമാനത്തിൽ വീഴ്ച വരുത്തിയതായി രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്നപക്ഷം രേഖാമൂലമുള്ള ഉത്തരവു വഴി കാരണങ്ങൾ വിവരിച്ചുകൊണ്ട് ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറ് രൂപയിൽ കവിയാത്തതുമായ പിഴ ചുമത്താവുന്നതാണ്. എന്നാൽ പറയാനുള്ളത് കേൾക്കാനുള്ളതിനുള്ള അവസരം നൽകിയതിനുശേഷമേ ഇപ്രകാരം ചെയ്യാൻ പാടുള്ളൂ. നിയുക്ത ഉദ്യോഗസ്ഥനോ ഒന്നാം അപ്പീൽ അധികാരിയോ വീഴ്ചവരുത്തിയതായി രണ്ടാം അപ്പീൽ അധികാരിക്ക് ബോധ്യമുള്ള പക്ഷം ഇവർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടിക്ക് ശുപാർശ ചെയ്യാവുന്നതാണ്. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം ഈ നിയമം ഉറപ്പുവരുത്തുന്നുണ്ട്. ഈ ആക്ട്പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ അപേക്ഷയോ മറ്റ് നടപടിയോ ഒരു സിവിൽ കോടതിയും എടുക്കാൻ പാടില്ല.

വ്യക്തമായ വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടും നിയമം നടപ്പിൽ വരുത്തുന്നതിനാവശ്യമായ ചട്ടങ്ങൾ പുറപ്പെടുവിക്കുകയും നാല്പതോളം വകുപ്പുകൾ ഈ നിയമത്തിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെടുകയും ചെയ്തിട്ടും സർക്കാരിൽ നിന്നും സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ടുന്ന സേവനങ്ങൾ ഔദാര്യമല്ല അവകാശമാണെന്ന് പ്രഖ്യാപിക്കുന്ന, സർക്കാർ സംവിധാനത്തെ ക്രിയാത്മകവും ചലനാത്മകവുമാക്കുമെന്ന് പ്രതീക്ഷിച്ച ഈ നിയമം ദുർബലമാകപ്പട്ട അവസ്ഥയിലാണ് ഇന്ന്. റവന്യൂ, പഞ്ചായത്ത്, ആരോഗ്യം, സിവിൽ സപ്ലൈസ്, ജലസേചനം, പോലീസ് തുടങ്ങി പൊതുജനങ്ങൾക്ക് തങ്ങളുടെ ദൈനംദിന ജീവിതത്തിൽ നിരന്തരം ബന്ധപ്പെടേണ്ടി വരുന്ന നാല്പതോളം വകുപ്പുകളിലെ സേവനങ്ങൾ ഈ നിയമത്തിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റവന്യൂ വകുപ്പിൻ കീഴിൽ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, ആർ.ഡി.എ. ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകേണ്ട സർട്ടിഫിക്കറ്റുകളാണ് സേവനാവകാശത്തിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഏറ്റവും കൂടുതൽ ജനങ്ങൾ തങ്ങളുടെ ദൈനംദിനജീവിതത്തിലെ വിവിധ ആവശ്യങ്ങളുമായി ഏറെ ബന്ധപ്പെടുന്നത് റവന്യൂവകുപ്പുമായി ബന്ധപ്പെട്ട ഓഫീസുകളെയാണ്. ജാതി, വരുമാനം, നേറ്റിവിറ്റി തുടങ്ങിയ വിവിധതരം സർട്ടിഫിക്കറ്റുകൾക്ക് പുറകെ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി ജനങ്ങൾ നിരന്തരം വില്ലേജ്, താലൂക്ക് ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥയുണ്ട്. ഒരു വില്ലേജ് ഓഫീസർക്ക് വരുമാന സർട്ടിഫിക്കറ്റ് നൽകാൻ നിശ്ചയിച്ചിരിക്കുന്ന സമയപരിധി ആറുദിവസവും റസിഡൻഷ്യൻ സർട്ടിഫിക്കറ്റിന് മൂന്ന്ദിവസവും, റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റിന് ഏഴുദിവസം, തിരിച്ചറിയിൽ സർട്ടിഫിക്കറ്റിന് അഞ്ചു ദിവസം, വാലേഷൻ സർട്ടിഫിക്കറ്റിന് 15 ദിവസം എന്നിങ്ങനെ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച സമപരിധിക്കുള്ളിൽ ഈ സേവനങ്ങൾ ലഭിക്കുന്നതിന് ജനങ്ങൾക്ക് അവകാശമുണ്ട്. വിവരാവകാശ നിയമത്തെപ്പോലെ എന്തുകൊണ്ടോ ഈ നിയമത്തെക്കുറിച്ച് ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല. വിവരാവകാശ നിയമത്തിന് ലഭിച്ച സ്വീകാ

ര്യതയും പ്രചാരവും ഈ നിയമത്തിന് ലഭിക്കാത്തതുകൊണ്ടാകണം സാധാരണ ജനങ്ങൾക്ക് ഇതിലെ വ്യവസ്ഥകളെക്കുറിച്ച് തീരെ അവബോധമില്ലാതെ പോയത്.

വേണ്ടത്ര തയ്യാറെടുപ്പോ ചർച്ചകളോ ഇല്ലാതെ ഒരു നിയമം പാസ്സാകുമ്പോഴുള്ള ദുരവസ്ഥയാണ് ഈ നിയമത്തിന് നേരിട്ടിട്ടുള്ളത് എന്ന് അല്പം വിമർശനാത്മകമായിത്തന്നെ പറയേണ്ടിയിരിക്കുന്നു. ഈ നിയമത്തിന്റെ യഥാർത്ഥ ഗുണഭോക്താക്കളായ, സാമാന്യജനങ്ങൾക്ക് ഈ നിയമനിർമ്മാണത്തിൽ പങ്കില്ലാതെ പോയതാണ് ഈ ദുരവസ്ഥയ്ക്ക് കാരണം. ഈ നിയമം ലക്ഷ്യംവച്ച ജനപക്ഷ ഭരണപരിഷ്ക്കാര നടപടികൾ പൊതുസമൂഹത്തിൽ ചർച്ച ചെയ്യപ്പെടുവാനോ അഭിപ്രായ രൂപീകരണത്തിനോ ഉള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടില്ല. ഇത്തരമൊരു ജനകീയപക്ഷ നിയമം പൊതുജനാഭിപ്രായം തേടുന്നതിന് വിട്ടിരുന്നുവെങ്കിൽ ജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ അവസരമുണ്ടാകുകയും തന്മൂലം ഇതുസംബന്ധിച്ച നിയമനിർമ്മാണം കൂടുതൽ സമ്പുഷ്ടമാക്കാനും അർത്ഥവത്താക്കാനും സാധിക്കുമായിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിയമ നിർമ്മാണ പ്രക്രിയയിൽ ജനങ്ങൾക്ക് പങ്കാളികളാകാൻ സാധിച്ചപ്പോൾ വേണ്ടത്ര ചർച്ചയോ അവധാനതയോ കൂടാതെയാണ് സംസ്ഥാനത്ത് ഈ നിയമം പാസ്സാക്കിയത്. 2012 ജൂലായ് 23-ന് സഭയിൽ അവതരിപ്പിക്കപ്പെട്ട ഈ നിയമം തൊട്ടടുത്ത ദിവസമായ ജൂലായ് 24-ന് സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്യുകയും ജൂലായ് 25-ാം തീയതി പരിഗണനയ്ക്കെടുക്കുകയും അന്നുതന്നെ പാസ്സാക്കുകയും ചെയ്തുവെന്നതു തന്നെ ഇതിന്മേൽ മതിയായ ചർച്ച നടന്നിട്ടില്ല എന്നതിന് തെളിവാണ്.

ഈ നിയമം പരാജയപ്പെടാനുള്ള കാരണങ്ങൾ തേടുമ്പോൾ ശിക്ഷ സംബന്ധിച്ച് ശക്തമായ വ്യവസ്ഥകളുടെ അഭാവം ഒരു പ്രധാനഘടകമാണ് എന്നു കാണാം. വിവരാവകാശ നിയമപ്രകാരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന് 25000 രൂപ വരെ പിഴയായി ലഭിക്കാം. എന്നാൽ ഈ നിയമപ്രകാരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനു ലഭിക്കുന്ന പരമാവധി പിഴ 5000 രൂപയാണ്. സേവനം നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുന്ന പിഴത്തുകയിൽ നിന്ന് അപേക്ഷകനായ പൗരന് നഷ്ടപരിഹാരം നൽകാൻ മറ്റ് സംസ്ഥാനങ്ങളിൽ പാസ്സാക്കിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നാം പാസ്സാക്കിയ സേവനാവകാശ നിയമത്തിൽ അതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ വിവരാവകാശ നിയമത്തിൽ നിന്ന് വ്യത്യസ്തമായി സേവനാവകാശ നിയമപ്രകാരം ശിക്ഷവിധിക്കുന്നത് അതേ സ്ഥാപനത്തിലെ ഉയർന്ന ഉദ്യോഗസ്ഥനായ രണ്ടാം അപ്പീൽ അധികാരിയാണ്. പലപ്പോഴും തന്റെ കീഴിൽ ജോലി നോക്കുന്ന സഹപ്രവർത്തകരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷ വിധിക്കുന്നതിലും നടപടിയെടുക്കുന്നതിലും വിമുഖരായിരിക്കും. ഇൻഫൊർമഷൻ കമ്മിഷൻ പോലെ വിപുലമായ അധികാരങ്ങൾ ഉള്ള ഒരു നികായത്തിന്റെ അഭാവം എടുത്തുപറയേണ്ട ഒന്നാണ്. സർക്കാരിന്റെ എല്ലാ സേവനങ്ങളും ഈ നിയമത്തിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെടുന്നില്ല എന്നതും മറ്റൊരു ന്യൂനതയാണ്. അതുപോലെ എല്ലാ സർക്കാർ ഓഫീസുകളും ഈ നിയമത്തിൻകീഴിൽ ലഭ്യമാക്കുന്ന സേവനങ്ങളും സമയപരിധിയും പൊതുജനങ്ങളെ അറിയിക്കുന്നതിനായി ബോർഡുകൾ സ്ഥാപിക്കുകയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്. പക്ഷേ ഇത് പലയിടങ്ങളിലും പാലിക്കപ്പെടുന്നില്ല. സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ മാത്രം ഒതുക്കി നിർത്താതെ സർക്കാരിന്റെ മറ്റ് പദ്ധതികൾക്കും ജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യേണ്ട എല്ലാ ഫയലുകളുടെ കാര്യത്തിലും ഈ നിയമം ബാധകമാക്കേണ്ടതാണ്. തിരക്കുപിടിച്ച് നടപ്പിലാക്കിയതും ഉദ്യോഗസ്ഥർക്ക് ഇതിനെക്കുറിച്ച് വേണ്ടത്ര അവബോധമോ പരിശീലനമോ നൽകാത്തതും പരാജയ കാരണങ്ങളിലൊന്നാണ്. കർണ്ണാടകയെ മാതൃകയാക്കി നിയമം പാസ്സാക്കിയ കേരളം കർണ്ണാടകത്തിൽ നിന്ന് വ്യത്യസ്തമായി സേവനാവകാശ നിയമം നടപ്പിലാക്കുന്നുവോ എന്നു നിരീക്ഷിക്കുകയും അതിൽ വീഴ്ച വരുത്തുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്ന ഒരു പ്രത്യേക സംവിധാനത്തെ നിയമത്തിൽ നിന്നൊഴിവാക്കിയതും ഇത് പരാജയപ്പെടാനുള്ള കാരണമാണ്.

ഇച്ഛാശക്തിയുള്ള ഒരു ഭരണകൂടത്തിന് ഈ നിയമം പ്രാവർത്തികമാക്കുന്നതിൽ നേരിട്ടിട്ടുള്ള കോട്ടങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകളും തരണം ചെയ്യുന്നതിൽ പ്രയാസമുണ്ടാകേണ്ടതില്ല. ലോകം വിരൽത്തുമ്പിലൊതുങ്ങുന്ന വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ നമ്മുടെ സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കുന്നതിൽ പ്രയോജനപ്പെടുത്തുന്നതിൽ ഉപയുക്തമാക്കേണ്ടതാണ്. ഈ ഗവേർണൻസിന്റെയും ഇ-ഓഫീസിന്റെയും സാധ്യതകൾ ഉപയോഗിച്ചു കൊണ്ടും സിവിൽ സർവ്വീസിനെ കൂടുതൽ കർശനമായ അഴിച്ചുപണിയലുകൾക്ക് വിധേയമാക്കിക്കൊണ്ടും സർക്കാർ സേവനങ്ങൾ ചുവപ്പ് നാടയിൽ നിന്നും അഴിമതിയിൽ നിന്നും വിമുക്തമാക്കി ഒരു പുതിയ സേവനസംസ്കാരം കൊണ്ടുവരാൻ സാധിക്കുന്നതാണ്.

തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് മാത്രമല്ല സമൂഹത്തോടും ജനങ്ങളോടുമുള്ള തങ്ങളുടെ കർത്തവ്യങ്ങളെക്കുറിച്ചുകൂടി ബോധ്യമുള്ള ഉദ്യോഗസ്ഥരുടെ ഒരു പുതുനിരയുടെ പ്രസക്തിയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. സേവനങ്ങൾക്കായി സർക്കാർ സ്ഥാപനങ്ങളെ സമീപിക്കുന്ന നികുതിദായകരായ പൊതുജനങ്ങളെ ഒരു ശല്യമായി വീക്ഷിക്കാതെ സേവനം ജനങ്ങൾക്ക് സമയബന്ധിതമായി ലഭ്യമാക്കുക എന്നത് ഒരു ഉദ്യോഗസ്ഥന്റെ വ്യക്തപരമായ ബാദ്ധ്യതയാണ് എന്ന ബോധം ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥ സമൂഹം ഇവിടെ വളരേണ്ടിയിരിക്കുന്നു.

മതിയായ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാതെ വീർപ്പുമുട്ടുന്ന സർക്കാർ സ്ഥാപനങ്ങളിൽ ഇവ ഏർപ്പെടുത്തേണ്ടതും ജീവനക്കാരെ വിശ്വാസത്തെലെടുക്കേണ്ടതും നിയമത്തിന്റെ വിജയകരമായ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ്. ശിക്ഷണ നടപടികൾ ഭയന്നുള്ള സേവനത്തിലുപരി സേവനം പൗരന്റെ അവകാശവും അത് സമയബന്ധിതമായി നൽകേണ്ടത് ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയാണെന്നുമുള്ള ബോധ്യമുള്ള ഒരു ഉദ്യോഗസ്ഥവൃന്ദം ഉള്ളപക്ഷം ഈ നിയമം ഏട്ടിലെ പശുവായി മാറാനുള്ള സാദ്ധ്യത വിദൂരമാണ്. സാങ്കേതിക വിദ്യ ഏറെ വികസിച്ചിട്ടുള്ള പുതിയകാലം ആവശ്യപ്പെടുന്നതും അതാണ്. ■

● പ്രസാദ് വി.

ഔദ്യോഗികഭാഷാ
വകുപ്പുതല സമിതിയുടെ
ആഭിമുഖ്യത്തിൽ നടത്തിയ
കവിതമത്സരത്തിൽ
മൂന്നാം സ്ഥാനത്തിന്
അർഹമായത്

# കാത്തിരുപ്പ്





ഇന്നു കണ്ടോരു പകലോന്റെയായുസ്സും
ചെന്നുവീണിതു പശ്ചിമ പാർശ്വത്തിൽ
കറുത്ത വാവിൻ കരിമ്പടം മൂടിയോൻ
ധരിത്രി മേലൊന്നൊളിച്ചു വന്നീടുന്നു

രാമനാമാലാപമില്ലാതെ വീടുകൾ
അതികാമന വിളമ്പുന്ന 'പെട്ടി'യിൽ
ദൃഷ്ടിയൂന്നി, മനം കുളിർപ്പിച്ചിരിക്കുന്നു;
തങ്ങളിൽ-തങ്ങളിലറിയാതെ

മുല്ല, മുക്കുറ്റി, പാരിജാതങ്ങളും
മെല്ലെ മെല്ലെയായി മിഴിതുറന്നീടുന്നു
ഇരട്ട വാനമായ് തീർക്കുന്നു ഭൂമിയെ
വിശിഷ്ട പ്രകാശമാം മിന്നാമിനുങ്ങുകൾ!

രാത്രിക്കിരുൾ സമമെന്നതുപോലെ
പാർത്തു പാർത്തു കൊടും വിഷവുമേറ്റി
ആയുധ ധാരികളായ് വരുന്നു;
കുടിപ്പകയാലെ-കൊന്നൊടുക്കുവാൻ!

അഴകാർന്ന 'കറുത്ത സുന്ദരി'യ്ക്കു മറയായ്
'പകൽ മാന്യൻമാർ' തേരിരുൾ പായിക്കുന്നു
കാടിന്റെ-നാടിന്റെയന്ത്യ കർമ്മങ്ങൾക്ക്
വഴിച്ചൂട്ടുകറ്റയായ് കാത്തിരിക്കുന്നു

ഈയിരുൾ മാറും പകലോനുദിക്കുകിൽ
മനുജന്റെ മാറിൽ മയങ്ങുമൊരു
പേയിരുൾ മാറുവാൻ ഒരു നവ സൂര്യനായ്
ഗാന്ധിജി മന്നിൽ പുനർ ജനിച്ചീടുമോ?

മുഗ്ധയാം രാത്രിമഴ പോയ് മറഞ്ഞു
സ്ച്ഛമാം നിദ്രയും മാഞ്ഞുപോയ്
സ്വപ്നങ്ങളില്ലാത്ത 'ഇന്നു'കളില്ലാത്ത
നാളെകൾക്കായുള്ള കാത്തിരുപ്പ്....!

● ഷീലാ റൈറ്റസ്



# ഉടഞ്ഞമൺകലം എന്നോട് പറഞ്ഞത്

ആറ്റുകാൽ പൊങ്കാലയുടെ നാളുകളായിരുന്നു അത്. നാഗരത്തിലെ റോഡിനിരുവശത്തും ദിവസങ്ങൾക്കു മുമ്പുതന്നെ പൊങ്കാലയ്ക്കാവശ്യമായ വസ്തുക്കൾ നിറഞ്ഞു. എന്റെ യാത്രകളിൽ നിത്യവും ഞാൻ ആ കാഴ്ചകൾ കാണുന്നുണ്ടായിരുന്നു. മൺപാത്രം, ഇഷ്ടിക, വിറക്, ചെറുകിട അടുക്കള ഉപകരണങ്ങൾ, വള, പൊട്ട്, ചാന്ത് തുടങ്ങി പൊങ്കാലയ്ക്കാവശ്യമായതും സ്ത്രീകളെ ആകർഷിക്കുന്നതുമായ വിവിധ വസ്തുക്കളുടെ പ്രദർശന വില്പന ഇടമായി ആ ഫുട്പാത്തുകൾ മാറി. പല ആകൃതിയിലും വലിപ്പത്തിലുമുള്ള ധാരാളം മൺപാത്രങ്ങൾ ഒന്നിനുപുറത്തൊന്നായി വളരെ വിദഗ്ദ്ധമായി അടുക്കിവച്ചിരിക്കുന്നു. അതിന്റെ തണൽപറ്റി അരികിലായിത്തന്നെ വില്പനക്കാർ വിശ്രമിക്കുന്നു. ബസ്സിറങ്ങിയപ്പോൾ അടുത്തുകണ്ട ഒരു മൺകലം എന്നെ വളെ ആകർഷിച്ചു. വളരെ വലിപ്പമില്ലെങ്കിലും മറ്റുള്ളവയിൽ നിന്ന് ഏറെ വ്യത്യസ്തം. നല്ല ആകാരം, തീയിൽ വെന്തു പാകം വന്ന നിറം. ഒരു മൺകലം എന്നതിലുപരി അതൊരു പെൺകലമെന്നാണ് എനിക്കു തോന്നിയത്. ആറ്റുകാൽ പൊങ്കാലയെന്നാൽ പെണ്ണുങ്ങളുടെ കാര്യമാണല്ലോ. അതുകൊണ്ടാകാം. അതുമല്ലെങ്കിൽ അചേതന വസ്തുക്കളിൽ ആണെന്നോ പെണ്ണെന്നോ വേർതിരിപ്പില്ലല്ലോ എന്ന തോന്നൽ എനിക്ക് ഉണ്ടാകാത്തതിനാലാകാം.

പൊങ്കാല കഴിഞ്ഞതിന്റെ അടുത്തദിവസം രാവിലെ ഓഫീസിലെത്താനായി ബസ് സ്റ്റോപ്പിലേയ്ക്കു നടക്കുമ്പോൾ കണ്ടു– റോഡിനിരുഭാഗത്തും ഇടവഴികളിലുമെല്ലാം അടുപ്പുകൂട്ടി തീ കത്തിച്ചതിന്റെ അടയാളങ്ങൾ. കഴിഞ്ഞ ദിവസം വരെ എന്തായിരുന്നു അവിടുത്തെ ആൾപ്പെരുമാറ്റവും ആരവവും. രണ്ടുനാളുകൾക്കുമുമ്പ് ഞാൻ കണ്ടു മോഹിച്ച ആ മൺകലത്തെ അപ്പോൾ എനിക്കോർമ്മ വന്നു. അത് ഇന്നിപ്പോൾ ഏതൊ ഒരു വീട്ടിൽ, പൊങ്കാല നിവേദ്യം വഹിച്ചതിന്റെ ആത്മനിറവിൽ ജീവിതസാഫല്യത്തിന്റെ നിർവൃതിയിൽ, സ്വസ്ഥമായി, വിശുദ്ധമായി വിശ്രമിക്കുന്നുണ്ടാകണം. ബാക്കിവന്ന മൺകലങ്ങൾ പിന്നെയും അട്ടിയട്ടിയായി അടുക്കിവച്ചിരിക്കുന്നു. തിരികെ കൊണ്ടുപോകാനായിരിക്കും. അന്റെ കണ്ണുകൾ ചെന്നെത്തിയത് മതിലിനരികത്തായി കിടന്ന ഒരു മൺകലത്തിലാണ്. ഞാൻ അതിനടുത്തേയ്ക്കു നടന്നു. അതേ ആ കലം തന്നെ. ആരോ ഉപേക്ഷിച്ചുപോയ ഒരു തോർത്തും ഒഴിഞ്ഞ നെയ്ക്കുപ്പിയും. പാതി കത്തിയ ഒരു കൊതുമ്പിൻ കഷണവുമെല്ലാം അതിന്റെ സമീപമുണ്ട്. മൺകലം പൊട്ടി ഉടഞ്ഞുപോകാറായിരിക്കുന്നു. പാവം തോന്നി. ഞാൻ അതിനെ എന്റെ കരങ്ങളിലെടുത്തു. ആകാരത്തിനും നിറത്തിനും ബാഹ്യമായി കോട്ടം തട്ടിയില്ലെങ്കിലും ആ മൺകലം ഉടഞ്ഞിരിക്കുന്നു. വക്കുമുതൽ ചുവടുവരെ നീണ്ട ഒരു പൊട്ടൽ. ആ മൺകലം എന്നോടെന്തോ പറയുന്നപോലെ തോന്നി. അത് ചിലപ്പോൾ ഇങ്ങനെയാകാം.

“.....തമിഴ്നാട്ടിലെ ഒരു നാട്ടിൻപുറത്താണ് ഞാൻ ജനിച്ചത്. ബാല്യകാലത്ത് ഞാൻ വയലേലകളിലെ കളിമണ്ണിന്റെ രൂപത്തിലായിരുന്നു. പണിക്കാർ കളിമണ്ണ് കോരിയെടുത്ത് കുഴച്ച്, കളത്തിലിട്ട് മെതിച്ച് പതം വരുത്തി. ആ നേരങ്ങളിൽ എന്തുവേദനയാണെന്നോ ഞാൻ അനുഭവിച്ചത്. മണ്ണിലുണ്ടായിരുന്നു കല്ലും കട്ടയുമെല്ലാം നീക്കി ചവിട്ടിയും കോലിനടിച്ചും പാകത്തിലാക്കി എന്നിട്ട് മണ്ണ് ചുമന്ന് പണിശാലയിലെത്തിച്ചു. അവിടെ തറയിൽ സ്ഥാപിച്ചിട്ടുള്ള ചക്രങ്ങൾ ഉണ്ടായിരുന്നു. ചക്രം കറങ്ങുമ്പോൾ കുശവന്റെ വിദഗ്ദ്ധമായ കരചലനങ്ങളിൽ ഭംഗിയുള്ള ചക്രം കറങ്ങുമ്പോൾ കുശവന്റെ വിദഗ്ദ്ധമായ കരചലനങ്ങളിൽ ഭംഗിയുള്ള മൺകലങ്ങൾ രൂപപ്പെട്ടുകൊണ്ടിരുന്നു. എന്റെ ഊഴം വന്നപ്പോൾ കുശവൻ എന്നെ ഉരുട്ടിയെടുത്ത് സശ്രദ്ധം കറങ്ങുന്ന ആ ചക്രത്തിൽ വച്ചു. എനിക്ക് തല കറങ്ങിപ്പോയെങ്കിലും അയാളുടെ കരങ്ങൾക്കുള്ളിൽ എനിക്ക് രൂപാന്തരം വന്നുകൊണ്ടേയിരുന്നു, ഒരു തവണ ഞാൻ ആ ചക്രത്തിൽ ഉടഞ്ഞുവീണപ്പോൾ അയാൾ എന്നെ പിന്നെയും കോരിയെടുത്ത് പറ്റിപ്പിടിച്ചിരുന്ന ഒരു വേരിൻകഷണം എടുത്തുമാറ്റി ഒന്നുകൂടി തല്ലി പതംവരുത്തി പിന്നെയും ചക്രത്തിൽ കറക്കി. ഇടയ്ക്കിടെ ഒരു ബ്രഷ് വെള്ളത്തിൽ മുക്കി എന്നെ നനച്ചുകൊണ്ടിരുന്നു. ഏറ്റവുമൊടുവിൽ ഒരു ചെറിയ അച്ച് എന്റെ ദേഹത്തു ചേർത്തുവച്ചപ്പോൾ കഴുത്തിനു ചുറ്റും ഭംഗിയുള്ള ഒരു ചിത്രപ്പണി രൂപപ്പെട്ടു. പിന്നീട് എന്നെ സൂക്ഷിച്ചെടുത്ത് അല്പമകലെയുള്ള വെളിമ്പ്രദേശത്ത് ഉണങ്ങുവാനായി വച്ചു. ഉച്ചസൂര്യന്റെ കത്തുന്ന ചൂടിൽ ഞാൻ വരണ്ടുപോയി. പക്ഷേ മറ്റൊരു പാത്രത്തിനും എന്റേതുപോലെ കഴുത്തിനുചുറ്റും ചിത്രപ്പണി കണ്ടതേയില്ല. അതറിഞ്ഞപ്പോൾ എനിക്ക് തെല്ല് അഹങ്കാരം തോന്നാതിരുന്നില്ല. കുറച്ചുകഴിഞ്ഞപ്പോൾ

ഒരു സ്ത്രീവന്ന് എന്നെ എടുത്തുകൊണ്ടുപോയി ഒരു ചെറിയ തടിക്കഷണം കൊണ്ട് എന്റെ മേലാകെ ചെറുതായി തല്ലി കോട്ടം തീർത്തു. അപ്പോൾ എന്റെ ശരീരത്തിന് കൗമാരത്തിലേതുപോലെ നല്ല ആകാരവടിവുണ്ടായി. പിന്നെയും രണ്ടോ മൂവ്വോ നാൾ എന്നെ വെയിലത്തുവച്ച് ഉണക്കിയെടുത്ത് ഒരു ഓലപ്പുരയിൽ കൊണ്ടുവച്ചു. വിറകുപുരയാണെന്നാണ് ആദ്യം കരുതിയത്. എല്ലാ കലങ്ങളും അടുക്കിവച്ചു കഴിഞ്ഞിട്ട് മുകളിൽ ചെളികുഴച്ച് നിരത്തി. അല്പംപോലും വായുസഞ്ചാരം ലഭിക്കാതെ ഞാൻ വിഷമിച്ചു. എന്തായിരുന്നു ഇരുട്ട്! കുറച്ചു കഴിഞ്ഞപ്പോൾ ചൂട് അനുഭവപ്പെടാൻ തുടങ്ങി, നിറയെ പുകയും. ഞാൻ അവിടെയിരുന്ന് ചുട്ടുപഴുത്തു. ആരെങ്കിലും ഒന്നുവന്ന് സഹായിച്ചിരുന്നെങ്കിൽ എന്ന് തോന്നിപ്പോയ നിമിഷങ്ങൾ. വിറകെല്ലാം എരിഞ്ഞ് തീർന്ന് ചൂള തണുത്തപ്പോൾ അവർ എന്നെ പുറത്തെടുത്തു. മറ്റുപാത്രങ്ങളെ ഞാൻ നോക്കി. ചിലത് വെള്ളപ്പാണ്ട് പിടിച്ചതുപോലെ. ചിലത് കറുത്തു കരിഞ്ഞ്. ചിലത് വക്കുപൊട്ടിയത്. അക്കൂട്ടത്തിൽ ഞാനായിരുന്നു ഏറ്റവും സുന്ദരി. എന്റെ ശരീരം നന്നായി ഉറച്ച് യൗവ്വനയുക്തയായപോലെയായി. മറ്റുള്ളവരോടൊപ്പം എന്നെ വയ്ക്കോലിൽ പൊതിഞ്ഞു സൂക്ഷിച്ചുവച്ചു.



നാളുകൾ കഴിഞ്ഞു. അവിടെ നിന്ന് കലങ്ങൾ പെറുക്കിയെടുത്ത് എങ്ങോട്ടോ കൊണ്ടുപോകുന്നുണ്ടായിരുന്നു. ഒരു നാൾ ഒരാൾ എന്നെയെടുത്തു വായുവിലേയ്ക്ക് ഒറ്റയേറ്. മറ്റൊരുവന്റെ കൈകളിലാണ് ഞാൻ ചെന്നുപതിച്ചത്. അവർ എന്നെ ഒരു ലോറിയിൽ കയറ്റിയതായിരുന്നു. അവിടെ നിന്ന് നേരെ തിരുവനന്തപുരത്തേയ്ക്ക്. അതൊരു തീർത്ഥാടനയാത്ര പോലെ എനിക്കനുഭവപ്പെട്ടു. എത്തേണ്ടിടത്തു എത്തിയപ്പോൾ രാത്രിയായി. എന്നെ വഴിയരികിൽ ഇറക്കിവച്ചു. മറ്റുള്ളവരും ഉണ്ടായിരുന്നതുകൊണ്ട് പേടി തോന്നിയതേയില്ല. അവിടെ ഒരു സ്ത്രീയാണ് കൈകാര്യം ചെയ്തത്. എന്നെ മറ്റാരും കൊണ്ടുപോകാതിരിക്കാൻ ആ സ്ത്രീ കണ്ണിലെണ്ണയൊഴിച്ച് കാവലിരുന്നു. അവിടെ പൊങ്കാലയാവശ്യത്തിനു കൊണ്ടുവന്നതാണെന്നു പറയുന്നതു കേട്ടു. എനിക്കു നൂറ് രൂപയാണ് വിലയിട്ടതെന്ന് കേട്ടപ്പോൾ ഉള്ളം കുളിർത്തു. ഞാൻ ഇത്രയും വിലപ്പെട്ടവളാണെന്നോ! വരാനിരിക്കുന്ന നല്ല നാളുകളെക്കുറിച്ച് ഞാൻ സ്വപ്നം കൊണ്ടു- ആരെങ്കിലും ഒരാൾ വന്ന് എന്നെ വിലയ്ക്കു വാങ്ങും. എന്നിട്ട് എന്നെ തലോടി, ഓമനിച്ച്, കരങ്ങളിലേന്തി, സുരക്ഷിതമായി ഒരിടത്ത് വയ്ക്കും. അവിടെ പലരും എന്നെ കാണാൻ വരും. കയ്യിലെടുത്തുനോക്കും, വിലയെത്രയാണെന്നു ചോദിക്കും. എന്റെ കഴുത്തിലെ ഭംഗിയുള്ള ചിത്രപ്പണി കണ്ട് അത്ഭുതപ്പെടുകയോ അസൂയപ്പെടുകയോ ചെയ്യും. പൊങ്കാല ദിവസം രാവിലെ അവർ എന്നെ കഴുകി വെള്ളമൊഴിച്ച് പുതിയ അടുപ്പിൽ വയ്ക്കും. ദേഹത്ത് ചന്ദനവും കുങ്കുമവും ചാർത്തും. ചിലപ്പോൾ കഴുത്തിലൊരു മുല്ലപ്പൂമാലയും ചൂടിക്കുമായിരിക്കും. കൊളുത്തിയ നിലവിളക്കിനും കത്തിച്ച ചന്ദനത്തിരിക്കും പിറകിൽ നമ്രശിരസ്ക്കയായ ഒരു നവവധുവിനെപ്പോലെ ഞാൻ ഇരിക്കും. അരിയും, തേങ്ങയും, ശർക്കരയുമിട്ട് പൊങ്കാല പായസം വേവുമ്പോൾ ഞാൻ ലോകത്തിലേറ്റവും സന്തോഷവതിയായി മാറും. എന്റെ ജന്മസാഫല്യമതാണല്ലോ. പൊങ്കാല പാകമായി കഴിയുമ്പോൾ ഒരു ചെറുവാഴയിലവച്ച് എന്നെ മൂടി വയ്ക്കും. ഇനിയാണ് എന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷങ്ങൾ. ശാന്തിക്കാരൻ തീർത്ഥജലം എന്റെ പുറത്തു തളിക്കുന്ന രംഗമോർത്തപ്പോൾ ആത്മനിർവൃതി കൊണ്ടു.....

അതെല്ലാം വെറും സ്വപ്നങ്ങളായിരുന്നു. തകർന്നു തരിപ്പണമായ പാഴ്കിനാവുകൾ. എന്താണ് പറ്റിയതെന്നറിയേണ്ടേ? വഴിയരികിൽ വച്ചിരുന്ന എന്നെ ഒരു സ്ത്രീ വന്ന് എടുത്തു നോക്കി വില ചോദിച്ചു. പിന്നെ വലതുകൈയിലെ ചൂണ്ടുവിരൽ മടക്കി ഒന്നു മുട്ടിനോക്കി. അങ്ങനെ പലരും അത് ആവർത്തിച്ചപ്പോൾ എന്റെ ശരീരം പൊട്ടിപ്പിളരുന്നതുപോലെ തോന്നി. വേദനകൊണ്ട് ഞാൻ പിടഞ്ഞുപോയി. എന്നെ ആർക്കും വേണ്ടാതായപ്പോൾ വില്പനക്കാരി എടുത്തു നോക്കി. വക്കുമുതൽ ചുവടുവരെ ഒരു വിണ്ടുകീറൽ. അവർ ശപിച്ചുകൊണ്ട് എന്നെ വഴിയരികിലേയ്ക്ക് ഒറ്റയേറ്. എന്റെ കൂട്ടത്തിലുണ്ടായിരുന്നവരെല്ലാം ഇപ്പോൾ പൊങ്കാല പായസം വഹിച്ച്, തീർത്ഥ ജലത്തിൽ കുളിച്ച്, ഏതോ വീടുകളിൽ, ആർക്കെല്ലാമോ ആസ്വാദ്യത പകർന്ന്...

മൺകലത്തിന്റെ മനോഗതം എന്നിൽ ഒരു നെടുവീർപ്പുളവാക്കി. ഞാൻ വാച്ചിലേയ്ക്കു നോക്കി. ഓഫീസിലെത്താൻ സമയമായിരുന്നു. ഉടഞ്ഞ മൺകലം അത് ഇരുന്നിടത്തുതന്നെ ഞാൻ വച്ചു. ആ പെൺകലത്തിന്റെ ആത്മകഥയിൽ വർത്തമാനകാലത്തിലെ പിച്ചിച്ചീന്തപ്പെടുന്ന സ്ത്രീത്വത്തിന്റെ പ്രതിഫലനങ്ങളാണ് ഞാൻ കണ്ടത്. ■

● മല്ലികാദേവി ജെ.





# ലാൽസലാം

ചോരതുടിക്കും രണാങ്കണത്തിൽ
നീതിക്കായി മരിച്ചവരെ
നീതിക്കായി മരിച്ചവരെ
ലാൽ സലാം.... ലാൽ സലാം

വിപ്ലവവീഥികൾ ഞങ്ങൾക്കേകിയ
ചുടുരക്തത്തിൻ ധീരതയിൽ
നീതിക്കായി പോരാടും ഞങ്ങൾ
നീതിക്കായി പോരാടും
ലാൽ സലാം.... ലാൽ സലാം

അഴിമതി ഞങ്ങൾ തുടച്ചുമാറ്റി
സത്യത്തിൻ കൊടി പാറിക്കും
സത്യത്തിൻ കൊടി പാറിക്കും
ലാൽ സലാം.... ലാൽ സലാം

പൂർവ്വികർ ചിന്തിയ രക്തത്തുള്ളികൾ
പകർന്നുനൽകിയ ബോധതലത്തിൽ
സമത്വസുന്ദര ഭരണത്തിൻ നറു
മലരുകളിവിടെ വിരിയിക്കും
മലരുകളിവിടെ വിരിയിക്കും
ലാൽ സലാം.... ലാൽ സലാം

അടിച്ചമർത്തലിൽ തളരില്ല
അദ്ധ്വാനത്തിൻ വിയർപ്പുതുള്ളികൾ
അജയ്യമാക്കും പാതയിലൂടെ
ചെങ്കൊടിയേന്തി മുന്നേറും ഞങ്ങൾ
ചെങ്കൊടിയേന്തി മുന്നേറും
ലാൽ സലാം.... ലാൽ സലാം

ജാതിമതത്തിന്നതീതമായൊരു
സുന്ദര സുരഭില ഭൂമിയൊരുക്കും
സുന്ദര സുരഭില ഭൂമിയൊരുക്കും
ജനാധിപത്യ ശ്രീകോവിലിൽ
മാറ്റത്തിൻ ശംഖൊലി കേൾപ്പിക്കും
മാറ്റത്തിൻ ശംഖൊലി കേൾപ്പിക്കും
ലാൽ സലാം.... ലാൽ സലാം

അദ്ധ്വാനത്തിൻ ജീവജലത്താൽ
അടിമച്ചങ്ങല പൊട്ടിക്കും
അടിമച്ചങ്ങല പൊട്ടിക്കും
തൊഴിലാളികൾ തന്നുരുക്കു മുഷ്ടികൾ
മുതലാളിത്ത കോട്ട തകർക്കും
മുതലാളിത്ത കോട്ട തകർക്കും
ലാൽ സലാം.... ലാൽ സലാം

അക്ഷരമാകും ആയുധമേന്തി പോരാടും
ഞങ്ങൾ ആയുധമേന്തി പോരാടും
വിജയക്കാഹള ഗീതികൾ പാടി
മുന്നേറും ഞങ്ങൾ മുന്നേറും
ചെങ്കൊടിയേന്തി മുന്നേറും
ലാൽ സലാം.... ലാൽ സലാം
ലാൽ സലാം.... ലാൽ സലാം
ലാൽ സലാം.... ലാൽ സലാം

● കല്യാണിക്കുട്ടി എം.വൈ.




# കൊതുകിന്റെ മരണപത്രം



എറണാകുളം ജില്ലയിൽ ആമകേറാമല അംശത്തിൽ കാനക്കുഴി തറവാട്ടിൽ കൊതുകുരാമപ്പണിക്കർ എന്ന ഞാൻ തറവാട്ടുഭാഗമായി കിട്ടിയതും സ്വന്തമായി സമ്പാദിച്ചതും ആയ സമ്പൂർണ്ണ വസ്തുക്കളിന്മേലുള്ള അവകാശം സ്വന്തം സന്താനങ്ങൾക്ക് യഥാസമയം കൈമാറ്റം ചെയ്യുന്നതിന് സ്വബോധത്തോടെയും സ്വമനസ്സാലേയും ഒപ്പിട്ട വിൽപ്പത്രം.

1. എന്റെ മൂത്തമകനായ രക്തകണ്ഠപണിക്കർക്ക് ഞാൻ താമസിക്കുന്ന കാനക്കുഴി വീടും അതിനോടു ചേർന്ന 42 സെന്റ് ചതുപ്പുനിലവും നൽകണം.

2 എന്റെ രണ്ടാമത്തെ മകൻ നിശാചരപ്പണിക്കർക്ക്, കുലത്തൊഴിൽ കൊണ്ടുനടത്തി അയൽക്കാരുടെ ഉറക്കം കെടുത്തിയവനായതുകൊണ്ടും, തറവാടിന്റെ അഭിവൃദ്ധിക്കായി, ക്ഷേമത്തിനായി, രാവാകെ പ്പണിയെടുത്ത് ധാരാളം ചോര സമ്പാദിച്ചിട്ടുള്ളവനായതുകൊണ്ടും ഞാൻ സ്വന്തമായി സമ്പാദിച്ചിട്ടുള്ള ചേറ്റുകുളം പുരയിടവും അതിലുള്ള ചപ്പുചവറാദി വസ്തുവകകളും നൽകണം.

3. എന്റെ ഏക മകളായ രജനീദേവിക്ക് അവളുടെ വിവാഹം വരെ സ്വന്തമായും വിവാഹശേഷം അവളോടൊപ്പം ഭർത്താവിനും സന്താനങ്ങൾക്കും അനുഭവിക്കാനുള്ള അവകാശത്തോടെ കാലാകാലമായി ഞാൻ സ്വരൂപിച്ചിട്ടുള്ള നൂറുകുടം രക്തം നൽകണം.

4. എന്റെ ഏറ്റവും ഇളയമകനായ മശകകുമാർ അലസനും മന്ദബുദ്ധിയും ആകയാലും, രാത്രിപോലും പണിയെടുക്കാതെ കുടുംബത്തിനും ഭാരമായി വർത്തിച്ചിട്ടുള്ളവനായതുകൊണ്ടും നഗരത്തിലെ ആമനഗർ കോളനിയിലെ ടോർട്ടോയ്സ് ഗാർഡൻസ് ബംഗ്ലാവും അതിനോടു ചേർന്നുള്ള നിലവും നൽകണം. പരിസരവാസികളെല്ലാം ആമത്തിരി പുകയ്ക്കുന്നതിനാൽ അന്നന്നുള്ള ചോരയ്ക്ക് മശകകുമാർ വളരെ കഷ്ടപ്പെടേണ്ടി വരുമെന്നു ഞാൻ വ്യസനപൂർവ്വം ഓർക്കുന്നു. എന്നിരുന്നാലും ദിവസം രണ്ടു നേരമെങ്കിലും ഓരോ തുള്ളി രക്തമെങ്കിലും കഴിക്കാനില്ലാതെ വരുമ്പോൾ അവന്റെ ബുദ്ധി തെളിയുമെന്നും പരിസര മലിനീകരണത്തിലൂടെ സമുദായ സംരക്ഷണത്തിൽ അവൻ ശ്രദ്ധ ചെലുത്തുമെന്നും പൊതുജനശല്യത്തിലൂടെ കാനക്കുഴി തറവാടിന്റെ സത്പേരും അന്തസ്സും നിലനിർത്തണമെന്നും ഉള്ള പ്രതീക്ഷയിലാണ് ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നത്.

മേൽപ്പറഞ്ഞ വസ്തുവകകളിന്മേലുള്ള അവകാശം എന്റെ സഹധർമ്മിണിയായ രക്തമയിദേവിയുടെ മരണാനന്തരമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂ. അതിനു മുൻപ് രക്തമയീദേവിക്ക് പരാശ്രയം വേണ്ടിവന്നാൽ അതിനു വേണ്ട സംരക്ഷണ ചെലവു മുഴനും ടി രക്തകണ്ഠപ്പണിക്കർ, ടി നിശാചരപ്പണിക്കർ, ടി രജനീദേവി, ടി മശകകുമാർ എന്നിവർ ചേർന്ന് വഹിക്കേണ്ടതാണ്.

ഈ വിൽപ്പത്രത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളിൽ അവ നടപ്പാക്കുന്ന സമയത്തോ അതിനു മുൻപോ യുക്തമെന്നു തോന്നുന്ന മാറ്റങ്ങൾ വരുത്തുവാൻ എന്റെ വിശ്വസ്ത മിത്രവും അഭിഭാഷകനുമായ അഡ്വ. വർഗീസ് വളക്കുഴിക്ക് കൊതുകുരാമപ്പണിക്കർ എന്ന ഞാൻ ഇതിനാൽ സർവ്വ മുക്ത്യാർ നൽകിക്കൊള്ളുന്നു.

(ഒപ്പ്)
കൊതുകു രാമപ്പണിക്കർ

സാക്ഷികൾ :

1. അഡ്വക്കേറ്റ് വർഗീസ് വളക്കുഴി
2. കുണ്ടുകുഴിയിൽ കുട്ടികൃഷ്ണൻ
3. ചേറ്റുകണ്ടത്ത് റപ്പായി

● ഷാജു എസ്.


# കാടിന്റെ മക്കൾ






മറന്നുവോ നിങ്ങൾ ഞങ്ങളെ...
ഞങ്ങൾ കാട്ടുമക്കൾ പരിഷ്ക്കാരികളായ
നിങ്ങൾക്ക് ഞങ്ങൾ അപരിഷ്കൃതർ...
ഞങ്ങളുടെ ദൈവങ്ങളായ മരങ്ങളെ
നിങ്ങൾ ചുട്ടും കൊന്നും തള്ളിക്കൊണ്ടേയിരിക്കുന്നു...
അപൂർവ്വങ്ങളായ ഞങ്ങളുടെ ഔഷധങ്ങൾ
എന്നന്നേക്കുമായി നിങ്ങൾ ചൂഷണം ചെയ്തു
ഞങ്ങളുടെ പെൺകുഞ്ഞുങ്ങളുടെ കന്യകാത്വം
കവർന്നെടുത്തു നിങ്ങൾ കടന്നു കളഞ്ഞു
നിങ്ങൾ നിൽകിയ മദ്യത്തിലും മയക്കുമരുന്നിലും
മുങ്ങി ഞങ്ങളുടെ തലമുറ അന്ധരാകുന്നു... ഭ്രാന്തരാകുന്നു...
ബാല്യത്തിലേ അമ്മമാരായ ഞങ്ങളുടെ
പെൺകുഞ്ഞുങ്ങൾ വിലപിച്ചുകൊണ്ടേയിരിക്കുന്നു.
നിങ്ങളുടെ വൃത്തികെട്ട ഗദകളാൽ
ഞങ്ങളുടെ പെണ്ണുങ്ങളുടെ മാനം വലിച്ചഴിച്ചുകൊണ്ടേയിരിക്കുന്നു.
അവരുടെ പ്രസവിക്കാനുള്ള അവകാശം പോലും നിങ്ങൾ
നിഷേധിച്ചുകൊണ്ടേയിരിക്കുന്നു.
അന്ന് ഞങ്ങൾ പാട്ടുപാടി മഴ പെയ്യിക്കുമായിരുന്നു....
തൂണുകളിൽ സപ്തസ്വരം നിറച്ചിരുന്നു
അന്ന് സർവ്വകലാശാലകളും ഡോക്ടറേറ്റുകളുമില്ലായിരുന്നു.
എന്നിട്ടും ഞങ്ങൾ ഒരിക്കലും മരിക്കാത്തോകാവ്യങ്ങളും കഥകളും സൃഷ്ടിച്ചു.....!!!
വാത്മീകിയും വ്യാസനും കാളിദാസനുമെല്ലാം
ഞങ്ങളിലുള്ളവരായിരുന്നു.
നിങ്ങളുടെ രാമന്റെ വാമഭാഗമായ സീത
ഞങ്ങളുടെ മണ്ണിന്റെ മകളായിരുന്നു....
ഞങ്ങളുടെ അംശമായ രാവണനെ കൊല്ലുവാനായി
നിങ്ങളുടെ രാമനുവേണ്ടി മലയും കാടും പറിച്ചെടുത്ത്....
കടലിൽ പാലം കെട്ടിയതും ഞങ്ങളായിരുന്നു.
അന്നേ നിങ്ങൾ ഞങ്ങളുടെ കുലത്തിന്റെ (പ്രകൃതിയുടെ)
വേരറുത്തിരുന്നു.
അധികാരത്തിനും പെണ്ണിനും പൊന്നിനും വേണ്ടി

ഞങ്ങളിലുള്ളവർ ഞങ്ങളെ ഒറ്റിക്കൊടുത്തു.
ഞങ്ങളെ നിങ്ങൾ ഭിന്നിപ്പിച്ചു പോരടിപ്പിച്ചു
കൊണ്ടേയിരിക്കുന്നു....
ഞങ്ങളുടെ സീതമാരേയും ഘടോൽഘജൻമാരെയും
ബാലിമാരേയും ഏകലവ്യന്മാരേയും
മഹാബലിയേയുമൊക്കെ നിങ്ങൾ
ചതിച്ചും കൊന്നും കൊണ്ടേയിരുന്നു.
ഞങ്ങൾ കാടിന്റെ മക്കൾക്ക് കല്ലും മരങ്ങളുമായിരുന്നു
ആയുധങ്ങൾ നിങ്ങൾ ഇരുമ്പുമായി വന്ന്
ഞങ്ങളെ കീഴടക്കി...
സൂര്യനും ചന്ദ്രനും വായുവും ആകാശവും
മരങ്ങളും ഭൂമിയുമെല്ലാം ഞങ്ങളുടെ ദൈവങ്ങളായിരുന്നു.
ബിംബങ്ങളും ആയുധങ്ങളുമായി വന്ന് ഞങ്ങളുടെ
ദൈവങ്ങളെ നശിപ്പിച്ചുകൊണ്ടേയിരിക്കുന്നു.
ഞങ്ങളുടെ വേദങ്ങളും പുരാണങ്ങളും ഉപനിഷത്തുക്കളുമെല്ലാം
നിങ്ങളുടേതാക്കി മാറ്റി.
പിന്നെ ഞങ്ങൾ കറുത്തവരുടെ മുകളിലേക്ക്
നിങ്ങളുടെയൊരു കടന്നുകയറ്റമായിരുന്നു.
ഞങ്ങളുടെ രാമരാജ്യം ആകമാനം
നിങ്ങൾ അന്ധന്മാരായ കൂനിയ രാമന്മാരുടെ
രാജ്യമാക്കി മാറ്റിക്കൊണ്ടേയിരിക്കുന്നു.
ഞങ്ങളുടെ കാടായ വീടിനെ നിങ്ങൾ തകർത്തു....!!!
മലകളെ തകർത്തു....!!! കാവുകളെയും കുളങ്ങളെയും
നദികളെയും എല്ലാം നിങ്ങൾ തകർത്തു...!!!
നിങ്ങൾ തരിശാക്കിയ ഞങ്ങളുടെ മണ്ണിനു മുകളിൽ
നിങ്ങൾ കൊട്ടാരങ്ങളും ഫ്ളാറ്റുകളും വാഹനങ്ങളും
ഫാക്ടറികളും വിഷം വമിക്കുന്ന ആയുധപ്പുരകളും പണിതു.
ഞങ്ങളുടെ വായുവിനേയും ജലത്തേയും
നിങ്ങൾ എന്നന്നേക്കുമായി മലിനമാക്കിക്കൊണ്ടേയിരിക്കുന്നു....
ഞങ്ങളുടെ സൂര്യദേവന്റെ മുഖം നിങ്ങൾ
എറിഞ്ഞുടച്ചുകളഞ്ഞു...!!!
അന്ന് ഞങ്ങൾക്ക് രോഗങ്ങളില്ലായിരുന്നു
ആശുപത്രികളില്ലായിരുന്നു
അലോപ്പതിയുമായ് വന്ന് നിങ്ങൾ ഞങ്ങളെ
രോഗികളാക്കി കൊണ്ടേയിരിക്കുന്നു
ഞങ്ങളുടെ അവയവങ്ങൾ പോലും നിങ്ങൾ
വിറ്റുകൊണ്ടേയിരിക്കുന്നു.
അടിമകളാക്കിയും പാദസേവകരാക്കിയും
ഞങ്ങളെ പീഡിപ്പിച്ചുകൊണ്ടേയിരിക്കുന്നു.
സത്യ പറഞ്ഞ് എതിർത്തവരെയൊക്കെ
നിങ്ങൽ നിഷ്കരണം കൊന്നുകളഞ്ഞു.
ഞങ്ങളുടെ ജീവിക്കാനുള്ള അവകാശംപോലും
നിങ്ങൾ തീറെഴുതികൊടുത്തു.
ഞങ്ങളുടെ മക്കളുടെ ആയുസിന്റെ രഹസ്യമറിയാൻ
രക്തമൂറ്റിയെടുത്ത് കോടികൾക്ക് വിൽക്കുന്നു.
ഞങ്ങളിലുണ്ടായിരുന്ന അമൂല്യമായതെല്ലാം
നിങ്ങളൂറ്റി കുടിച്ചു.
ചെന്നായ്ക്കളെപ്പോലെ നിങ്ങൾ ഞങ്ങളെ
വട്ടമിട്ടുകൊണ്ടേയിരിക്കുന്നു....!!!
ഞങ്ങൾ കാടിന്റെ മക്കൾ.... ശോഷിച്ച്.... ശോഷിച്ച്
എന്നന്നേക്കുമായ്....



● ആർ.പി. വേണുഗോപാൽ

# പഞ്ചാംഗം



ആർഷഭാരതം ലോകത്തിന് നിൽകിയ മഹത്തായ സംഭാവനകളിൽ ഒന്നാണ് ജ്യോതിശാസ്ത്രം. വേദകാലം മുതൽ ഉള്ള ജ്യോതിഷത്തിന്റെ അടിസ്ഥാനശിലകൾ എന്നു വിശേഷിപ്പിക്കുന്നത് നവഗ്രഹങ്ങളാണ്. സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, കേതു ഇവയാണ് നവഗ്രഹങ്ങൾ. എന്നാൽ കേരള ജ്യോതിഷത്തിൽ ഗുളികന് (മാന്ദിയ്ക്ക്) പ്രധാന പങ്കുണ്ട്. ഈ ഗ്രഹങ്ങളുടെ സ്ഥാനങ്ങളും സഞ്ചാരവും ഒരു വ്യക്തിയുടെ ഭൂത-വർത്തമാന-ഭാവിഫലങ്ങൾ കുറിക്കുന്നത്.

ഈ ലേഖനത്തിൽ പ്രധാനമായും പഞ്ചാംഗ വിഷയത്തെ കുറിച്ചാണ് ചർച്ച ചെയ്യുന്നത്. പഞ്ചാംഗം എന്നാൽ അഞ്ച് അംഗം എന്നർത്ഥം. ഒരു ദിവസത്തിലെ ഏതൊരു സമയത്തെയും ശുഭാശുഭങ്ങൾ ചിന്തിയിക്കുന്നത് പ്രധാനമായും അഞ്ചുകാര്യങ്ങൾ കൊണ്ടാണ്. അവ വാരം, താരം, തിഥി, കരണം നിത്യയോഗം എന്നിങ്ങനെയാണ്.

സൂര്യൻ മുതൽ ശനി വരെയുള്ള സപ്തഗ്രഹങ്ങൾ ആണ് വാരങ്ങളുടെ അധിപന്മാർ. വാരം എന്നാൽ ആഴ്ച എന്നർത്ഥം. സൂര്യന്റെ വാരത്തെ ഞായറെന്നും ചന്ദ്രന്റെ വാരത്തെ തിങ്കളെന്നും, ചൊവ്വയുടെ വാരത്തെ ചൊവ്വ എന്നും ബുധന്റെ വാരത്തെ ബുധൻ എന്നും വ്യാഴത്തിന്റെ വാരത്തെ വ്യാഴം (ഗുരു) എന്നും വെള്ളിയുടെ വാരത്തെ ശുക്രനെന്നും ശനിയുടെ വാരത്തെ ശനിയെന്നും വിളിക്കുന്നു. അതിൽ തിങ്കൾ. ബുധൻ, വ്യാഴം, വെള്ളി ഇവ ശുഭവാരങ്ങളും പാപന്റെ വാരങ്ങളായ ഞായർ, ചൊവ്വ, ശനി ഇവ അശുഭവാരങ്ങളും ആണ്. എന്നാൽ ഞായർ ഇക്കാലത്ത് ആറും അശുഭമായി കരുതാറില്ല.




'താരം' എന്നാൽ 'നക്ഷത്രം' എന്നർത്ഥം. ആകെ 27 നക്ഷത്രങ്ങൾ 'അഭിജിത്ത്' 28-ാമത്തെ നക്ഷത്രമായി ജ്യോതിഷത്തിൽ പറയുന്നു. ഇതിൽ 16 എണ്ണം ഊൺ നാളുകൾ എന്ന് വിളിക്കുന്നു. ഇവ ശുഭകാര്യങ്ങൾക്ക് ഉപയോഗിക്കുന്നു. ചന്ദ്രനെ അടിസ്ഥാനമാക്കിയാണ് നക്ഷത്രങ്ങൾ പറയുന്നത്.

ഭൂമിയിൽ നിന്ന് നോക്കുമ്പോൾ സൂര്യനിൽ നിന്നും ചന്ദ്രൻ 12° വീതം ഓരോ ദിവസം സഞ്ചരിക്കുന്നതിനെയാണ് തിഥി എന്നു പറയുന്നത്. വെളുത്ത പക്ഷത്തിൽ 15 തിഥികളും കറുത്ത പക്ഷത്തിൽ 15 തിഥികളും ആയി ആകെ 30 തിഥികളുണ്ട്. തിഥികളിൽ ശുഭവും അശുഭവും ഉണ്ട്. അമാവാസി ചതുർത്ഥി, അഷ്ടമി, നവമി, ചതുർദശി ഇവയാണ് അശുഭതിഥികൾ. ബാക്കി ശുഭ തിഥികളാണ്. എങ്കിലും കറുത്ത പക്ഷത്തിലെ അഷ്ടമിയെ (കൃഷ്ണാഷ്ടമി) ചില ശുഭകാര്യങ്ങൾക്ക് എടുക്കാറുണ്ട്.

തിഥിയുടെ പകുതിയാണ് കരണം. 60 എണ്ണമുണ്ട്. ഒരുദിവസം പകലും രാത്രിയുമായി രണ്ടു കരണങ്ങൾ ഉണ്ട്. കരണങ്ങളെ രണ്ടുവിഭാഗമായി തിരിക്കുന്നു. ചരകരണങ്ങളും സ്ഥിര കരണങ്ങളും. സിംഹം, പുലി (വ്യാഘ്രം), പന്നി, കഴുത, ആന, പശു (സുരഭി), വിഷ്ടി തുടങ്ങിയ ചരകരണങ്ങളും പുള്ള്, നാൽക്കാലി, പാമ്പ്, പുഴു തുടങ്ങിയ സ്ഥിര കരണങ്ങളും. സ്ഥിരകരണങ്ങൾ ശുഭകരമല്ല. ശുഭകർമ്മങ്ങൾക്ക് സ്ഥിരകരണങ്ങൾ നാലും വിഷ്ടിയും ഒഴിവാക്കണം.

സൂര്യചന്ദ്രന്മാരുടെ സ്ഫുടങ്ങളെ കൂട്ടി അവ ഏത് രാശിയിൽ വരുന്നു എന്ന് കണക്കാക്കുന്നത് ആണ് നിത്യയോഗം. നിത്യയോഗങ്ങൾ 27 എണ്ണമാണ്. അവയിൽ വിഷ്കംഭം:, അതിഗണ്ഡ, ശൂലം, ഗണ്ഡ, വ്യഘാതം, ഹർഷണം, വ്യതിപാതം, പരിഘ:, വൈധൃതി ഇവ അശുഭങ്ങളാണ്.

ഇവ പരിശോധിച്ച് ദിവസം ശുഭമോ അശുഭമോ എന്ന് നിശ്ചയിക്കാം. ■

● എം.കെ. രാജൻ


# ചാഞ്ഞുവീഴുന്ന മഴത്തുള്ളികൾ....

ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കഥാമത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായത്



**വൃശ്ചികം-10**

മഞ്ഞിന്റെ ഇനിപ്പിറങ്ങിയ കാറ്റ് വീശിക്കൊണ്ടിരുന്നു. മലയിറങ്ങി വരുന്ന തണുത്ത കാറ്റിന്റെ അലുക്കുകളെ പ്രതിരോധിക്കാനുള്ള കെല്പില്ലാതെ തോളിലെ ഭാരവും പേറി അയാൾ ഏന്തിവലിഞ്ഞു നടന്നു. പന്ത്രണ്ടു വയസ്സുള്ള അയാളുടെ മകൾ അയാൾക്കൊപ്പമെത്താൻ വല്ലാതെ പാടുപെടുന്നുണ്ടായിരുന്നു.



ഇടയ്ക്ക് അയാൾ ഒന്നു തിരിഞ്ഞുനോക്കി. തിന്നാതെയും കുടിക്കാതെയും ഉറങ്ങാതെയും തളർന്നവശയായ മകളുടെ കണ്ണുകൾ അപ്പോഴും നിറഞ്ഞു തൂകുന്നുണ്ടായിരുന്നു.

“അപ്പാ”

അവളറിയാതെ വിളിച്ചുപോയി.

“നമുക്കിത് ഇത് ഇവടെ ഇട്ടേച്ചെങ്ങാനും പോയാലോ.... അപ്പന്... ഇദ് താങ്ങാനും കൂടി പറ്റാണ്ടായില്ലേ....”

അയാളുടെ കണ്ണുകളും തുളുമ്പി. അയാൾ ഒരു കൈകൊണ്ട് മകളെ ചേർത്തു പിടിച്ചു.

“അങ്ങനെ പറേര്ത്...ഇദ്...നിന്റെ അമ്മയാണ്... എന്റെ... ന്റെ ജീവന്റെ പാതിയാണ്.....”

“ആർക്കും വേണ്ടെങ്കിലും നമ്മക്കിത് പഴന്തുണി പോലെ വലിച്ചെറിയാമ്പറ്റോ....” ഒരു നിമിഷം ഉത്തരമില്ലാതെ അവളും പകച്ചു പോയി. അതൊരു വർഷമാരിയായി രണ്ടുപേരുടെ കണ്ണുകളെ വീണ്ടും പെയ്യിച്ചു.

മകളെ... നിനക്കറിയുമോ ഇതുപോലൊരു മഞ്ഞുമാസത്തിലായിരുന്നു നിന്റെയും ജനനം. നീ ജീവിക്കുമെന്നുറപ്പില്ലാതെ പാതിജീവനായ നിന്നെയും എടുത്തു കൊണ്ട് ഒരു ധർമ്മാശുപത്രിയിലെ വരാന്തയിലൂടെ അപ്പാ ഓടി... ഡോക്ടറുടെ അടുത്തെത്താൻ താമസിക്കാതിരുന്നതു കൊണ്ട് നിന്നെ ഞങ്ങൾക്കു കിട്ടി.

പിന്നെയും എത്ര ഋതുക്കൾ മാഞ്ഞു തെളിഞ്ഞു. പന്ത്രണ്ടു വർഷങ്ങൾ... ഒരു വ്യാഴവട്ടക്കാലം... വിധി അതേ രൂപത്തിൽ; ഒരു വ്യത്യാസം....

തോളിൽ ഇപ്പോൾ നിത്യനിദ്രയിലായ നിന്റെ അമ്മയാണ്... ന്റെ... എന്റെ... പാതിപ്രാണനാണ്....

തണുത്ത കാറ്റ് വീശിയടിച്ചു. മരക്കൂട്ടങ്ങളിലെ മഞ്ഞുതുള്ളികളും കൂടി ആ കാറ്റത്തുലഞ്ഞ് അവരുടെ മേലേയ്ക്ക് പതിച്ചു. അയാൾ വീണ്ടും നടക്കാൻ തുടങ്ങി.

അയാൾ ഓർത്തു. വൃശ്ചികമെന്നാൽ തേൾ എന്നാണ്. തേൾ...

ഓർമ്മകൾ ഉള്ളിൽ കലമ്പിപ്പെരുക്കുകയാണ്. പത്രക്കടലാസ്സിന്റെ മുഷിഞ്ഞ നിറത്തിൽ... അയാൾക്ക് പേരറിയാത്ത ഏതോ ഒരു രോഗത്തിന്റെ പേരിനൊപ്പെ തേളിന്റെ ചിത്രമായിരുന്നില്ലേ... അല്ല... ഞണ്ടിന്റെ... ഇല്ല.... കൃത്യതയില്ല... ഓർമ്മകൾ അങ്ങനെയാണ്. അസ്വസ്ഥമാകുന്ന മനസ്സുകളിൽ യഥാർത്ഥ രൂപങ്ങളായിരിക്കില്ല പതിയുന്നത്.

രോഗാവസ്ഥ നരകാവസ്ഥയാണ്. കാശും സമ്പത്തുമില്ലാത്തവന്റെ കാര്യത്തിൽ തന്റെ അവസ്ഥയ്ക്കു സമാനം...

ചെറിയ വീടിന്റെ അകത്തെ മുറിയിൽ തളർന്നൊട്ടി വേദനിച്ച് തന്റെ പ്രാണന്റെ പാതി കിടക്കുന്നു.... അവൾ ഒന്നും തന്നെ പറഞ്ഞില്ല.... കണ്ണുകൾ നിറഞ്ഞൊഴുകുക മാത്രം ചെയ്തു.... അവൾക്കറിയാം ഇനി കൂടുതൽ കാലം ജീവനോടെ ഉണ്ടാകില്ലെന്ന്.... വേദനിച്ച് ചങ്കുപൊട്ടുന്ന ഒച്ചയോടെ അവൾ കരഞ്ഞ ദിവസമാണ് തന്റെ മകൾ പറഞ്ഞത്. ''അപ്പാ... നമ്മക്ക് ആശുത്രീല് കൊണ്ടോകാം....'' വേണ്ടെന്ന് അവൾ തീർത്തു പറഞ്ഞതാണ്.... പക്ഷെ.... അവരുടെ നനഞ്ഞ കണ്ണും തീവ്രവേദനയും അവഗണിക്കാനായില്ല. "എനിക്ക് എന്തെങ്കിലും സംഭവിച്ചാ... എന്നെ ഇവടെ തന്നെ കൊണ്ടരോ?"

ഇപ്പോഴും അവളുടെ ആ ചോദ്യം അയാളെ കൊത്തി വലിക്കുന്നു. അവളെ ഒരു മഴക്കാലത്താണ് കൊണ്ടുവന്നത്... ഇപ്പോൾ തിരിച്ച് ഒരു മഞ്ഞുകാലത്തും....

എത്ര വാതിലുകൾ മുട്ടി? എത്ര ആളുകളോട് ഇരന്നു? കരുണാരഹിതമായ കാലത്തിന്റെ നനഞ്ഞു വഴുക്കിയ പാത പിന്നെയും അയാൾക്കു മുന്നിൽ നീണ്ടുകിടന്നു.

അയാൾക്ക് വല്ലാതെ ദാഹിക്കുന്നുണ്ടായിരുന്നു. അതിലേറെ വിശക്കുന്നുണ്ടായിരുന്നു. കുഞ്ഞുമകൾ തളർന്നും കരഞ്ഞും ത്രാണിയില്ലാതെ അയാൾക്ക് ഒപ്പമെത്താൻ വലിഞ്ഞു നടന്നു.

നേരം ഇരുണ്ടു വരാൻ തുടങ്ങിയിരിക്കുന്നു. തണുപ്പ് ഏറി വരാനും...


വൃശ്ചികം-10

മഞ്ഞുകാലം തുടങ്ങാറായി ഋതുഭേദങ്ങളുടെ വേഷപ്പകർച്ചയെക്കുറിച്ച് ചാനലിൽ ഒരു സംഗീതപരിപാടി കാണാനായി ഞാൻ ടെലിവിഷന്റെ മുമ്പിലിരുന്നു... ഇടയ്ക്ക്; ഒരു




സന്ധ്യാവാർത്തയ്ക്കിടയിൽ ഒരു ചാനലിൽ നിന്നും മറ്റൊന്നിലേയ്ക്കുള്ള ചാട്ടത്തിനിടയിൽ ഞാനതു കണ്ടു. ഒരച്ഛനും മകളും പിന്നെ അച്ഛന്റെ തോളിലൊരു നനഞ്ഞു കുതിർന്ന ഭാരവും... പൊടുന്നനെ ചാനൽ മാറ്റിയതിനാൽ ഒരു നല്ല 'ഫ്രെയിം' നഷ്ടപ്പെടുത്തിയതിന്റെ ഈർഷ്യ എന്റെ മകനോടുള്ള ദേഷ്യമായി വേഷപകർച്ച നടത്താതെ ഋതുഭേദങ്ങളുടെ ആഘോഷത്തിലേയ്ക്ക് തന്നെ മടങ്ങിപ്പോയി....ഓ.... ആ... ഫ്രെയിം.... എന്തുമാകട്ടെ.... ■

● വി. ഉബൈദുള്ള




# മനുഷ്യനെത്തേടുന്നു.... മഹാനഗരം

മനുഷ്യനെത്തേടുന്നു....
മഹാനഗരം
ശാസ്ത്ര വൈദഗ്ദ്ധ്യം തീർത്ത
വിസ്മയങ്ങളിൽ കണ്ണുനട്ട്,
പരസ്പരമൊട്ടി, യാശകൾ
കൈയടക്കി, പരിസര–
മിരുട്ടാക്കി, വേഗതയിൽ
പൊലിയുന്നു കാലം.
വർണ്ണങ്ങളിൽ പൊതിഞ്ഞ
യൗവ്വനം കരിന്തിരിയാളുന്ന
പഴങ്കണ്ണുകൾ.
കളിമ്പങ്ങളിൽ
ബാല്യങ്ങളിളകി–
യൊഴുകുന്ന കാഴ്ചകൾ.
കൂടുപൊട്ടിച്ചോടുന്ന
കിളികളിണയുടെ
വിരൽ തുമ്പു തുണയാക്കി
ഊരുവലം നടത്തുന്നു.
മുല്ലപ്പൂ ഗന്ധമൊഴുകുന്ന
കാറ്റിൻ തലോടൽ
പൂക്കാത്ത മോഹത്തെ
സ്വപ്നത്തിൽ കൂട്ടുന്നു.
അമ്മയോടു പിണങ്ങി
തെരുവിൽ,
ചുംബന വിപ്ലവ
പ്രതിഷേധം.
വെയിലിൽ വാടി
വിയർപ്പിലടുപ്പെരിക്കുന്നു
കർത്തവ്യ ബോധം.
തിരക്കിൽപ്പെട്ടുഴറി
ലാവണപ്പടികയറുന്നു
ജീവന യന്ത്രങ്ങൾ
ശീതളപ്പെട്ടിയി
ലൊഴുകി നടക്കുന്നു
അധരമൊഴികളിൽ
ആർദ്രത പെയ്യും
തലയുള്ളോർ.
സ്വകാര്യമെല്ലാമരുതാത്ത
കണ്ണിന്റെ കൂരമ്പേല്ക്കാതെ,
കാത്തു സൂക്ഷിക്കുന്നു
കാലത്തിൻ
വൈകൃതം.
ഭൂമിയുമാകാശവും, കാറ്റും
ഭിന്നമല്ലായെന്നറിഞ്ഞ്,
രുചിഭേദങ്ങളിൽ
ഉപ്പും, മധുരവും, കയ്പും
തിരിച്ചറിഞ്ഞ്,
രാവും പകലും
മതിലുകളുയർത്തുന്നു
രാപ്പാടികൾ ചേക്കാറാ–
നിടമില്ലാതലയുന്നു.
ജലാംശം വറ്റിയ മണ്ണിൽ
ഒരിറ്റു നീരിനായ്
ദാഹിക്കുന്നു ജീവൻ



● സുമിത കെ.എം.





# സൗഹൃദം

ഉണ്ടെന്ന് കരുതിയതൊന്നും ഉണ്ടായിരുന്നില്ല
ഇല്ലെന്ന് കരുതിയവയെല്ലാം ഉണ്ടായിരുന്നു
നിക്ഷേപമെന്നു കരുതിയതെല്ലാം ബാധ്യതകളായിരുന്നു
ആത്മാർത്ഥമെന്ന് കരുതിയത് അഭിനയമായിരുന്നു
തിരിച്ചറിഞ്ഞപ്പോഴേയ്ക്കും തിരിച്ചെടുക്കാനാവാത്തവിധം
നഷ്ടപ്പെട്ടു പോയിരുന്നു.
ഇതാണെന്റെ സൗഹൃദത്തിന് സംഭവിച്ചത്
നിങ്ങൾക്കും ഇതുപോലൊരനുഭവമുണ്ടോ?

**തെറ്റും ശരിയും**

വിശ്വാസമെല്ലാം തെറ്റായിരുന്നു
ഊഹങ്ങളെല്ലാം ശരിയും

● ശ്രീവിദ്യ എസ്.

# കാലത്തിന്‍റെ കനവുകൾ തേടി....

ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കഥാമത്സരത്തിൽ രണ്ടാം സ്ഥാനത്തിന് അർഹമായത്

"നന്ദാദേവി, 68 വയസ്സ്......," പേരു വിളിക്കുന്ന ശബ്ദത്തിന് ക്ലാസ്സ് മുറിയിലെ ഹാജർ വിളിയുടെ ഓർമ്മപ്പെടുത്തലുണ്ടായിരുന്നു. കട്ടിക്കണ്ണടയിലൂടെ മുഖമുയർത്തി തന്‍റെ ഊഴമാണെന്നുറപ്പിച്ചു.

"ഒന്ന് വേഗം വരു....ഡോക്ടർക്ക് തിരക്കുണ്ട്"

അക്ഷമ പെരുകുന്ന പെൺരൂപത്തെ നോക്കി ചിരിച്ചു കൊണ്ട് കടന്നു പോയി....ശീതികരിച്ച മുറിയിലെ രോഗം കാക്കും ദൈവവും പിറുപിറുക്കുന്നുണ്ടായിരുന്നു. നിങ്ങളുടെ കൂടെ ആരുമില്ലേ...... എന്തു പറയണം.....ഒരു നിമിഷം വാക്കുകൾ കിട്ടിയില്ല. ആരുമില്ലെന്നോ, ഉള്ളവർക്ക് അന്യയായെന്നോ പറയാൻ തോന്നിയില്ല.

"ഈ വയസ്സായവരൊക്കെ ആരുമില്ലാതെ വന്നാൽ......"

"വയസ്സായനര്" വാക്കുകൾ നെഞ്ചിൽ വീണ് പൊള്ളി ശരീരത്തെ മുഴുവൻ വേദനിപ്പിച്ച പോലെ..... എന്നാണ് വയസ്സായത്......

"അസുഖം എന്താ?"

"മഴ നനഞ്ഞിട്ട് ഒരു പനിയും ചുമയുമുണ്ട്."

"അതു മഴ നനഞ്ഞിട്ടാണെന്ന് നിങ്ങളെങ്ങനെ ഉറപ്പിച്ചു"അല്ലങ്കിലും പ്രായം ചെന്നവർക്കൊക്കെ ഒരു സ്വയം ഗണിക്കലുണ്ട്.





നോക്കട്ടെ.....

പിന്നീട് അയാൾ പറഞ്ഞതെല്ലാം അവ്യക്തമായി തോന്നി.

പ്രായം ചെന്നത്.....വയസ്സായത്.....ഈശ്വരാ......

പറഞ്ഞു പഴകിയ മുത്തശ്ശിയുടെ വാക്കുകൾ ചെവിയ്ക്കുള്ളിൽ....."അമ്മിണിക്കുട്ടി.....മഴനനഞ്ഞാൽ പനി വരും......"അത് മുത്തശ്ശി വയസ്സായതുകൊണ്ടാ എനിക്ക് വരില്ല.....ബാല്യത്തിന്‍റെ നിഷ്ക്കളങ്കതക്കപ്പുറം പ്രായത്തിന്‍റെ തിമിർപ്പുണ്ടായിരുന്നു. അമ്മിണിക്കുട്ടിയെന്ന പേരുപോലും മറന്നിരിക്കുന്നു. അല്ലെങ്കിൽതന്നെ ആരുവിളിക്കാൻ. മഴക്കിപ്പോഴും മുത്തശ്ശിയുടെ ഗന്ധമാണ്. അല്ലെങ്കി മഴ തന്‍റെ ബാല്യമാണെന്നവൾക്കു തോന്നി. മരുന്ന് കൗണ്ടറിൽ നിൽക്കുമ്പോൾ മഴനനഞ്ഞ പത്തു വയസ്സുകാരിയുടെ ഉൾക്കുപ്പായം ഒറ്റപ്പെടലിന്‍റെ നനുത്ത തണുപ്പിനെ മറച്ചു നിന്നു. പിന്നീടൊരു കറുത്ത കർക്കിടകത്തിലെ ഒറ്റപ്പെട്ട മഴ കൊണ്ടുപോയ മുത്തശ്ശി..... താനിപ്പോൾ ഒരു മുത്തശ്ശിയാണെന്ന തോന്നൽ അസ്വസ്ഥത ജനിപ്പിച്ചു വീണ്ടും കടന്നുവന്നു. ബാല്യം കഴിഞ്ഞ് ഇളംവെയിലിന്‍റെ യൗവ്വനത്തിൽ ഇത്തിരി നേരമിരിക്കാൻ തോന്നി. പൊടുന്നനെയാണ് വെയിൽ കടുത്ത് ചുട്ടുപൊള്ളുന്ന ഗളമിന്നായത്...... കഴുത്തിൽ തടവി നോക്കി.....ഇല്ല......രാജശേഖരന്‍റെ താലിയുടെ പൊള്ളിയടർന്ന മുറിവുകൾ ഉണങ്ങിയിരിക്കുന്നു, അവശേഷിപ്പുകളില്ലാതെ.... മൂത്തകുട്ടി ആണാണ് എന്ന നഴ്സിന്‍റെ പറച്ചിലിന് മഞഅഞ്ഞിന്‍റെ ആർദ്രതയായിരുന്നു.... മക്കളെപ്പോഴും മഞ്ഞുപോലെയാണെന്ന് അവളുറപ്പിച്ചു..... പെട്ടെന്നുണ്ടായി നിറഞ്ഞുനിന്ന് കൊതിപ്പിച്ച് ശൂന്യതയിൽ മറയുന്നവർ. ഒരു കുട്ടി മതിയെന്ന ഭർതൃഗാംഭീര്യത്തിന് മുമ്പിൽ വീണ്ടുമൊരു വായ്പയ്ക്ക് നിൽക്കാത്തത് നന്നായെന്ന് തോന്നി. പിന്നീട് സ്വന്തം കാലിൽ നിൽക്കാൻ ജോലി നേടിയത്.... ഒടുവിൽ ഒരു വസന്തകാലം വന്നതുപോലെ വർഷങ്ങളറിയാതെ ഒഴുകി നടന്നത്... ചുറുചുറുക്കും ആരോഗ്യവുമുള്ള പൂവായി പരിലസിച്ചത്...... "റോഡിന്‍റെ നടുക്ക് ചാവാനിറങ്ങിയ ഐറ്റം" ബൈക്കിൽ പറന്നുപോയ ചെക്കന്‍റെ ശബ്ദം വസന്തം കൊഴിച്ചുകളഞ്ഞു. ഓരോ കാലവും നനുത്ത സമ്മാനങ്ങളും നേർത്ത നൊമ്പരവും തന്ന് കടന്നുപോയിരിക്കുന്നു. ഒടുവിൽ ശേഷിച്ച ഉണങ്ങിയ ശരീരത്തിന് ഹേമന്തത്തിലൂടെ കടന്നു പോകണമെന്ന അത്യാഗ്രഹത്തിന് മുൻപിൽ.... ചവിട്ടി നിർത്താൻ പറ്റാത്ത ബസിന്‍റെ ചക്രം ചോരപ്പാടുകൾ വീഴ്ത്തി കടന്നുപോയതും.... അപ്പോളത് ഗ്രീഷ്മമായിരുന്നുവെന്നതും മാത്രം അവളറിഞ്ഞിരുന്നില്ല. ■

● കെ.എം.

# ബാല്യകാല സ്മരണകൾ

2007 നവംബർ മാസത്തിലെ രണ്ടാം ശനിയാഴ്ച യ്ക്കുശേഷമുള്ള തിങ്കളാഴ്ച. സർക്കാർ സർവ്വീസിൽ കയറിയിട്ട് ഇന്നേയ്ക്ക് ഒരു മാസം പൂർത്തിയായിരിക്കുന്നു.തലസ്ഥന നഗരത്തിലാണ് നിയമനം ലഭിച്ചത്. ദീർഘകാലമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന സ്വകാര്യ സ്ഥാപനം സന്ദർശിക്കാനും പഴയ സുഹൃത്തുക്കളുമായി സൗഹൃദം പുതുക്കുവാനും പുതിയ ജോലിയുടെ വിശേഷങ്ങൾ പങ്കുവയ്ക്കുവാനുമായാണ് അവധി ദിവസങ്ങളോടനുബന്ധിച്ച് രണ്ടു ദിവസത്തെ കാഷ്വൽ ലീവുകൂടി എടുത്ത് നാട്ടിലെത്തിയത്. ആദ്യ രണ്ടു ദിവസങ്ങളും ബന്ധുവീടുകൾ സന്ദർശിച്ചു. പ്രവൃത്തി ദിവസം എത്തിയാൽ മാത്രമേ സുഹൃത്തുക്കളെ കാണാൻ കഴിയുകയുള്ളൂ എന്നതിനാലാണ് തിങ്കളാഴ്ച ഓഫീസ് സമയത്തുതന്നെ അവിടെയെത്തിയത്. ഉച്ചയ്ക്ക് മടങ്ങാനുദ്ദേശിച്ചായിരുന്നു ചെന്നതെങ്കിലും അവരുടെ സ്നേഹപൂർവ്വമുള്ള നിർബന്ധത്തിനുവഴങ്ങി ഓഫീസ് സമയം തീരുന്നതുവരെ അവിടെ കഴിച്ചുകൂട്ടി. ബസ്റ്റാന്റിനോട് തൊട്ടു ചേർന്നാണ് ഓഫീസ്. വൈകിട്ട് 5:10 ന് ഞങ്ങളുടെ ഗ്രാമത്തിലൂടെ പോകുന്ന ഒരേ ഒരു ബസ്, സ്റ്റാന്റ് വിടും. ഇന്ന് 5.05 കഴിഞ്ഞിട്ടും ബസ് എത്തിയിരുന്നില്ല. ബസ് കാത്തു നിൽക്കുന്നതെല്ലാം പരിചയക്കാരും അയൽക്കാരുമാണ്. അവരോട് സംസാരിച്ചു നിൽക്കെ ആരോ എന്റെ പേര് വിളിക്കുന്നതുപോലെ തോന്നി. പണ്ടെങ്ങോ കേട്ടുമറന്ന ഒരു പുരുഷ ശബ്ദം. തിരിഞ്ഞുനോക്കുമ്പോൾ, അല്പം പരിഭ്രമത്തോടെ എന്നെതന്നെ നോക്കിനിൽക്കുന്ന ചെറുപ്പക്കാരനെ കണ്ടു. ഓർത്തെടുക്കാൻ ഒരു നിമഷം പോലും വേണ്ടിവന്നില്ല സലിം, എട്ടാം ക്ലാസ്സിൽവച്ച് പഠിത്തം അവസാനിപ്പിച്ചു പോയ സഹപാഠി വർഷങ്ങൾ ഇത്രയധികം കഴിഞ്ഞിട്ടും അവന്റെ രൂപത്തിന് അധികം മാറ്റമില്ല. സ്കൂളിൽ പഠിക്കുമ്പോഴേ മീശവച്ച കുട്ടിയായിരുന്നു. ഇപ്പോൾ താടി വളർത്തിയിട്ടുണ്ടെന്നുമാത്രം ഒന്നിലധികം വർഷം ഒരേ ക്ലാസ്സുകളിലിരുന്ന് അവസാനം പഠിത്തം നിറുത്തി. അവന്റെ പഠിത്തം നിറുത്തന്നതിന് ഞാൻ കൂടി കാരണമിയിരുന്നില്ലേ എന്ന കുറ്റബോധം കുറേക്കാലം എന്നെ വേട്ടയാടിയിരുന്നു അതിനു കാരണമുണ്ട്, സ്കൂളിൽ പഠിക്കുന്ന കാലത്ത് പെൺകുട്ടികൾക്ക് ചേരാത്തത്ര വികൃതിയായിരുന്നു ഞാൻ. ഇപ്പോഴും ഈ പ്രായത്തിലും ഒരു പരിധിവരെ അങ്ങനെ തന്നെയാണ്. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം അല്പം കുറച്ചിട്ടുണ്ടെന്നെയുള്ളു. ആൺകുട്ടികളുമായി വഴക്കുണ്ടാക്കുക, ബെഞ്ചിനും ഡെസ്കിനും മുകളിൽക്കൂടി ഓടുക തുടങ്ങിയവ എന്റെ വിനോദങ്ങളായിരുന്നു. ക്ലാസ്സിൽ ടീച്ചറില്ലാത്ത പീരീഡുകളിൽ സംസാരിക്കുന്നവരുടെ പേരെഴുതിയ ലിസ്റ്റിൽ ഒന്നാമത്തെയോ രണ്ടാമത്തെയോ പേരുകാരി ഞാനായിരിക്കും. എല്ലാവരും ഭയന്നിരിക്കുന്ന റോസമ്മ ടീച്ചറുടെ



കണക്കു ക്ലാസ്സിൽ ഏറ്റവും മുൻബഞ്ചിലിരുന്ന് കോമ്പസും ഇറേസറും ഉപയോഗിച്ച് മൈക്രോസ്കോപ്പ് ഉണ്ടാക്കി കളിച്ചതിന് എനിക്കും, ക്ലാസ്സിൽ ശ്രദ്ധിക്കാതെ എന്റെ വികൃതി നോക്കിയിരുന്നതിന് എന്റെ അടുത്തിരുന്ന കുട്ടിക്കും അടി കിട്ടിയത് ഇന്നും ഓർക്കുന്നു. ഇത്രയധികം വികൃതിയായിരുന്നെങ്കിലും അത്യാവശ്യം പഠിക്കുന്ന കൂട്ടത്തിലായിരുന്നതുകൊണ്ട് അദ്ധ്യാപകർക്ക് എന്നോട് ഒരു പ്രത്യേക വാത്സല്യമുണ്ടായിരുന്നു. കൂടാതെ, കൂട്ടുകാരുടെ ഇടയിൽ അത്ര ചെറുതല്ലാത്ത ഒരു സ്ഥാനവുമുണ്ടായിരുന്നു. ആ പ്രദേശത്തെ ഏക ഹൈസ്കൂളായിരുന്ന ഞങ്ങളുടെ സ്കൂളിൽ സ്ഥലപരിമിതി കാരണം രണ്ട് ഷിഫ്റ്റായിട്ടായിരുന്നു ക്ലാസ്സുകൾ നടത്തിയിരുന്നത്. ഞങ്ങൾക്ക് ഉച്ചയ്ക്കുശേഷമായിരുന്നു ക്ലാസ് ഞാനും എന്റെ ഏറ്റവും അടുത്ത കൂട്ടുകാരിയായിരുന്ന ബിന്ദുവും അന്ന് നേരത്തെയെത്തി രാവിലത്തെ ഷിഫ്റ്റ് തീർന്നിരുന്നില്ല ഞങ്ങൾ തൊട്ടടുത്തുള്ള അമ്മാമ്മയുടെ കടയിൽ മിഠായി വാങ്ങാനായി പോയി അവിടെയെത്തുമ്പോൾ സലിം ഉൾപ്പെടെയുള്ള കുറച്ചാൺകുട്ടികൾ അവിടെ ലൈം ജ്യൂസ് കുടിച്ചുകൊണ്ട് നിന്നിരുന്നു. കടയിൽ അന്നുവന്ന ബാലരമയും  ഏറ്റവും പുതിയ ബാലമംഗളവും തൂക്കിയിട്ടിരിക്കുന്നു ഞാൻ കയ്യെത്തിച്ച് ബാലരമയുടെ പേജുകൾ വെറുതെ മറിച്ചുനോക്കി അപ്പോഴേക്കും ജ്യൂസ് കുടിച്ചുകൊണ്ടിരുന്ന സലിം പണം കൊടുക്കുന്നതിനുമുമ്പ് ഒരു ബാലരമയും കുറച്ചു മിഠായികളും വാങ്ങി. സഹപാഠി ബാലരമ വാങ്ങുന്നത് കണ്ടപ്പോൾ എനിക്ക് സന്തോഷമായി. “വായിച്ചിട്ട് എനിയ്ക്ക് കൂടി തരണേ” എന്നുപറഞ്ഞ എന്നോട് “തരാം” എന്ന് പറഞ്ഞ് അവൻ കൂട്ടുകാരോടൊത്തു പോയി. ഞാനും ബിന്ദുവും തിരികെ സ്കൂളിലെത്തി രാവിലത്തെ ഷിഫ്റ്റിലെ ക്ലാസ്സ് തീരുന്നതും കാത്ത് ഞങ്ങളുടെ ക്ലാസിന്റെ എതിർവശത്തുള്ള കെട്ടിടത്തിന്റെ ചുമരിൽ ചാരി നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ സലിം അതുവഴി വന്ന് ബാലരമയും കുറച്ച് മിഠായിയും എന്റെ കയ്യിൽ തന്നു ഞാൻ അതിലൊന്ന് ബിന്ദുവിന് കൊടുത്തുകൊണ്ട് ബാലരമ മറിച്ചു നോക്കാൻ തുടങ്ങി പെട്ടന്ന് ബാലരമയുടെ താളുകൾക്കിടയിൽ നിന്ന് നാലായി മടക്കിയ ഒരു കടലാസ് താഴെ വീണു കടലാസ് കുനിഞ്ഞെടുത്ത ഞാൻ ഞെട്ടിപ്പോയി അതിൽ സലീമിന്റെ പേരിനൊപ്പം അധിക ചിഹ്നവും ചേർത്ത് എന്റ പേരുകൂടി   വലുതായി എഴുതിയിരിയ്ക്കുന്നു. അരികിലായി ഹൃദയചിഹ്നവും എന്റെ ശരീരം മുഴുവനും വിയർക്കാനും വിറയ്ക്കാനും തുടങ്ങി “ഞാൻ എപ്പോഴും പറയാറുള്ളതല്ലേ ആൺപിള്ളേരുമായി അധികം കൂട്ടുകൂടാനും കളിക്കാനും പോകരുതെന്ന്. അനുഭവിച്ചോ...?” അടുത്തുനിന്ന ബിന്ദു കുത്തുവാക്കുകൾ പറഞ്ഞു ഞാൻ ഉടനെ എങ്ങനയോ ധൈര്യംസംഭരിച്ച് ബിന്ദുവിനേയും കൂട്ടി സലീമിനെ അന്വേഷിച്ച് പോയി. ബാത്ത്റൂമിലേക്ക് പോകുന്ന വഴിയുടെ അരികിൽ കുറച്ചു കൂട്ടുകാരുമായി തമാശ പറഞ്ഞുനിന്ന സലീമിനടുത്തേക്ക് കുതിച്ചെത്തിയ ഞാൻ ഭൂതാവേശിതയെപ്പോലെ ദേഷ്യപ്പെട്ട് എന്തൊക്കെയോ പറയുകയും ബാലരമയും മിഠായികളും മുഖത്തെറിയുകയും ചെയ്തു. തുറക്കുക പോലും ചെയ്യാത്ത ആ കടലാസ് കാണിച്ച് ടീച്ചറിനോടു പറയുമെന്ന് ഭീഷണിപ്പെടുത്തി. കൂട്ടുകാരുടെ മുന്നിൽവച്ച് അപമാനിതനായ സലീം തലകുനിച്ചു നിന്നു ഇടറിയ സ്വരത്തിൽ അവന്റെ വാക്കുകൾ പുറത്തു വന്നു “ക്ഷമിക്കണം ടീച്ചറിനോട് പറയരുത് ഇനിയിങ്ങനെ ഉണ്ടാവില്ല” കയ്യിലിരുന്ന കടലാസ് കുനികുനെ കീറിയെറിഞ്ഞ് ഞാൻ തിരികെ പോന്നു ഇക്കാര്യം ആരോടും പറയരുതെന്ന് ബിന്ദുവിനെക്കൊണ്ട് സത്യം ചെയ്യിച്ചു പിന്നീട് ഞങ്ങൾ തമ്മിൽ മിണ്ടിയിട്ടില്ല ഒരാഴ്ച കഴിഞ്ഞപ്പോൾ മുതൽ സലീം ക്ലാസ്സിൽ വരാതെയുമായി ആ കത്തിന്റെ ഉള്ളടക്കം എന്തായിരുന്നുവെന്ന് വായിച്ചു നോക്കാതിരുന്നതിനാൽ പിന്നീട് എനിക്ക് നഷ്ടബോധം തോന്നി അതായിരുന്നു എനിക്കുലഭിച്ച ആദ്യത്തെ പ്രണയലേഖനം അവസാനത്തേതും. ഭൂതകാലത്തിലൂടെ പാഞ്ഞ മനസ്സ് ക്ഷണനേരം കൊണ്ട് വർത്തമാനത്തിലേയ്ക്ക് തിരിച്ചു വന്നു അപ്പോഴും സലീം ആകാംക്ഷയോടെ എന്നെത്തന്നെ നോക്കിനില്ക്കുകയാണ് ആ സംഭവത്തിനു ശേഷം ഞാൻ ആദ്യമായാണ് സലിമിനെ വീണ്ടും കാണുന്നത് എന്റ മുന്നിൽ നിന്ന ചെറുപ്പക്കാരനെ നോക്കി ഞാൻ സൗഹൃദഭാവത്തിൽ ചിരിച്ചു അവന്റെ മുഖം പ്രസന്നമായി “സുഖമാണോ?” ഞാൻ അതെ എന്ന് തലയാട്ടി. വിവാഹം കഴിഞ്ഞിട്ടില്ലെന്ന അർത്ഥത്തിൽ അതിനും തലയാട്ടി. മറിച്ചെന്തെങ്കിലും ചോദിക്കുന്നതിന് മുമ്പ് ഒരു മിനിട്ടെന്ന് അംഗ്യം കാണിച്ച് പെട്ടെന്നെങ്ങോ പോയി. ഞാൻ വീണ്ടും എന്റെ കൂട്ടുകാരുടെ കൂടെ ഞങ്ങളുടെ മുറിഞ്ഞു പോയ സംഭാഷണം പുനരാരംഭിച്ചു അപ്പോഴേക്കും ഞങ്ങളുടെ ബസ് ഉടൻ എത്തിച്ചേരുമെന്ന അറിയിപ്പുണ്ടായി ഞങ്ങളുടനെ ബസ് സ്റ്റാന്റിൽ ഞങ്ങളുടെ ബസ് പാർക്ക് ചെയ്യുന്ന ഭാഗത്തേക്ക് നടക്കാൻ തുടങ്ങി അപ്പോൾ സലീം ഓടിക്കിതച്ച് വന്ന് കയ്യിലിരുന്ന മിഠായി അൽപ്പം പരിഭ്രമത്തോടെ എന്റെ നേരെ നീട്ടി ഞാൻ മടിയൊന്നും കൂടാതെ തന്നെ അത് വാങ്ങി “ഫോൺ നമ്പർ തരുമോ?” ഞാൻ ഒരു നിമിഷം ശങ്കിച്ചു നിന്നപ്പോഴേക്കും ബസ് എത്തിച്ചേർന്നു ഞാൻ കൈവീശി യാത്ര പറഞ്ഞ് അതിവേഗം ബസ്സിനടുത്തേയ്ക്ക് നീങ്ങി കയറുന്നതിന് മുമ്പ് ഒന്നുകൂടി തിരിഞ്ഞു നോക്കി അപ്പോഴും എന്നെത്തന്നെ നോക്കിക്കൊണ്ട് എന്തോ നഷ്ടപ്പെട്ടതുപോലെ സലീം അവിടെത്തന്നെ നിന്നിരുന്നു വർഷങ്ങൾക്കു ശേഷം ഞാൻ കൈനീട്ടി വാങ്ങിയ മിഠായി വീട്ടിലെത്തുമ്പോഴും എന്റ കൈകളിലിരുന്നു പൊള്ളുന്നുണ്ടായിരുന്നു. ■

● പ്രസാദ് വി.

# പാഠശാലകൾ

ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കഥാമത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായത്



ഒന്ന്....രണ്ട്....മൂന്ന്....നാല്................. അമ്പത്. സാറ്റ്. കുട്ടികളുടെ ഒളിച്ചുകളി വീടിനകത്തും പുറത്തുമായി തിമിർത്തു നടക്കുകയാണ്. പയറിലയിലെയും വെണ്ടയിലയിലേയുമൊക്കെ പുഴുക്കളെ പിടിച്ചു കളഞ്ഞും തടം ശരിയാക്കിയും ശിവദാസൻ മാഷ് വളരെ സൂക്ഷ്മതയോടെയും കുഞ്ഞുങ്ങളെ പരിപാലിക്കുന്ന ശ്രദ്ധയോടെയും പച്ചക്കറിത്തോട്ടത്തെ സംരക്ഷിച്ചു വരുന്നത്. അല്ലെങ്കിലും കൊച്ചുകുട്ടികളുടെ മാഷായിരുന്നല്ലോ നീണ്ട മുപ്പത്തിരണ്ട് വർഷങ്ങൾ! എത്രയെത്ര കുട്ടികൾ... എത്ര



യെത്ര പള്ളിക്കൂടങ്ങൾ... കുഞ്ഞുങ്ങളെ കുട്ടിക്കവിതകളിലൂടെയും കഥകളിലൂടെയും തന്നിലേയ്ക്ക് അടുപ്പിക്കാനുള്ള മാഷിന്റെ കഴിവ് അപാരമായിരുന്നു. അതിന് സഹാധ്യാപകരുടെ ഈർഷ്യയ്ക്ക് പലവുരു പാത്രമാകേണ്ടിയും വന്നിട്ടുണ്ട്. പാഠഭാഗങ്ങളെ ശരിയായ മനസ്സിലാക്കി ജീവിതാംശവുമായി ഇണക്കി അവതരിപ്പിക്കുമ്പോൾ മാഷ് ശരിക്കും കുട്ടികളുടെ കൂട്ടുകാരനും വഴികാട്ടിയുമായിത്തീർന്നിരുന്നു.

ഒളിച്ചുകളി കഴിഞ്ഞ് 'അപ്പൂപ്പാ' എന്നു വിളിച്ച് കുട്ടികൾ ഓടിയതും അപ്പുണ്ണി കാൽതട്ടി വീണു. കരയാൻ തുടങ്ങിയ അവനെ മാഷ് പൊക്കിയെടുത്ത് മടിയിലിരുത്തി കാലുകൾ തടവിക്കൊടുത്തു. ചെറുതായി കരച്ചിൽവന്ന അപ്പുണ്ണിയ്ക്ക് അപ്പൂപ്പന്റെ തലോടൽ ആശ്വാസമായി. അവൻ അപ്പൂപ്പന് കവിളിലൊരു മുത്തംകൊടുത്തു. മാഷ് അവനെയും തെരുതെരെ നെറുകയിൽ ഉമ്മവച്ചു.

അപ്പുണ്ണിയുടെ കരച്ചിൽകേട്ട് അടുക്കളയിൽ നിന്നും പുറത്തേയ്ക്ക് വന്ന മകൾ കണ്ടത് അപ്പൂപ്പനും കൊച്ചുമോനും കൂടി പാട്ടുപാടി ചിരിച്ചുകളിക്കുന്നതാണ്. മാഷിന്റെ രണ്ടു മക്കളിൽ മൂത്തവളാണ് സംഗീത. സ്വന്തം ഇഷ്ടപ്രകാരം മനസ്സിനിണങ്ങിയ വരനെ കണ്ടു പിടിച്ച് അച്ഛനെയും അമ്മയെയും ഉപേക്ഷിച്ചു പോയവളാണ്. ഇപ്പോൾ രണ്ടു കുട്ടികളുടെ അമ്മയാണ്. ഭർത്താവ് എവിടെ? എന്താ പ്രശ്നം...? തുടങ്ങിയ ചോദ്യങ്ങൾക്കൊന്നും അവൾക്ക് മറുപടിയില്ല. ഒരുദിവസം രണ്ടുകുഞ്ഞുങ്ങളുമായി കയറിവന്നു. മാഷ് കുറെ നേരം ഒന്നും മിണ്ടിയില്ലെങ്കിലും പിന്നീട് കുട്ടികളെ ചെന്നെടുത്ത് അവളെയും അകത്തേയ്ക്ക് കയറ്റി. അവൾ അമ്മയെ തിരഞ്ഞു. കിടക്കുകയാണ്... അവൾ അമ്മയ്ക്ക് അരികിലിരുന്നു. 'നീ പോയപ്പോൾ വീണതാ ഈ കിടക്കയിലേയ്ക്ക്.. എണീക്കില്ല'. മാഷ് ഗദ്ഗദകണ്ഠനായി. സംഗീത അമ്മയെ കണ്ണിമ ചിമ്മാതെ നോക്കി. കരഞ്ഞില്ല.

സോഷ്യൽ മീഡിയയുടെ ചതിക്കുഴിയിൽ ജീവിതം ഹോമിച്ച പട്ടികയിൽ ഒരാൾകൂടി.... സംഗീത. അവൾ മനസ്സിലോർത്തു. അനേകായിരം കുട്ടികൾക്ക് നേർവഴി കാട്ടിക്കൊടുത്ത മാഷിന്റെ മകൾ..... എന്തേ ഞാനിങ്ങനെയായിപ്പോയിയെന്ന് അവൾക്ക് എത്ര ആലോചിച്ചിട്ടും ഒരു എത്തും പിടിയും കിട്ടിയില്ല. പറക്കമുറ്റാറായപ്പോൾ കുടും കൂട്ടരേയും ഉപേക്ഷിച്ച് പറന്നു. പറന്നു തളർന്നപ്പോൾ വീണ്ടും പഴയ കൂട്ടിലേയ്ക്ക്! കണ്ണീർ വറ്റി, മുഖം മങ്ങി, പാവപോലെ അവൾ ഇരുന്നു. അമ്മ ഒന്നു ഞരങ്ങി... തണുത്ത കൈത്തലം അവളെ തലോടി... അവൾ അപ്പോഴും കുനിഞ്ഞ് ഇരുന്നതേയുള്ളൂ.

മാഷ് എങ്ങോട്ടോ പോകാൻ ധൃതിയിൽ ഇറങ്ങുന്നതു കണ്ട് അവൾ എഴുന്നേറ്റു ചെന്നു. 'ഞാൻ മനുവിന്റെയടുത്തേയ്ക്ക് ഒന്നു പോകുവാ' മാഷ് മുണ്ട് ഒന്നുകൂടി ഇറുക്കി ഉടുത്ത് പടിയിറങ്ങി. റോഡിലൂടെ തലങ്ങും വിലങ്ങും പായുന്ന വാഹനങ്ങൾ വളരെ പ്രായം കുറഞ്ഞ കുട്ടികൾ വരെ കാറ്റിന്റെ വേഗമോടെ ഇരുചക്രവാഹനങ്ങളിൽ പായുന്നു. ആരും ആരെയും കാണുന്നില്ല. എല്ലാം യാന്ത്രികതയുടെ മുരൾച്ച.... വടി കുത്തി ഏന്തിപ്പിടിച്ച് നടന്നു വന്ന കരുണാകരൻ മാഷിന് ശിവദാസൻ മാഷിനെ അടുത്തുചെന്ന് നോക്കിയപ്പോഴാണ് ശരിക്കും ആളെ പിടികിട്ടിയത്. 'കരുണൻ മാഷേ എന്താ ഇവിടെ...?' കരുണൻ മാഷ് തിരിഞ്ഞു നോക്കിയപ്പോൾ തന്റെ സഹപാഠിയും സഹാധ്യാപകനും ആയിരുന്ന ശിവദാസൻ മാഷ്... രണ്ടുപേരും ഏറെ നേരം സംസാരിച്ചു. സംസാരത്തിനൊടുവിൽ ശിവദാസൻ മാഷ് ഇരുകണ്ണുകളും മുറുകെ തുടച്ചു. 'മോൻ ഏതു ആശുപത്രീലാ കിടക്കുന്നത്...?' കരുണൻമാഷ് ചോദിച്ചപ്പോൾ ശിവദാസൻ മാഷിന് കരച്ചിലടക്കാൻ കഴിഞ്ഞില്ല. മനുവിലൂടെ ഞാനെന്തെല്ലാം സ്വപ്നങ്ങൾ കണ്ടു. അവനെ ഇല്ലാത്ത കാശുമുടക്കി പട്ടണത്തിൽ പഠിപ്പിക്കാനയച്ചത് ഒരു സ്വകാര്യ അഹങ്കാരം കൂടിയായിരുന്നു. എന്നിട്ടോ ഇപ്പോ എല്ലാം നേരെയായില്ലേ... എത്രയെത്ര കുഞ്ഞുങ്ങളെ കൈപിടിച്ച് ഉയർത്തിയിട്ടുള്ളതാ നമ്മൾ, എന്നിട്ടും എന്റെ കുട്ടികൾ....! ഇരുവരും കെട്ടിപ്പിടിച്ചു. കരുണൻ മാഷ് അദ്ദേഹത്തെ ആശ്വസിപ്പിച്ചു. കരുണൻ മാഷിനെയും കൂട്ടി ശിവദാസൻ മാഷ് മനുവിനെ കാണാൻ വിറങ്ങലിച്ച ശരീരവുമായി നടന്നു. ഇരുവരെയും സ്വാഗതം ചെയ്ത ബോർഡ് കരുണൻമാഷ് പലവുരു വായിച്ചു. "മദ്യവും മയക്കുമരുന്നും ജീവിതത്തിൽ നിന്നും ഒഴിവാക്കൂ!" കരുണൻ മാഷ് ശിവദാസൻ മാഷിനെ മുറുകെ പിടിച്ചു. 'മാഷേ, മനു....' കരുണൻ മാഷിന്റെ ഗദ്ഗദം കരുണാ ഡി-അഡിക്ഷൻ സെന്ററിന് ഒരു പുതിയ കാര്യമായിരുന്നില്ല. ■


● വിക്രമൻ സി.

# ജൈവവൈവിധ്യങ്ങളുടെ ഈറ്റില്ലമായ നമ്മുടെ കേരളം



ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര ഉപയോഗം, നീതിപൂർവ്വികമായ പങ്കുവയ്ക്കൽ എന്നീ ഘടകങ്ങളാണ് ആഗോള സംഘടനയായ ഐക്യരാഷ്ട്രസഭ വിഭജനം ചെയ്തിട്ടുള്ള ഉടമ്പടി പ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രധാന ഘടകങ്ങൾ ഈ ഉടമ്പടി പ്രകാരം നമ്മുടെ രാജ്യത്തും ദൈവത്തിന്റ സ്വന്തം നാട് എന്ന പേരിലറിയപ്പെടുന്ന നമ്മുടെ സംസ്ഥാനത്തും പ്രകൃതിക്ക് വേണ്ടി രൂപപ്പെടുത്തിയെടുത്തിട്ടുള്ള ഏതെല്ലാം പദ്ധതികളാണ് നമുക്ക് ചൂണ്ടിക്കാണിക്കുവാൻ കഴിയുക പ്രകൃതി കനിഞ്ഞ് നൽകിയ പ്രകൃതി സമ്പത്തിനെ നാം എത്രത്തോളം കരുതുന്നു. ഇത്തരം ചോദ്യങ്ങൾക്ക് ഈ കാലഘട്ടത്തിൽ നാം മറുപടി നൽകേണ്ടതായിട്ടുണ്ട്. പ്രകൃതി സൗന്ദര്യം നിറഞ്ഞ നമ്മുടെ കേരളത്തിന്റെ ജൈവവൈവിദ്ധങ്ങൾ നിലനിർത്തുന്നതിനാവിശ്യമായ ഇച്ഛാശക്തി കേരളിയരാ ഒരോ വ്യക്തി ജീവിതത്തിലും അന്തർലീനമായിട്ടുണ്ട് ആയത് എങ്ങനെ വിനിയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് നമ്മുടെ ജീവിത നിലവാരം മച്ചപ്പെടുത്തേണ്ടത് നമ്മുടെ ഭൂമിയും അതിൽ നിറഞ്ഞിരിക്കുന്ന അമൂല്യമായ പ്രകൃതി സമ്പത്തുകളും മാനവകുലത്തിനു മാത്രം അവകാശപ്പെട്ടതല്ല എന്നും, ഈ പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങൾക്കും പരസ്പരാശ്രയത്തിലൂടെ പരിപാലനം ചെയ്യേണ്ടതെന്നുമുള്ള ബോധ്യം നമ്മുടെ ഉള്ളിൽ ഉണ്ടാകണം. കാർഷിക ജൈവവൈവിധ്യം മെച്ചപ്പെടുത്തുവാനും നമ്മുടെ സംസ്ഥാനത്തിന്റെ ജീവരക്തം ഒഴുകുന്ന 44 നദികളുടെ ആരോഗ്യസ്ഥിതി നിലനിർത്തുന്നതിനും പ്രകൃതി സംരക്ഷിത മേഖലകൾക്കപ്പുറത്ത് ജൈവ വൈവിധ്യ പൈതൃക കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനും സംസ്ഥാന സർക്കാർ പല തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നു. എന്നാൽ ടി പദ്ധതികളുടെ പൂർണ്ണതോതിലുള്ള ഗുണം നമുക്ക് നേടിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

വിശ്വപൈതൃക കേന്ദ്രമായ പശ്ചിമഘട്ടത്തിന്റെ സിംഹഭാഗവും ഉൾപ്പെടുന്ന സംസ്ഥാനമാണ് കേരളം. സമുദ്ര സമ്പത്തിൽ മുന്നിൽ നിൽക്കുന്നതും "ദൈവത്തിന്റെ സ്വന്തം നാട്" തന്നെയാണ് കരയിലേയും, സമുദ്രത്തിലേയും ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയേയും വിഭവങ്ങളുടെ സ്വാശ്രയത്വത്തേയും കാംക്ഷിച്ച് ജീവിക്കുന്ന ജനതയാണ് കേരള സമൂഹം. പ്രകൃതി സംബന്ധമായ വിഷയങ്ങൾ എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണെന്നത്, ഈ കാലഘട്ടത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പലവിധ പ്രകൃതി അന്തരങ്ങളിൽ നിന്ന് മനസ്സിലാക്കി അവയിൽ നിന്നുള്ള മോചനത്തിന് വേണ്ടി



പ്രയത്നിക്കേണ്ടത് പ്രകൃതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നമ്മുടെ കടമയുടെ ഭാഗമാണ്. വേനലിന്റെ അതികാഠിന്യത്താൽ ജലാശയങ്ങൾ വറ്റിവരളുകയും വനപ്രദേശങ്ങൾ കാട്ടുതീ മൂലം നശിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ആവാസ വ്യവസ്ഥ തകിടം മറിയുകയാണ്. മാനവകുലത്തിനും പക്ഷി മൃഗാദികൾക്കും ജീവൻ നിലനിർത്തുവാൻ വേണ്ട ജലലഭ്യത ഇല്ലാതാകുമ്പോൾ ഉണ്ടാകുന്ന ദൈന്യതയിലേക്ക് നാം മാറിക്കൊണ്ടിരിക്കുന്നു. ശുദ്ധവായു ലഭിക്കാതെ മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾ ഭൂമുഖത്തുനിന്നും എന്നന്നേക്കുമായി മാറ്റപ്പെടുന്ന സാഹചര്യത്തിലേക്ക് നാം എത്തിച്ചേരുകയാണ്. നമ്മുടെ പോറ്റമ്മയായ പ്രകൃതിയെ ചൂഷണം ചെയ്തും മലീമസമാക്കിയും മനുഷ്യൻ പ്രകൃതിക്ക് ചരമഗീതം രചിക്കുകയാണ്.

ഓരോ വർഷവും ജൂൺ 5-ാം തീയതി ലോക പരിസ്ഥിതി ദിനമായി ആചരിക്കുകയും പലതരത്തിലുള്ള പരിപാടികൾ സംഘടിപ്പിച്ച് പ്രകൃതിക്കുവേണ്ടി പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു. പരിസ്ഥിതി ദിനാഘോഷങ്ങളും പ്രതിജ്ഞകളും മാത്രമല്ല നമുക്ക് വേണ്ടത്. പ്രകൃതിയെ സംരക്ഷിക്കുന്നതിനുള്ള ഇച്ഛാശക്തിയും പൂർണ്ണതോതിലുള്ള പ്രവൃത്തിയുമാണ് ആവശ്യം. നമുക്ക് നൽകപ്പെട്ടിരിക്കുന്ന ജൈവവൈവിധ്യത്തെ സംരക്ഷിക്കുവാനും പ്രകൃതിസമ്പത്ത് സുസ്ഥിരമായി നിയോഗിക്കപ്പെടുവാനും കാർഷിക വിളകളുടെ ജൈവവൈവിധ്യം നിലനിർത്തുവാനും നമുക്ക് സാധിക്കണം. അതിനുവേണ്ടിയുള്ള ശക്തമായ നടപടികളാണ് സർക്കാരിൽ നിന്നും ജനങ്ങളിൽ നിന്നും ഉണ്ടാകേണ്ടത്. നമ്മുടെ ഭൂവിസ്തൃതിയിൽ മൂന്നിലൊരു ഭാഗം വൃക്ഷ നിബിഡ വനമായി സംരക്ഷിക്കുക എന്നതാണ് നമ്മുടെ ദേശീയ വനനയം പ്രഖ്യാപിക്കുന്നത്. 1892-ൽ തിരുവിതാംകൂറിൽ ആരംഭിച്ച വനം 'റിസർവ്' ചെയ്യാനുള്ള നടപടികൾ ഇന്നത്തെ വനനശീകരണത്തെ മുന്നിൽ കണ്ടുകൊണ്ട് നടപ്പിൽ വരുത്തിയതാണെന്നോർത്തു പോകുന്നു.

KERALA STATE BIODIVERSITY BOARD

വനങ്ങൾ സംരക്ഷിക്കുന്നതിലൂടെ അന്തരീക്ഷ താപനില, അന്തരീക്ഷ ആർദ്രത, മഴ, ജലസംരക്ഷണം, നദികളിലെ ശാശ്വതമായ ജലവിതരണം, വെള്ളപ്പൊക്ക നിയന്ത്രണം, മണ്ണു സംരക്ഷണം, ഉരുൾപൊട്ടൽ നിയന്ത്രണം, വായു സംക്രമണ നിയന്ത്രണം, വന്യമൃഗങ്ങൾക്ക് അഭയകേന്ദ്രം, അന്തരീക്ഷ ശുദ്ധീകരണം, നാശോന്മുഖമായ സസ്യജന്തു സംരക്ഷണം എന്നിവ നിലനിർത്തുന്നതിന് സാധിക്കും. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾക്കു ശേഷം രാജ്യത്തിന്റെ പ്രതിരോധ ആവശ്യങ്ങൾക്കുവേണ്ടിയും യുദ്ധക്കെടുതികൾക്ക് ശേഷമുണ്ടായ ഭക്ഷ്യക്ഷാമത്തിന് പരിഹാരം ഉണ്ടാക്കുവാനും വനങ്ങൾ തെളിച്ച് ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിക്കുന്നതിനുമായി വനമേഖലകളെ കൂടുതലായി ഉപയോഗിക്കുകയുണ്ടായി. 1952 മെയ് മാസം 2-ാം തീയതി ഇന്ത്യാ ഗവൺമെന്റെ പ്രഖ്യാപിച്ച വന നിയമമനുസരിച്ച് ഇന്ത്യയുടെ ഭൂവിസ്തൃതിയിൽ മുപ്പത്തിമൂന്ന് ശതമാനം വനസമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. 1996-ലെ വനനയം പരിസ്ഥിതി സംരക്ഷണത്തിനും ഭൂപ്രകൃതിയുടെ സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനും ഊന്നൽ നൽകിയിട്ടുള്ളതായിരുന്നു. നമ്മുടെ നാട്ടിൽ നിയമങ്ങളും നയങ്ങളും യഥേഷ്ടം ഉണ്ടാകുന്നുണ്ട്. എന്നാൽ പ്രസ്തുത നിയമങ്ങളും നയങ്ങളും നടപ്പിൽ വരുത്തുവാൻ വേണ്ട ഭരണപരമായ ഇച്ഛാശക്തി നമ്മുടെ സർക്കാരുകളിൽ നിന്നും ഉണ്ടാകണം.

അന്തരീക്ഷ മലിനീകരണവും ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നതും പ്രകൃതി നമുക്ക് ദാനമായി നൽകുന്ന ധാതുവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുന്നതും കർശനമായി നിരോധിക്കേണ്ഡ കാലം അതിക്രമിച്ചുകഴിഞ്ഞു. വികസനത്തിന്റെ പേരിൽ ഓരോ കുന്നും, മലയും തകരുമ്പോഴും വനങ്ങളിൽ കയ്യേറ്റം നടത്തുമ്പോഴും നമ്മുടെ ജീവരക്തം ഒഴുകുന്ന നദികളെ അഗാധമായി കുഴിച്ച് ധാതുവിഭവങ്ങൾ കൊള്ള ചെയ്യുമ്പോഴും നമ്മുടെ പോറ്റമ്മയായ ഭൂമിയുടെ സന്തുലിതാവസ്ഥ പൂർണ്ണമായും നഷ്ടപ്പെടുകയാണ്. മനുഷ്യന്റെ ആർത്തി മൂലമുണ്ടാകുന്ന പ്രകൃതി ചൂഷണം പുതിയ തലമുറയുടെ ജീവിതത്തെ സാരമായി ബാധിച്ചു തുടങ്ങിയിരിക്കുന്നു. ജൈവ സമ്പുഷ്ടമായ "ദൈവത്തിന്റെ സ്വന്തം നാട്" തനതായ പ്രകൃതി ഭംഗിയോടുകൂടി നിലനിൽക്കേണ്ടത് സർവ്വചരാചരങ്ങൾക്കും ജീവൻ നിലനിർത്തുന്നതിന് നാം ചില തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്.

1. *"നമ്മുടെ ഭൂപ്രകൃതി മനുഷ്യർക്ക് മാത്രമുള്ളതല്ല. ഈ ലോകത്തിലെ സർവ്വ ചരാചരങ്ങൾക്കും അവകാശപ്പെട്ടതാണ്."*
2. *"സമ്പാദിക്കുവാൻ വേണ്ടി മാത്രമല്ല മനുഷ്യൻ ജീവിക്കേണ്ടത്. ജീവിക്കുവാൻ വേണ്ടി മാത്രം സമ്പാദിക്കുക"*
3. *"രാജ്യത്തിന്റെയും പ്രകൃതിയുടെയും നിയമങ്ങൾക്കും മൂല്യങ്ങൾക്കും അധീനരായി ജീവിക്കേണ്ടവരാണ് ജനസമൂഹം. അതീതരായി ജീവിക്കേണ്ടവരല്ല".*

എന്നീ തത്വങ്ങൾ മനുഷ്യജീവിതത്തിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ നമ്മുടെ പോറ്റമ്മയായ ഭൂമിയെ സംരക്ഷിക്കുവാൻ നമുക്ക് കഴിയുമെന്നതിൽ സംശയമില്ല. ■

● ഹരിഗോപാൽ വി.എം.
S/o. വേണുഗോപാൽ ആർ.പി.

# നളചരിതം





കേരളത്തിലും മറുനാട്ടിലും കഥകളിക്ക് ലഭിച്ച പ്രചാരം മൂലം നൂറുകണക്കിന് ആട്ടക്കഥകൾ ഉണ്ടായിട്ടുണ്ട്. കൊട്ടാരക്കരത്തമ്പുരാന്റെ രാമനാട്ടം മുതൽ അതൊരു രാജകീയ കലായായും ക്ഷേത്ര കലയായും വളർന്നുവന്നു. ആദ്യകാല കവികളും കലാകാരന്മാരും തമ്പുരാക്കന്മാരായിരുന്നു. കവികളുടെയും കലാകാരന്മാരുടെയും ഒരു പരമ്പര തന്നെ ഇവിടുത്തെ രാജകൊട്ടാരങ്ങളിലുണ്ടായിരുന്നു. ഒന്നാമത്തെ ആട്ടക്കഥ രാമനാട്ടമാണെന്നു വിശ്വസിക്കുന്നു. കൊല്ലം 9-ാം ശതകത്തിൽ ജീവിച്ചിരുന്ന ഒരു ബാലവീരകേരളവർമ്മയാണ് രാമനാട്ടകർത്താവ്. രാമായണത്തെ എട്ടു ദിവസത്തെ കഥകളാക്കി അവതരിപ്പിച്ചതാണ് രാമനാട്ടം.

മഹാഭാരതത്തിൽ കുരുകുലത്തിന്റെ ചരിതം കൂടാതെ ധാരാളം ഉപകഥകളുണ്ട്. അതിലൊന്നാണ് നളോപാഖ്യാനം. വനപർവത്തിൽ ബൃഹദശ്വൻ എന്ന മുനി ദ്യുതദോഷത്തെ ഉദാഹരിക്കാൻ പാണ്ഡവരോട് പറയുന്നതാണ് ഈ കഥ. പലരുടേയും ഗണകീർത്തനങ്ങൾ കേട്ട് ദമയന്തീനളന്മാരിലുണ്ടായ അനുരാഗോദയം. അത് അരക്കിട്ടുറപ്പിക്കാൻ ഹംസം നിർവഹിച്ച ദൗത്യം, സ്വയം വരത്തിന് ദേവന്മാരുടെ ഇടപെടൽ. സ്വയംവരാനന്തരം ദേവന്മാർ ദമ്പതിദമാർക്ക് നൽകുന്ന അനുഗ്രഹം ഇതൊക്കെയാണ് ഒന്നാംദിവസത്തെ കഥയിലെ പ്രധാന സംഭവങ്ങൾ. രണ്ടാംദിവസത്തെ കഥയിൽ ഭൈമിയെ പരിണയിക്കാൻ ഉത്സാഹം പൂണ്ട കലിയുടെ പുറപ്പാടാണ്. ദമയന്തി നളനെ വരിച്ചുവെന്ന് ദേവന്മാരിൽ നിന്ന് മനസ്സിലാക്കിയ കലി അരിശം പൂണ്ട് ദ്വാപരനുമൊത്ത് പുഷ്കരനെ കൂട്ടുപിടിച്ച് ദമ്പതിമാരെ പിണക്കിയകറ്റാൻ ശ്രമിക്കുന്നു. കലിയുടെ സഹായത്താൽ പുഷ്കരൻ കള്ളച്ചൂതിൽ നളനെ തോല്പിച്ചു. എല്ലാം പണയപ്പെട്ട നൈഷധനെ പുഷ്കരൻ രാജ്യത്തുനിന്ന് പുറത്താക്കുന്നു. നളൻ ഉടുത്ത വസ്ത്രവും ഭൈമിയുമായി വനത്തിലേക്ക് പുറ

പ്പെട്ടു. അസൂയയും പകയും മൂത്ത കലി അവരെ പിൻതുടർന്നു. കലിബാധമൂലം നളൻ നട്ടപ്പാതിരയ്ക്ക് പ്രിയതമയെ കാട്ടിൽ ഉപേക്ഷിച്ചിട്ട് ഓടിപ്പോയി. നിസ്സഹായയായ ഭൈമി കാട്ടിൽ അലഞ്ഞുനടന്നു. ഒരു പെരുമ്പാമ്പ് അവളെ വിഴുങ്ങാൻ തുടങ്ങി. അതിൽ നിന്നും അവളെ രക്ഷിച്ച കാട്ടാളൻ പിന്നീട് വിവാഹാഭ്യാർത്ഥനയുമായി അടുത്തു. അവനെ പാതിവ്രത്യാഗ്നിയാൽ ഭൈമി ദഹിപ്പിച്ചു..

ചില മുനിമാരുടെ ആശ്വാസവാക്കും ഒരു കച്ചവട സംഘത്തിന്റെ സഹായവും മൂലം അവൾ ഒരുവിധം ചേദി രാജ്യത്ത് എത്തി. അവിടെ ചേടിയായിക്കഴിയുന്ന ദമയന്തിയെ പിതാവിന്റെ ദൂതനായ സുദേവൻ ചെന്ന് കൂട്ടിക്കൊണ്ടുപോയി. രണ്ടാം ദിവസത്തെ കഥ അവിടെ അവസാനിക്കുന്നു. കലി പ്രേരണമൂലം പ്രണയിനിയെ കൊടുങ്കാട്ടിൽ ഉപേക്ഷിച്ചോടിയ നളന്റെ അവസ്ഥകളാണ് മൂന്നാംദിവസത്തെ കഥയിലെ പ്രതിപാദ്യം. മനോവിഭ്രാന്തി പിടിപെട്ട് അലഞ്ഞുനടന്ന നളൻ കാട്ടുതീയിൽപ്പെട്ട കാർക്കോടകന്റെ വിലാപം കേട്ടു രക്ഷിക്കാനെത്തിയ അവനെ സർപ്പരാജൻ ആഞ്ഞുകൊത്തി. വിഷശക്തികൊണ്ട് നൈഷധന് രൂപവൈകൃതം വന്നു. ഉള്ളിൽക്കടന്ന കലി പുറത്തുപോകാൻ അതു സഹായിക്കുമെന്നും ബാഹുകൻ എന്ന പേര് സ്വീകരിച്ച് അയോദ്ധ്യയിൽ ചെന്ന് ഋതുപർണ്ണനെ സേവിച്ച് അക്ഷഹൃദയ വിദ്യ വശമാക്കണമെന്നും കാർക്കോടകൻ ഉപദേശിച്ചു. അവൻ ഒരു വസ്ത്രം സമ്മാനിച്ചു. അത് ധരിക്കുമ്പോൾ സ്വന്തം രൂപംകിട്ടും. അയോദ്ധ്യയിൽ എത്തിയ നളൻ ഋതുപർണ്ണന്റെ തേരാളിയായി കഴിഞ്ഞു. ഏകാന്തത്തിൽ ഭൈമിയെ ഓർത്തു വിലപിച്ചു ഇതിനിടെ നളനെ തിരയാനുള്ള ശ്രമം ഭൈമി തുടർന്നു.

ഭൈമി പറഞ്ഞുവിട്ട പ്രശ്നവാക്യത്തിന് ഉത്തരം നൽകിയ ഋതുപർണ്ണ സാരഥിയെപ്പറ്റിയുള്ള വിവരം പർണ്ണാദൻ വൈദർഭിയെ ധരിപ്പിച്ചു. നളൻ ഉത്തരകോസലത്തിലുണ്ടെന്ന് മനസ്സിലാക്കിയ ഭൈമി അദ്ദേഹത്തെ ആനയിക്കാൻ സുദേവനെ നിയോഗിച്ചു. അയാൾ രാജസഭയിൽ ഭൈമിക്ക് രണ്ടാം സ്വയംവരമുണ്ടെന്ന വാർത്ത വെളിപ്പെടുത്തി. അടുത്തദിവസം നടക്കാൻ പോകുന്ന സ്വയംവരത്തിൽ പങ്കെടുക്കാൻ ഋതുപർണ്ണൻ സമർത്ഥനായ തേരാളി ബാഹുകനെക്കൂട്ടി പുറപ്പെട്ടു. വഴിയിൽ വച്ച് ബാഹുകൻ ഋതുപർണ്ണനിൽ നിന്നും അക്ഷഹൃദയ വിദ്യ വശമാക്കിയതോടെ കലി പുറത്തുവന്നു. കോപാവേശം കൊണ്ട് നളൻ അവനെ കൊല്ലാൻ പിടിച്ചെങ്കിലും കലി മാപ്പിരന്നു. തന്നെ പാപകൃത്യത്തിന് പ്രേരിപ്പിച്ചത് ഇന്ദ്രാദികളെ അവഗണിച്ചത് മൂലമാണെന്ന് കള്ളംപറഞ്ഞു. അന്ന് സൂര്യാസ്തമനത്തിനു മുമ്പ് ബാഹുകൻ തെളിച്ച തേരിൽ ഋതുപർണ്ണൻ വിദർഭയിലെത്തുന്നു.



മൂന്നാംദിവസത്തെ കഥ അവസാനിക്കുന്നു.

നാലാംദിവസത്തെ കഥയിലാണ് പ്രിയതമനെ കണ്ടെത്താൻ ഒരു അറ്റകൈ പ്രയോഗിച്ചതിൽ ഉത്കണ്ഠപ്പെടുന്ന ഭൈമി താൻ പല തെറ്റുകളും ചെയ്തെങ്കിലും ഒരു രണ്ടാം സ്വയംവരത്തിന് തയ്യാറായ പത്നിയിൽ സംശയവും അമർഷവും തോന്നിയ നളൻ, സ്വയംവരത്തിൽ പങ്കെടുക്കാൻ വന്ന് ഇളിഭ്യനായി നിൽക്കുന്ന ഋതുപർണ്ണൻ ഉത്തര കോസലത്തിൽ നിന്നും വന്ന തേരിൽ മൂന്നുപേരുണ്ടെങ്കിലും നളനെ കാണുന്നില്ല. സ്ഥിതിഗതികൾ നിരീക്ഷിക്കാൻ ഭൈമി തോഴിയെ നിയോഗിച്ചു. കേശിനി നൽകിയ വിവരങ്ങളിൽ നിന്നും ആൾമാറാട്ടക്കാരൻ നളനാണെന്ന് അനുമാനിച്ചു. അയാളെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചു. സ്വന്തം രൂപംധരിച്ച നളൻ, രണ്ടാം വേളിക്ക് ശ്രമിച്ചുവെന്ന അപരാധത്തിന് ഭൈമിയെ ചോദ്യം ചെയ്യുന്നു. പ്രിയതമനെ കണ്ടെത്താൻ പരിശ്രമിച്ചതല്ലാതെ ഒരു തെറ്റും ചെയ്തില്ലെന്ന് ദമയന്തി മാപ്പിരന്നു. ഒടുവിൽ ലോകസാക്ഷികളിൽ നിന്നും ഉയർന്ന അശരീരിയുടെ ബലത്തിൽ നളൻ ഭൈമിയെ സ്വീകരിച്ചു. നളന്റെ തിരിച്ചുവരവ്, ഭീമൻ വിദർഭയിലെങ്ങും ഉത്സവമായി കൊണ്ടാടി. അധികം വൈകാതെ നളൻ നിഷധയിൽ ചെന്ന് പുഷ്കരനെ ചൂതിനു വിളിച്ചു. അവനെ തോല്പിച്ചു. രാജ്യം കയ്യടക്കി. ■

● ഷീബ വർഗ്ഗീസ്




# സൂര്യനസ്തമിക്കാത്ത നാട്ടിലേയ്ക്കൊരു യാത്ര

2016 ഏപ്രിൽ, മെയ് മാസങ്ങളിൽ എന്റെ ജീവിതത്തിൽ അപ്രതീക്ഷിതമായി ഒരു വിദേശയാത്ര നടത്തുവാനുള്ള ഭാഗ്യമുണ്ടായി.

2014–ൽ ചേച്ചിയും കുടുംബവും ലണ്ടനിൽ നിന്ന് അവധിക്കു വന്നപ്പോൾ രണ്ടുമാസത്തെ വിസിറ്റിംഗ് വിസയിൽ ലണ്ടനിലേക്ക് എന്നെയും കുടുംബത്തെയും ക്ഷണിച്ചു. ഞാനത് വളരെ കാര്യമായി എടുത്തില്ലെങ്കിലും ഇത്രയും വേഗത്തിൽ അത് നടപ്പാകുമെന്ന് പ്രതീക്ഷിച്ചില്ല. ഒരു പാസ്പോർട്ട് പോലും ഇല്ലാതിരുന്ന ഞങ്ങൾക്ക് ഒരു സുപ്രഭാതത്തിൽ എത്രയും പെട്ടെന്ന് യു.കെയ്ക്ക് വരുന്നതിനുള്ള പാസ്പോർട്ടും വിസയും ശരിയാക്കികൊള്ളാൻ ചേച്ചിയുടെ ഫോൺ കോൾ വന്നപ്പോഴാണ് ഇത് സീരിയസ്സായി എടുക്കുന്നത്.



തിരുവനന്തപുരത്തു നിന്നും പാസ്പോർട്ട് എടുത്തുവെങ്കിലും വിസ ശരിയാക്കി കിട്ടുന്നതിന് കോട്ടയത്തുള്ള ഒരു ഏജന്റ് വഴി ശ്രമം നടത്തുകയും എറണാകുളത്തെ ഓഫീസു വഴി യു.കെയ്ക്കും ഫ്രാൻസിനുമുള്ള വിസയും വിമാന ടിക്കറ്റും എടുക്കുകയുമായിരുന്നു ചെയ്തത്. പേപ്പർ വർക്കിന്റെ കഷ്ടപ്പാടു മൂലം പലപ്പോഴും ഇതിന് തുനിയേണ്ടിയിരുന്നില്ലെന്ന് തോന്നി. മൂത്തമകളുടെ സി.ബി.എസ്.ഐ പത്താം ക്ലാസ്സ് പരീക്ഷ കഴിയുന്നതുവരെ വളരെ ഉത്കണ്ഠയോടെയാണ് കഴിഞ്ഞിരുന്നത്. പരീക്ഷ കഴിഞ്ഞ് നെടുമ്പാ

ശ്ശേരി എയർപോർട്ടു വഴിയായിരുന്നു ഞങ്ങളുടെ യാത്ര. നമ്മൾ മറ്റൊരു ഭൂഖണ്ഡത്തിലേക്കാണല്ലോ പോകുന്നത് എന്ന് യാത്രയ്ക്കിടയിൽ ചിന്തിച്ചുകൊണ്ടിരുന്നു.

ഭർത്താവ് ജോസഫ്, മക്കൾ മെറിൻ, എൽസ എന്നിവരോടൊപ്പമായിരുന്ന യാത്ര. വെളുപ്പിന് 5 മണിക്ക് എയർപോർട്ടിൽ എത്തിയ ഞങ്ങൾ ആദ്യമായി ഒരു വിമാന യാത്ര ചെയ്യുന്നതിന്റെ ആശങ്കയിലായിരുന്നു. ബാഗ് പായ്ക്ക ചെയ്യാനെല്ലാം വീട്ടിലുണ്ടായിരുന്ന ചേച്ചി സഹായിക്കുകയും എയർപോർട്ടിൽ കൊണ്ടു വിടുകയും ചെയ്തു. ഞങ്ങളുടെ പാസ്പോർട്ടും വിസയും വിമാനടിക്കറ്റും ബാഗും എല്ലാം ചെക്കിംഗ് കഴിഞ്ഞ് ഞങ്ങൾ ഖത്തർ എയർവെയ്സിന്റെ വിമാനത്തിനായി എയർപോർട്ടിൽ കാത്തിരുന്നു. എയർപോർട്ടിനുള്ളിൽ കടന്നപ്പോൾ തന്നെ ഏതോ ഒരു പുതുലോകത്ത് ചെന്നതുപോലുള്ള ഒരനുഭവം. യാത്രക്കാർ വളരെപ്പേരുണ്ടെങ്കിലും എങ്ങും ഒരു നിശബ്ദത. വളരെ വൃത്തിയായും അടുക്കും ചിട്ടയോടും കൂടിയ പ്രവൃത്തികൾ യാത്രക്കാരുടെയും സ്റ്റാഫിന്റെയും ഇടയിൽ പ്രത്യേകിച്ചു കാണാൻ കഴിയും.

ഏകദേശം രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ ഒരു അനൗൺസ്മെന്റ ഉണ്ടായി. ഖത്തർ എയർവെയ്സിലെ യാത്രക്കാർ റെഡിയായി വിമാനത്തിനുള്ളിൽ പ്രവേശിക്കണമെന്ന്. ഞങ്ങളോടൊപ്പം അവിടെയുണ്ടായിരുന്ന വിദേശീയരും തദ്ദേശീയരുമായ യാത്രക്കാർ വിമാനത്തിൽ കയറുന്ന ഇടനാഴിയിലൂടെ വിമാനത്തിനകത്തേക്ക് പ്രവേശിച്ചു. സുന്ദരികളായ എയർഹോസ്റ്റസുമാർ ഞങ്ങളെ സ്വീകരിക്കുകയും സീറ്റുകളിൽ ഇരുത്തുകയും സീറ്റ് ബെൽറ്റ് ഇടുന്നതിന് നിർദേശിക്കുകയും ചെയ്തു. ആദ്യമായി വിമാനത്തിൽ കയറിയ ഞങ്ങൾ വിമാനത്തിന്റെ ഉൾവശം കണ്ട് അതിശയിച്ചു പോയി. ഇത്രയും പേർ ഈ വിമാനത്തിനുള്ളിൽ കയറി യാത്ര ചെയ്യുന്നതു കണ്ടപ്പോൾ ഇതു കണ്ടുപിടിച്ച റൈറ്റ് സഹോദരൻമാരെ ഓർത്തുപോയി.

നമ്മൾ കണ്ടു വളർന്നതും ശീലിച്ചിട്ടുള്ളതുമായ കാര്യങ്ങളാണ് ലോകത്തിൽ ഏറ്റവും വലുത് എന്നാണ് ചിന്തിച്ചിട്ടുള്ളത്. നമുക്ക് അപരിചിതമായ ലോകത്തിലേക്ക് കടക്കുമ്പോൾ നമ്മൾ ഒന്നുമല്ലാതായിത്തീരുന്ന ഒരു ചിന്ത ഉണ്ടാകും. നമ്മുടെ ബന്ധുമിത്രാദികളെയും സഹവാസികളെയും എല്ലാം വിട്ട് കരയിലോ ആകാശത്തിലോ അല്ലാത്ത ഒരിടത്തുകൂടിയുള്ള യാത്ര. ഓർക്കുമ്പോൾ ഭയം തോന്നിയെങ്കിലും ഒരു പുതിയ അനുഭവത്തിനായി കാത്തിരുന്നു. ഏകദേശം 15 മിനുട്ട് കഴിഞ്ഞപ്പോൾ വിമാനം ഇരമ്പാൻ തുടങ്ങി. ആ ഇരമ്പൽ 10 മിനിട്ടോളം തുടർന്നു. അതു കഴിഞ്ഞ് ചെറുതായി വിമാനം അനങ്ങിത്തുടങ്ങി. പതുക്കെ പതുക്കെ തുടങ്ങി ഒരു ആർത്തിമ്പൽ പോലെ ആകാശത്തേക്ക് പറന്നുയർന്നു. ഏകദേശം 4 മണിക്കൂർ എടുത്തു ഞങ്ങളുടെ യാത്ര. വളരെ കൗതുകത്തോടെ വിമാനത്തിന്റെ ജനാല വഴി ഞങ്ങൾ നോക്കിക്കൊണ്ടിരുന്നു. താഴേക്കു നോക്കിയാൽ നമ്മൾ ജീവിക്കുന്ന ഭൂമിയാണോയെന്ന് അതിശയിപ്പിക്കുന്ന തരത്തിലുള്ള കാഴ്ച വളരെ മനോഹരമായിരുന്നു. മേഘങ്ങൾക്കു മുകളിൽ കയറിയ ശേഷമുള്ള കാഴ്ച മറ്റൊരു തരത്തിലാണ്. പഞ്ഞി കനത്തിൽ വിതറിയതുപോലെ മേഘപാളികൾ ഒരനക്കവും കൂടാതെ അവിടവിടെയായി നിൽക്കുന്ന കാഴ്ച. മേഘങ്ങൾക്ക് വളരെ അടുത്തുകൂടി പോകുന്നത് നമുക്ക് പുതിയ അനുഭവം തന്നെ നല്കും. മനസ്സിലുള്ള സകല ചിന്തകളും ഈ കാഴ്ച കാണുമ്പോൾ ഇല്ലാതായതുപോലെയുള്ള ഒരു സന്തോഷം തോന്നും. ഈ ലോകം സൃഷ്ടിച്ച ദൈവം ഇത്ര മനോഹരമായി സൃഷ്ടി കർത്തവ്യം നടത്തിയതു കാണുമ്പോൾ മനസ്സു വല്ലാതെ പുളകിതമാകും. നമ്മുടെ ഏത് ആവശ്യത്തിനും തയ്യാറായി നിൽക്കുന്ന എയർഹോസ്റ്റസുമാരുടെ പരിചരണം എടുത്തു പറയേണ്ടതു തന്നെയാണ്. കുട്ടികൾ സീറ്റിനു മുമ്പിലുള്ള ടി.വിയിൽ സിനിമയും പാട്ടുമൊക്കെ ആസ്വദിച്ചുകൊണ്ടിരുന്നു. 4 മണിക്കൂർകൊണ്ട് ഞങ്ങൾ ദോഹ എയർപോർട്ടിൽ എത്തി. വിമാനം ലാന്റ് ചെയ്യുന്ന സമയമായപ്പോൾ വിമാനത്തിലെ അനൗൺസ്മെന്റ് ദോഹ എയർപോർട്ടിൽ ലാന്റ് ചെയ്യുകയാണ് സീറ്റ് ബെൽറ്റുകൾ ഇടുക വളരെ പെട്ടെന്നു തന്നെ വിമാനം ലാന്റ് ചെയ്തു.

അവിടെ നിന്നും അടുത്ത വിമാനത്തിൽ ലണ്ടനിലേക്കുള്ള യാത്ര. ഏതാണ്ട് 8 മണിക്കൂർ കൂടി യാത്ര ചെയ്തുവെങ്കിൽ മാത്രമേ ലണ്ടനിൽ എത്തുകയുള്ളൂ. അടുത്ത വിമാനത്തിൽ പ്രവേശിക്കാൻ 15 മിനിറ്റ് സമയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങളുടെ കൂടെ ദോഹ എയർപോർട്ടിൽ ഇറങ്ങിയ ഒരു മലയാളി കുടുംബത്തിന്റെ കൂടെ വളരെ വേഗത്തിൽ എയർപോർട്ടിൽ കൂടി ഓടിയാണ് ഞങ്ങൾ ഖത്തർ എയർവേസിന്റെ തന്നെ അടുത്ത വിമാനത്തിൽ കയറിയത്. ഞങ്ങൾ 6 പേരും കയറിയ ഉടനെ വാതിലടച്ചു. വിമാനം പറന്നുയർന്നപ്പോൾ താഴെ വളരെ ഉയരത്തിലുള്ള നിരവധി കെട്ടിടങ്ങളും മരുഭൂമിയുമായുള്ള ഖത്തറിന്റെ ദൃശ്യം ഒരു പുതിയ അനുഭവമായിരുന്നു.

രാത്രിയിലെ ഉറക്കെ ക്ഷീണം കൊണ്ട് ക്ഷീണിതരായിരുന്നെങ്കിലും വിമാനത്തിൽ കയറിയതോടെ ക്ഷീണം വിട്ടകന്നു. എയർ ഹോസ്റ്റസുമാർ ഞങ്ങൾക്ക് ഭക്ഷണം തരികയും യാത്ര വളരെ ഭംഗിയായി മുമ്പോട്ടു പോകുകയും ചെയ്തു. മറ്റു

പല രാജ്യക്കാരുടെയും കൂടെയുള്ള യാത്ര ഒരു പുതിയ അനുഭവമായിരുന്നു. മറ്റു രാജ്യങ്ങളിലെ യാത്രക്കാരുടെ പെരുമാറ്റ രീതി നമ്മൾ ശ്രദ്ധിക്കേണ്ടതു തന്നെയാണ്. വിമാനത്തിൽ പാലിക്കേണ്ട രീതികൾ വളരെ ചിട്ടയോടുകൂടി അവർ പാലിക്കുന്നത് നമ്മളെ അതിശയിപ്പിക്കും.

പിറ്റേദിവസം വെളുപ്പിന് രണ്ടു മണിക്ക് ഞങ്ങൾ ലോകത്തിലെ ഏറ്റവും വലിയ എയർപോർട്ടായ ലണ്ടനിലെ ഹീത്രുവിൽ ഇറങ്ങി. ട്രാൻസ്പോർട്ട് ബസ് സ്റ്റാൻഡിൽ ബസ് അടുക്കി ഇട്ടിരിക്കുന്നതു പോലെ വിവിധ രാജ്യങ്ങളിലെ വിമാനങ്ങൾ പാർക്ക് ചെയ്തിരിക്കുന്ന കാഴ്ച ഒന്നു കാണേണ്ടതു തന്നെയാണ്.

ഇംഗ്ലണ്ട്, അയർലൻഡ്,. സ്കോട്ട്ലന്റ്, വെയിൽസ് എന്നീ നാല് രാജ്യങ്ങൾ ചേർന്നതാണ് യുണൈറ്റഡ് കിംങ്ഡം അഥവാ ബ്രിട്ടൺ. കുടിയേറ്റം ഒഴിവാക്കുന്നതിനായി എയർപോർട്ടിൽ കർശനപരിശോധനകളുണ്ട്. വിമാനത്തിനുള്ളിൽ തന്നെ വിദേശികൾ പൂരിപ്പിക്കുന്നതിനായി ഒരു ഫോം നൽകും. നമ്മുടെ പേര്, മേൽവിലാസം, യോഗ്യതകൾ, ജോലി, ഫോൺ നമ്പർ, നമ്മൾ ഏത് ഫ്ളൈറ്റലെല്ലാം കയറി എവിടെ നിന്നെങ്ങോട്ട്, ആ ഫ്ളൈറ്റ് നമ്പറുകൾ, നമ്മൾ പോകുന്ന സ്ഥലം. അവിടുത്തെ നമ്മുടെ സ്പോൺസർ, അവരുടെ വിശദവിവരങ്ങൾ, കുട്ടികളുടെ വിവരങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽപ്പെടും. എയർപോർട്ടിൽ ഇറങ്ങിക്കഴിഞ്ഞാൽ ബോർഡർ ഫോഴ്സിന്റെ അടുത്തേക്കാണ് നമ്മെ ഡയറക്ട് ചെയ്യുന്നത്. അവർ ഈ ഫോമിലെയും പാസ്പോർട്ടിലെയും വിവരങ്ങളെല്ലാം പരിശോധിക്കുന്നതോടൊപ്പം ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യും. എല്ലാ ഡാറ്റായും ഞങ്ങൾ 4 പേരോടും ക്രോസ് ക്വസ്റ്റ്യൻ ചെയ്തു. അവസാനം എല്ലാ വിരലുകളുടെയും ഇംപ്രഷനും ഫോട്ടോയും എടുത്തതിനുശേഷം കുട്ടികളെ എവിടെക്കണ്ടാലും അവരോടൊപ്പം മാതാപിതാക്കളിലൊരാളെങ്കിലും കൂടെയുണ്ടായിരിക്കണം എന്ന നിബന്ധന ഒന്നുകൂടി ഒർമ്മിപ്പിച്ചതിനുശേഷം പോകാൻ അനുവദിച്ചു. ഫ്രാൻസിൽ ഇറങ്ങിയപ്പോഴും തിരികെ ഇംഗ്ലണ്ടിൽ വന്നപ്പോഴും ഇതെല്ലാം ആവർത്തിച്ചു. (ബ്രിട്ടീഷ് പൗരത്വമുള്ളതിനാൽ ഒരു സെക്കന്റിനുള്ളിൽ ചേച്ചിയെയും കുടുംബത്തെയും വേറെ ക്യൂവിൽ വിസ മാത്രം സ്റ്റാമ്പ് ചെയ്ത് കടത്തിവിട്ടു.)

ചേച്ചിയുടെ വീട്ടിലേക്ക് (വെയിൽസ്) കൊണ്ടു പോകുന്നതിനായി ചേച്ചിയും ചേട്ടനും വന്നിരുന്നു. ലണ്ടനിൽ ഇറങ്ങിയപ്പോഴാണ് ചേട്ടനും ചേച്ചിയും പറഞ്ഞിരുന്ന അവിടുത്തെ കാലാവസ്ഥയെപ്പറ്റി മനസ്സിലാക്കിയത്. സ്വെറ്ററുകൾ ധരിച്ചിരുന്നിട്ടു പോലും മരവിപ്പിക്കുന്ന തണുപ്പായിരുന്നു. നമ്മൾ അനുഭവിച്ചിട്ടുള്ള തണുപ്പിനേക്കാൾ വളരെക്കൂടുതലാണ് അവിടെ ഞങ്ങൾക്കു വേണ്ടി അവൻ കൊണ്ടു വന്ന കോട്ടുകൾ ധരിച്ച് അവരുടെ കാറിൽ വീട്ടിലേക്ക് പുറപ്പെട്ടു. വെയിൽസിന്റെ തലസ്ഥാനമായ കാർഡിഫിലെ പെൻടലിൻ എന്ന സ്ഥലത്താണ് അവരുടെ വീട്. ഏതാണ്ട് 3 മണിക്കൂർ എടുത്ത ഈ യാത്രയ്ക്കിടയിൽ അവിടുത്തെ റോഡുകളെപ്പറ്റിയും ജീവിതരീതിയെപ്പറ്റിയും അവർ വിശദീകരിച്ചു തന്നു. എങ്കിലും അതു ശരിക്കും മനസ്സിലായത് അവിടെ ഒരു മാസം താമസിച്ചപ്പോഴാണ്. ഞങ്ങളവിടെയെത്തിയത് 3 ഡിഗ്രി മുതൽ 13 ഡിഗ്രി വരെ ചൂടുള്ള വേനൽകാലത്താണ്. സൂര്യനസ്തമിക്കുന്നത് രാത്രി 9 മണി കഴിഞ്ഞാണ്. എന്നാൽ നേരം പുലരുന്നത് രാവിലെ 6 മണിക്കു തന്നെയാണ്. അതിനാലായിരിക്കാം സൂര്യനസ്തമിക്കാത്ത നാട് എന്നറിയപ്പെടുന്നത്.

അങ്ങനെ ഏതാണ്ട് ഒരു ദിവസത്തെ യാത്രയ്ക്കു ശേഷം വെളുപ്പിന് 5 മണിയോടുകൂടി ഞങ്ങൾ ചേച്ചിയുടെ വീട്ടിലെത്തി. പുതിയ ഒരു ഐപാഡ് തന്നാണ് അവർ ഞങ്ങളെ സ്വീകരിച്ചത്. യാത്രാക്ഷീണം മൂലവും കാലാവസ്ഥയുമായി പൊരുത്തപ്പെടുന്നതിനുവേണ്ടിയും ഞങ്ങൾ രണ്ടുദിവസം വീടിനു പുറത്തിറങ്ങിയതേ ഇല്ല. എങ്കിലും നിരവധി മലയാളികുടുംബങ്ങൾ ഞങ്ങളെ സന്ദർശിക്കുന്നതിനായി വന്നു കൊണ്ടിരുന്നു. ഞങ്ങൾ കൊണ്ടുപോയിരുന്ന പലഹാരങ്ങളും മറ്റു സാധനങ്ങളും എല്ലാം എല്ലാവർക്കുമായി പങ്കുവച്ചു. കാർഡിഫ് മലയാളി അസോസിയേഷന്റെ പ്രസിഡന്റാണ് ചേട്ടൻ.

ചേച്ചിയുടെ പേര് ഷൈനി, ചേട്ടന്റെ പേര് ബോബി. ചേച്ചിക്ക് രണ്ട് മക്കളാണ്. മൂത്ത മകൻ അജയ്, കാർഡിഫ് യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗിന് പഠിക്കുന്നു. ഇളയമകൻ അക്ഷയ് എട്ടാം ക്ലാസ്സിൽ പഠിക്കുന്നു. ചേച്ചിയും ചേട്ടനും രണ്ടുഷിഫ്ടിലാണ് ജോലി ചെയ്യുന്നത്. എങ്കിൽ മാത്രമേ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകാൻ പറ്റുകയുള്ളൂ. മൂത്തമകൻ അജയ് പഠനത്തോടൊപ്പം ജോലിയും ചെയ്യുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയുള്ള അവിടുത്തെ വിദ്യാഭ്യാസ രീതിയുടെ ഭാഗമാണ് അത്.

ചേച്ചിയും ചേട്ടനും കാർഡിഫ് യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ (അവിടുത്തെ മെഡിക്കൽ കോളേജിൽ) ജോലി ചെയ്യുന്നവരാണ്. അവിടെ താമസിക്കുന്ന ഏറിയ പങ്ക് മലയാളികളും ഏതാണ്ട് ഇതുപോലെ തന്നെ മെഡിക്കൽ ഫീൽഡിൽ ജോലി ചെയ്യുന്നവരാണ്. ഇവർ മിക്കവരും കോട്ടയത്തുകാരായ

ക്രിസ്ത്യൻ കുടുംബത്തിൽപ്പെട്ടവരാണ്. അക്കാരണത്താൽ തന്നെ നല്ല ദൈവവിശ്വാസമുള്ളവരും അവിടുത്തെ പള്ളികളിൽ ഒത്തു കൂടുന്നവരുമാണ്. മലയാളി വൈദികർ മാസത്തിലൊരിക്കൽ നടത്തുന്ന മലയാളം കുർബാനയിൽ ഇവർ ഒന്നിച്ചു കൂടുകയും, വീട്ടിലുണ്ടാകുന്ന പ്രധാന ചടങ്ങുകളിൽ വൈദികർക്കു പ്രഥമ സ്ഥാനം നൽകുകയും ചെയ്യാറുണ്ട്. ഈ മലയാളികളുടെയെല്ലാം വീട്ടിൽ ഞങ്ങളെ അതിഥികളായി കൊണ്ടുപോയി വിഭവസമൃദ്ധമായ ഭക്ഷണം നൽകുകയുണ്ടായി. ഇവരെല്ലാം വളരെ നന്നായി പാചകം ചെയ്യുന്നവരാണെന്ന് പറയാതെ വയ്യ.

ചേച്ചിയും കുടുംബവും താമസിക്കുന്നത് വെയിൽസ് എന്ന രാജ്യത്തിന്റെ തലസ്ഥാനമായ കാർഡിഫിലാണ്. വെൽഷും ഇംഗ്ലീഷുമാണ് സംസാര ഭാഷ. ഈ പ്രദേശമൊന്നു വീക്ഷിച്ചാൽ കേരളത്തിന്റെ ഒരു പച്ചപ്പും രീതിയുമൊക്കെ കാണാം. അവിടുത്തെ വീടുകളെല്ലാം ഒരേ മാതൃകയിലുള്ളതാണ്. തണുപ്പിൽ നിന്നും രക്ഷപ്പെടുത്തുന്നതിന് തടി ഉപയോഗിച്ചാണ് വീടുകളുടെ തറ നിർമ്മിച്ചിരിക്കുന്നത്. ഇവിടെ ഉറുമ്പ്, ചിതൽ, പാറ്റ, പല്ലി, എലി, പാമ്പ് എന്നീ ജീവികളെ കാണാനേയില്ല. അതിനാൽ തടികൊണ്ടുള്ള ഇത്തരം വീടുകളുടെ ആയുർദൈർഘ്യം വളരെ കൂടുതലാണ്. തണുപ്പിൽ നിന്നും രക്ഷ നേടാൻ ഹീറ്റിംഗ് സിസ്റ്റം എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഘടിപ്പിച്ചിട്ടുണ്ട്. വാഹനങ്ങളിൽ പോലും ഹീറ്റിംഗ് സിസ്റ്റം ഉപയോഗിക്കുന്നു. അവരവരുടെ വസ്തുവിന്റെ അതിര് തിരിച്ചിരിക്കുന്നത് മതിലുകൾ കൊണ്ടല്ല, മറിച്ച് കുറ്റിച്ചെടികൾ വളർത്തി വെട്ടി നിർത്തിയിരിക്കുകയാണ് (അതല്ലെങ്കിൽ പലകകൾ ഉപയോഗിച്ച്) എല്ലാ വീടുകളും ഒരു പോലെയായതിനാൽ ഞാനാണ് വലിയവൻ എന്ന ചിന്ത ആർക്കും തന്നെയുമില്ല.

നിരനിരയായി നിൽക്കുന്ന ഒരേ പോലെയുള്ള സെമിഡിറ്റാച്ച്ഡ്/ ഡിറ്റാച്ച്ഡ് വീടുകൾ കാണാൻ വളരെ ഭംഗിയാണ്. യു.കെയിലെ വീടുകളെല്ലാം പുറമേ നിന്നു കാണുമ്പോൾ ഒരു പോലുള്ളവയാണ്. ഓടു പോലുള്ള വസ്തുകൊണ്ട് ചരിച്ചു വാർത്ത മേൽക്കൂര മഞ്ഞ് കെട്ടിക്കിടക്കാതിരുക്കാൻ സഹായിക്കും. വളരെയേറെ അംഗവൈകല്യമുള്ളവർക്കു മാത്രം താഴത്തെ നിലയിൽ എല്ലാവിധ മുറികളും ഉണ്ടാകും. മറ്റു വീടുകൾക്കെല്ലാം മുകൾനിലയിലാണ് കിടപ്പുമുറികൾ. പ്രദേശം, സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വീടുകളുടെ നിലയിൽ വ്യത്യാസമുണ്ടാകും. ആളുകൾക്ക് സ്വന്തമായി വീട് നിർമ്മിക്കുവാൻ അനുമതിയില്ല. ഒരു പ്രദേശത്ത് സർക്കാർ തന്നെ വീടുകൾ നിർമ്മിച്ചതിനുശേഷം റോഡുകളും നാവിഗേഷൻ സിസ്റ്റവും എല്ലാം സെറ്റ് ചെയ്ത് ആവശ്യക്കാർക്ക് വിൽക്കുക



യാണ് ചെയ്യുന്നത്. വളരെ അത്യാവശ്യഘട്ടങ്ങളിൽ മാത്രം വീടിന്റെ പുറകുവശത്ത് ചെറിയ എക്സ്റ്റൻഷൻ അനുവദിക്കും. മുൻഭാഗത്ത് യാതൊരുവിധ എക്സ്റ്റൻഷനും അനുവദിക്കുകയില്ല. ഇത്തരം റസിഡൻഷ്യൽ ഏരിയായുടെ നിർമ്മാണം ലിവർപൂളിലേക്കുള്ള യാത്രയിൽ കണ്ടു. റോഡിന്റെ ഒരു വശത്തുള്ള വീടുകൾക്കെല്ലാം ഒറ്റസംഖ്യയും മറുവശത്ത് ഇരട്ടസംഖ്യയുമാണ് വീട്ടുനമ്പർ. മറ്റൊരാളിൽ നിന്നും വീട് വാങ്ങുന്നതും ഗവൺമെന്റ് മുഖേനയേ സാധിക്കൂ.

വളരെയധികം ആൾക്കാർ താമസിക്കുന്ന ഒരു നല്ല റസിഡൻഷ്യൽ ഏരിയയാണ് കാർഡിഫ്. എല്ലാ വീടുകളിലേക്കും പ്രവേശിക്കുന്നതിന് റോഡുകളുണ്ട്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് റോഡരികിൽ പ്രത്യേക സ്ഥലം തന്നെ ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നു. നാട്ടിൽ പോരുമ്പോഴാണ് എല്ലാവരും വാഹനങ്ങൾ പോർച്ചിൽ ഇടുന്നത്. വീടുകളുടെ അടുത്ത് മരങ്ങൾ വളരെ ഉയരത്തിൽ വളർത്താൻ അനുവദിക്കുകയില്ല. ഇവരുടെ വീടിന്റെ അടുത്തുതന്നെ ഒരു ആശുപത്രിയുള്ളതിനാൽ ചികിത്സാ സൗകര്യമുണ്ട്. അതുപോലെ തന്നെ നേരെ എതിർവശത്ത് അതിവിശാലമായ പച്ചപ്പുല്ല് വിരിച്ച ഒരു കളിസ്ഥലമുണ്ട്. അവിടെയാണ് ആളുകൾ നടക്കാനും കളിക്കാനുമൊക്കെ വരുന്നത്. കുട്ടികൾക്കുള്ള പാർക്കും അവിടെത്തന്നെ കാണാം. വീടിന്റെ രണ്ടു വശങ്ങളിലുമുള്ളത് ഇംഗ്ലീഷുകാരുടെ വീടുകളാണ്. ചെന്ന അന്ന് വൈകിട്ട് പാർക്ക് കാണാൻ പോയ ഞങ്ങൾക്ക് 5 മിനിറ്റിനകം ജലദോഷവും ചുമയും തുടങ്ങി. അവിടുത്തെ summer-ന്റെ തുടക്കത്തിലാണ് ചെന്നത്. കടകളിൽ പോലും winter ഡ്രസ്സുകൾ കുറഞ്ഞു. വളരെ നേരിയ കാറ്റിൽ റോസാച്ചെടിയുടെ ഇലകൾ ചെറുതായി വിറയ്ക്കുന്നതു കാണാം. വിന്റർ ഡ്രസ്സിനുള്ളിൽപോലും തണുത്തു വിറയ്ക്കും.

ഇവിടുത്തുകാർ നിയമം വളരെ കർക്കശമായി പാലിക്കുന്നവരാണ്. ഇവിടുത്തെ റോഡുകളാണ് ഏറ്റവും വിശേഷം. ദൂരെ കിലോമീറ്ററിലല്ല മൈലിലാണ് അളക്കുന്നത്. 150-200 മൈൽ (ഒരു മൈൽ - ഒന്നര കിലോമീറ്റർ) സ്പീഡിൽ പായുന്ന വാഹനങ്ങൾ. ഹോൺ മുഴക്കുന്ന ശബ്ദം കേൾക്കാറില്ല. പ്രധാന റോഡുകളെല്ലാം 8,10 വരി പാതയാണ്. ഇവയെ മോട്ടോർ വേ എന്നാണ് വിളിക്കുന്നത്. 4 വരി വീതം ഒരു വശത്ത് ഇതിൽതന്നെ കാറുകൾക്കും ആംബുലൻസിനും പോലീസിനും ബസുകൾക്കും ട്രക്കുകൾക്കും വേറെ വേറെ ലൈനുകളാണ്. ഒരു ലൈൻ ഒഴിഞ്ഞു കിടന്നാൽ എത്ര ബ്ലോക്കാണെങ്കിൽ പോലും മറ്റു വാഹനങ്ങൾ ആ ലൈനിൽ പ്രവേശിക്കുകയില്ല. റോഡിലെല്ലാം തന്നെ മുന്നറിയിപ്പെന്ന നിലയിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. എത്ര കിലോമീറ്റർ വേഗതിലാണ് യാത്ര ചെയ്യേണ്ടത് എന്നു വരെ ഈ ബോർഡിൽ കാണാം. സിറ്റിയിലെ തിരക്ക് കുറയ്ക്കുന്നതിനായി കാറുകൾ പാർക്ക് ചെയ്യുന്നതിന് ഗവൺമെന്റ് പ്രത്യേക സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. ഇവിടെ കാർ പാർക്ക് ചെയ്തതിനു ശേഷം സിറ്റിയിലേക്ക് ബസ്സിൽ യാത്ര ചെയ്യാം. അങ്ങനെ യാത്ര ചെയ്യുന്നവർക്ക് പ്രത്യേക ടിക്കറ്റിളവ് ലഭിക്കുന്നതാണ്. ബസ്സ്റ്റോപ്പിലും റയിൽവേ സ്റ്റേഷനിലും കടകളിലുമെല്ലാം ക്യൂ പാലിച്ചേ ആളുകൾ നിൽക്കുകയുള്ളൂ. ഇനി ബസ്സിൽ കയറുന്ന രീതി. ആദ്യം ബസ് സ്റ്റോപ്പിൽ വന്നയാളാണ് ആദ്യം ബസിൽ കയറുക. വയസ്സായവരെ മുന്നിൽ കയറ്റാം എന്ന് നമ്മൾ കരുതിയാൽപോലും അവർ കയറുകയില്ല. ഇവിടുത്തെ ട്രാൻസ്പോർട്ട് ബസിൽ കണ്ടക്ടറില്ല. ഡ്രൈവർ തന്നെയാണ് ടിക്കറ്റ് കൊടുക്കുന്നത്. അംഗവൈകല്യമുള്ളവരെ ബസ്സിൽ കയറ്റുന്നതിന് ബസ്സിന്റെ ഡോർ അവർക്കനുസൃതമായി ഡ്രൈവർ താഴ്ത്തിക്കൊടുക്കും. ബസ്സിൽ കയറുമ്പോൾ ഡ്രൈവറിൽ നിന്ന് ഗുഡ്മോർണിംഗും ഇറങ്ങുമ്പോൾ താങ്കയുഉം കേൾക്കാം. ലാഭേച്ഛ കൂടാതെയുള്ള ഒരു പ്രവർത്തനമാണ് ഗവൺമെന്റിന്റെ ട്രാൻസ്പോർട്ട് സംവിധാനം.

ചേച്ചിയുടെ വീട്ടിലെത്തി നാലാം ദിവസം ഞങ്ങൾ ലണ്ടനിലെ സ്റ്റാൻസ്റ്റെഡ് എയർപോർട്ടിൽ നിന്നും ഫ്രാൻസിലേക്ക് ഒരു വിമാന യാത്ര നടത്തി. അവിടെ ദൈവമാതാവ്, സിസ്റ്റർ ബർനദീത്ത എന്ന വിശുദ്ധയ്ക്ക് പ്രത്യക്ഷപ്പെട്ട ലൂർദ്പള്ളിയിലേക്കാണ് ഞങ്ങളുടെ യാത്ര. ഇതിനായി കാറിൽ ലണ്ടനിൽ എത്തി. എയർപോർട്ട് ടെർമിനലിന്റെ തൊട്ടടുത്തുതന്നെ പല നിലകളിലായി പതിനായിരക്കണക്കിന് കാറുകൾ പാർക്ക് ചെയ്യാനുള്ള സൗകര്യമുണ്ട്. കൂടാതെ മൈലുകൾക്ക് മുമ്പേ മുതൽ നിരവധി ഗവൺമെന്റ്/പ്രൈവറ്റ് പാർക്കിംഗ് ഏരിയകൾ ഉണ്ട്. ഇതിനായി വളരെ നേരത്തെ തന്നെ ബുക്ക് ചെയ്യണം. എയർപോർട്ടിന്റെ അടുത്തേയ്ക്ക് വരുന്തോറും പാർക്കിംഗ് ചാർജ്ജ് കൂടുതലാണ്. പാർക്കിംഗ് ഏരിയാകളിൽ നിന്ന് എയർപോർട്ടിലേയ്ക്ക് ബസ് സർവ്വീസ് ഉണ്ട്. ഇതിനുൾപ്പെടെയാണ് പാർക്കിംഗ് ചാർജ്ജ്. എത്രാം നമ്പർ ബസ് സ്റ്റോപ്പിലാണ് വണ്ടിയെന്നും ഏതു സോണിലാണ് പാർക്ക് ചെയ്തതെന്നും നോക്കി വച്ചില്ലെങ്കിൽ വലിയ ബുദ്ധിമുട്ടുണ്ടാകും. ബസിൽ നിന്നും ഇറങ്ങേണ്ട സ്റ്റോപ്പായാൽ സീറ്റിനു മുമ്പിലെ സ്വിച്ച് അമർത്തിയാൽ മതി. ആളുകളും ലഗേജുകളും എല്ലാം പൂർണ്ണമായും ഇറങ്ങി എന്ന് ഉറപ്പുവരുത്തി



യിട്ടേ ഡ്രൈവർ ബസ് എടുക്കുകയുള്ളൂ. നമ്മുടെ എ.സി. ലോഫ്ളോർ ബസുകൾ പോലെയുള്ള ഡബിൾഡക്കർ ബസ്സുകളാണേറെയും. വനിതകളായ വളരെയേറെ ബസ് ഡ്രൈവർമാരെ കണ്ടു. ഇത്തരമൊരു പാർക്കിംഗ് ഏരിയായിൽ കാർ പാർക്ക് ചെയ്തു ബസിൽ ഞങ്ങൾ ടെർമിനലിൽ എത്തി.

ഏകദേശം മൂന്നു മണിക്കൂർകൊണ്ട് ഞങ്ങൾ ലൂർദ്ദിലെത്തി. മഞ്ഞുമൂടിയ മലനിരകളുടെ നടുവിൽ സമതലം പോലെയാണ് ഫ്രാൻസ്. എങ്ങും നിറയെ പൂക്കൾ. റബ്ബർ തോട്ടത്തിൽ നിറയെ ചെറിയ പൂക്കൾ നിൽക്കുന്നതുപോലെയാണ് തോന്നുക. ഇംഗ്ലണ്ടിനേക്കാൾ ഒന്നര മണിക്കൂർ മുന്നിലാണ് ഫ്രാൻസിലെ സമയം. വിമാനത്തിൽ നിന്നുള്ള ഫ്രാൻസിന്റെ കാഴ്ച അതിമനോഹരമായിരുന്നു. നിരോധനമുണ്ടെങ്കിലും കുട്ടികൾ ഐപാഡിൽ നിരവധി ഫോട്ടോകൾ എടുത്തു. അവിടെ പള്ളിയുടെ അടുത്തു തന്നെ സെന്റ് ജോസഫ് സിസ്റ്റേഴ്സ് നടത്തുന്ന ഒരു വിശ്രമ കേന്ദ്രത്തിലാണ് ഞങ്ങൾ താമസിച്ചത്. ഈജിപ്ത്, ഫ്രാൻസ്, യു.കെ എന്നിവിടങ്ങളിൽ നിന്നുള്ളവരെക്കൂടാതെ പാല, മലയാറ്റൂർ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ നിന്നുള്ള 3 മലയാളി സിസ്റ്റർമാരും അവിടെയുണ്ടായിരുന്നു.

ഞങ്ങൾ 4 ദിവസം പ്രാർത്ഥനയും കുർബാനയും കൊന്തയുമൊക്കെയായി ലൂർദ്ദിൽ കഴിഞ്ഞു. രാവിലെ ഏഴു മണിയോടുകൂടി ബ്രേക്ക് ഫാസ്റ്റ് അവിടെ നിന്നും ലഭിക്കും. ബ്രേക്ക് ഫാസ്റ്റിന് ഡ്രൈ ബ്രെഡ്, വിവിധതരം ജാമുകൾ, ചീസ്, ബട്ടർ, ഓറഞ്ച്/മുന്തിരി/ആപ്പിൾ ഫ്രഷ് ജ്യൂസ്, പാൽ, റ്റീബാഗ്, ഷുഗർപാക്കറ്റ് എന്നിവയാണ് ലഭിക്കുക. ആവശ്യാനുസരണം മിക്സ് ചെയ്ത് ഉപയോഗിക്കാം. ഞങ്ങൾ മഠത്തിൽ നിന്ന് പള്ളിയിലേക്ക് നടന്നുപോകും. കേരളത്തിലെ ഒരു കായൽ പ്രദേശത്തുകൂടി നടന്നു പോകുന്ന ഒരു പ്രതീതിയാണപ്പോൾ. നാലുവശത്തും ഉയർന്നു നിൽക്കുന്ന കുന്നിൻ ചരിവുകൾ, ഇതിന്റെ നടുവിലൊരു നദി. ഈ നദിയുടെ കരയിൽ പച്ചപ്പുൽ വിരിച്ച ഒരു താഴ്വര. അവിടെ ഫാം ഹൗസും കഴുത്തിൽ മണികെട്ടിയ ആയിരക്കണക്കിന് ചെമ്മരിയാട്ടിൻ കൂട്ടവും. ആട്ടിൻകൂട്ടത്തെ നോക്കാൻ കാവൽ നായ്ക്കളുണ്ട്. ഈ ചെമ്മരിയാട്ടിൻകൂട്ടത്തെ കാണുമ്പോൾ ബൈബിളിലെ പഴയ നിയമം വായിക്കുമ്പോഴുള്ള ഒരു അനുഭവമുണ്ടാകും. ഈ നദിക്കരയിൽ കാർ പാർക്ക് ചെയ്ത് ചൂണ്ടയിട്ടകൊണ്ടു നിൽക്കുന്ന ധാരാളം വിദേശികളെ കാണാം. ഇത് അവരുടെ ഒരു വിനോദമാണെന്നാണ് ഞാനറിഞ്ഞത്. ഈ നദിക്കരയിലൂടെ അരമണിക്കൂർ നടന്ന് ഞങ്ങൾ പള്ളിയിലെത്തി. തണുത്തു വിറച്ചാണെങ്കിലും ആ യാത്ര ഞങ്ങളെല്ലാം വളരെ ആസ്വദിച്ചു.

അവിടെ ആദ്യം ഞങ്ങളെത്തിയത് മാതാവ്, സിസ്റ്റർ ബർനദീത്തായ്ക്കു പ്രത്യക്ഷപ്പെട്ട സ്ഥലത്താണ്. അവിടെ വി.കുർബാന നടക്കുകയാണ്. അവിടെ തുടരെ തുടരെ ഇറ്റാലിയൻ, ഫ്രഞ്ച്, സ്പാനിഷ് മുതലായ പല ഭാഷകളിലായി വി. കുർബാന നടന്നുകൊണ്ടിരിക്കും. ഈ സ്ഥലത്ത് 18 പ്രാവശ്യം ദൈവമാതാവ് ഈ വിശുദ്ധക്ക് പ്രത്യക്ഷ



പ്പെട്ടു എന്നാണറിഞ്ഞത്. ഇങ്ങനെ ഒരു സംഭവം നടക്കുന്നതിനു മുമ്പ് ഈ സ്ഥലം ഒരു വനപ്രദേശമായിരുന്നിരിക്കണം. ഈ പള്ളിയുടെ അടുത്തു തന്നെയാണ് സിസ്റ്റർ ബർനദീത്തായുടെ വീട്. അവിടം ഞങ്ങൾ സന്ദർശിച്ചു. അന്ന് ഉപയോഗിച്ചിരുന്ന വസ്തുക്കളും എണ്ണയാട്ടുന്ന ഒരു ചക്കും എല്ലാം ഇന്നും കാത്തുസൂക്ഷിക്കുന്നു.

മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലം വലിയ ഒരു പാറക്കെട്ടാണ്. അതിന്റെ താഴ്ഭാഗത്തായിട്ടാണ് ഈ വിശുദ്ധ സ്ഥലം. അവിടെ മാതാവിന്റെ ഒരു രൂപം വച്ചിട്ടുണ്ട്. ഈ പാറക്കെട്ടിന്റെ ഉള്ളിലേയ്ക്ക് കടന്നാൽ അവിടെ വിശുദ്ധമായി സൂക്ഷിച്ചിരിക്കുന്ന ഒരു നീരുറവ കാണാം. മാതാവ് പ്രത്യക്ഷപ്പെട്ട സമയത്ത് സിസ്റ്റർ ബർനദീത്തയോട് ആവശ്യപ്പെട്ട പ്രകാരം അവർ ഈ പാറക്കെട്ടിൽ കൈകൊണ്ട് തുരന്ന് ഉണ്ടായ നീരുറവയാണത് എന്നാണ് പറയപ്പെടുന്നത്. ഇന്നും ഈ പാറക്കെട്ടിൽ നിന്നും ജലം ഒഴുകിക്കൊണ്ടിരിക്കുന്നു. വിശുദ്ധ ജലമായി ജനങ്ങൾ ഇതിനെ കാണുന്നു. ഈ വിശുദ്ധ ജലത്തെ രണ്ടു വശത്തേയ്ക്കായി തിരിച്ചു വിട്ടിരിക്കുകയാണ്. ഒരു വശത്തെ ഈ ജലം ടാപ്പുകളിൽ നിന്നും പാത്രങ്ങളിലോ കന്നാസിലോ പിടിച്ചു വിശുദ്ധ ജലമായി ജനങ്ങൾക്കും സൂക്ഷിക്കുന്നതിനും, മറ്റു വശത്തു കൂടി പോകുന്ന ജലം നിരവധി ബാത്ത്ടബ്ബുകളിലേക്ക് വിട്ട് ജനങ്ങൾക്ക് ഹോളിബാത്ത് നടത്തുന്നതിനും വേണ്ടിയാണ്. തണുത്തു മരവിക്കുന്ന ഈ വെള്ളത്തിൽ മുങ്ങിയാൽ നിരവധി അനുഗ്രഹങ്ങൾ ലഭിക്കുമെന്നാണ് വിശ്വാസം. ഞങ്ങൾക്കെല്ലാവർക്കും തന്നെ ഹോളിബാത്ത് നടത്തുന്നതിനുള്ള അവസരം ലഭിച്ചത് ഒരു അനുഗ്രഹമായി കാണുന്നു. ഈ അനുഗ്രഹമായിരിക്കും എന്റെ ഭർത്താവിന്റെ വലതുവശത്തെ തോളുമുതൽ കൈവരെയുള്ള ഭാഗത്തുണ്ടായിരുന്ന വേദനയില്ലാതായത് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. രണ്ടു ദിവസം മുഴുവൻ ക്യൂവിൽ നിന്നിട്ടും മുമ്പൊരിക്കലും ഹോളിബാത്തിന് അവസരം ലഭിക്കാതിരുന്നത് ചേച്ചി ഓർമ്മിച്ചു.

ഇനി ലൂർദ്ദ് പള്ളിയിലേക്കു കടക്കാം. ഈ പള്ളി നിർമ്മിച്ചിരിക്കുന്നത്. ഞാൻ മുൻപറഞ്ഞ പാറക്കെട്ടുകൾക്കു മുകളിലാണ്. മൂന്നു നിലകളിലായാണ് ഈ പള്ളിയുടെ നിർമ്മാണം. പള്ളിയുടെ ഭിത്തികളിൽ ജപമാലയുടെ രഹസ്യങ്ങളെല്ലാം വളരെ മനോഹരമായി പെയിന്റ് ചെയ്തിരിക്കുന്നു. വളരെ പഴക്കം ചെന്നതാണവ. അമലോത്ഭവ മാതാവിന്റെ വളരെ പ്രത്യേകതയുള്ള ഒരു പെയിന്റിംഗ് മദ്ബഹായുടെ മുകളിൽ ഉണ്ട്. പകൽ സമയങ്ങളിലെല്ലാം പോർച്ചുഗീസ്, ഫ്രഞ്ച്, ഇംഗ്ലീഷ്, ഇറ്റാലിയൻ തുടങ്ങിയ പല ഭാഷകളിലായി ഈ പള്ളിയിൽ വി. കുർബ്ബാന നടക്കും. പകൽ സമയം മുഴുവൻ ഈ പള്ളിപരിസരത്തു കഴിഞ്ഞതിനാൽ ഇവിടെ നടക്കുന്ന എല്ലാ കുർബാനയ്ക്കും റാസയ്ക്കു (പ്രദക്ഷിണം)മൊക്കെ പങ്കെടുക്കാൻ ഭാഗ്യമുണ്ടായി. അംഗവൈകല്യമുള്ളവരെ അവിടെ പ്രത്യേകം താമസിപ്പിച്ച് അവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനയും കൊന്തയും നൊവേനയുമൊക്കെ നടത്തുന്നതിനും അവരെ പരിചരിക്കുന്നതിനും മറ്റും ആൾക്കാർ കൂടുതൽ മുൻഗണന കൊടുക്കുന്നത് കാണാം. ഇതിനായി പല രാജ്യങ്ങളിൽ നിന്നും വിദ്യാർത്ഥികൾ അടക്കം നിരവധി വോളന്റിയർമാരുണ്ട്. പുസ്തകങ്ങൾ, മെഴുകുതിരി തുടങ്ങിയവയെല്ലാം വിൽപ്പനയ്ക്കു വച്ചിട്ടുണ്ടെങ്കിലും കച്ചവടക്കാരില്ല. അതിന്റെ വില തൊട്ടടുത്തുള്ള പെട്ടിയിൽ ഇട്ട് സാധനം എടുക്കുകയാണ് ചെയ്യുന്നത്. സുവനീർ വെന്റിംഗ് മെഷീനിൽ രണ്ടു യൂറോ നിക്ഷേപിച്ച് വി.ബെർനദീത്തായുടെ ചിത്രമുള്ള സ്വർണ്ണ നാണയം പോലുള്ള സുവനീർ കുട്ടികൾ സ്വന്തമാക്കി.

വൈകുന്നേരം 5 മണിയ്ക്ക് എല്ലാ ദിവസവും പള്ളിമുറ്റത്ത് ദിവ്യകാ

രുണ്യ പ്രദക്ഷിണമുണ്ട്. ഈ പ്രദക്ഷിണത്തിൽ 10000ൽ പരം ആൾക്കാർ പങ്കെടുക്കുന്നു. ബിഷപ്പുമാർ ഉൾപ്പെടെയുള്ള വൈദികരാണ് ഇതിനു നേതൃത്വം കൊടുക്കുന്നത്. അംഗവൈകല്യമുള്ളവരെ പരിചരിച്ചുകൊണ്ട് അവരെ ശുശ്രൂഷിക്കുന്ന ആൾക്കാർ അവരുടെ വീൽചെയറിനു പിന്നാലെ ഈ പ്രദക്ഷിണത്തിനു മുൻനിരയിലുണ്ടാകും. അതിനു പുറകിലായിട്ടാണ് ജനങ്ങൾ പ്രദക്ഷിണത്തിനു പോകുന്നത്. ദിവ്യകാരുണ്യ ആരാധന ചാപ്പലിൽ നിന്ന് ആരംഭിച്ച് ഏതാണ്ട് 20000 സീറ്റുകളുള്ള, ഭൂമിക്കടിയിൽ സ്ഥിതിചെയ്യുന്ന ഒരു പള്ളിയിലാണ് പ്രദക്ഷിണം സമാപിക്കുന്നത്. ഈ പള്ളിയുടെ ഭിത്തി മുഴുവൻ നൂറുകണക്കിന് വിശുദ്ധരുടെ ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. നല്ല മഴയത്തു പോലും മഴവെള്ളം പള്ളിയിലേക്കെത്താത്ത തരത്തിലുള്ള റോഡ് നിർമ്മാണം അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഇന്ത്യയിൽ നിന്നും പോകുന്നതിനു മുമ്പ് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ മുൻ പ്രിൻസിപ്പാളും തിരവനന്തപുരം മേജർ അതിരൂപത കോർ എപ്പിസ്കോപ്പയുമായ മാത്യു മനക്കരക്കാവിലച്ചൻ ഈ പ്രദക്ഷിണത്തെപ്പറ്റി ഞങ്ങളോടു സൂചിപ്പിച്ചിരുന്നു. (അദ്ദേഹം കുറേക്കാലം ഫ്രാൻസിലുണ്ടായിരുന്നു) ഈ പ്രദക്ഷിണത്തിൽ പങ്കെടുക്കണം. ഒരു പ്രത്യേക ദൈവാനുഗ്രഹമാണതെന്ന് അതിനാൽ തന്നെ ഞങ്ങൾ ഇതിനു വളരെ പ്രാധാന്യം കൊടുത്തു തന്നെയാണ് പങ്കെടുത്തത്.

ഈ പള്ളിയുടെ വടക്കു വശത്ത് കുത്തനെ കാണുന്ന ഒരു വലിയ ഉയർന്ന കുന്നിൻ പ്രദേശമുണ്ട്. അവിടെ കുരിശിന്റെ വഴി നടത്തുന്നതിനായി 14 സ്ഥലങ്ങളും ഒരുക്കിയിട്ടുണ്ട്. ഒരു വശത്തുകൂടി കയറി മറുവശത്ത് ഇറങ്ങുന്ന തരത്തിലാണു അവിടം ഒരുക്കിയിരിക്കുന്നത്. ബ്രിട്ടീഷുകാർ നല്ല ഉയരമുള്ള ആളുകൾ ആയതുകൊണ്ടാവാം. വളരെ നീളമുള്ള കുരിശു രൂപങ്ങളാണവിടെ. ഇവിടേക്ക് മികച്ച കോൺക്രീറ്റ് റോഡും വെള്ളം വാർന്നു പോകാൻ തക്ക ചരിവുകളും ഇട്ടിട്ടുണ്ട്. വളരെ ഉയരത്തിൽ എത്തിയപ്പോൾ പലപ്പോഴും ചെറിയ ശ്വാസതടസ്സം അനുഭവപ്പെടുകയുണ്ടായി. കുരിശിന്റെ വഴി നടത്തുന്നതിനായി ഈ മല ഞങ്ങൾ കയറിയിറങ്ങി.

എല്ലാ ദിവസവും രാത്രി 9 മണിയ്ക്ക് പള്ളിമുറ്റത്ത് 25000-ൽ പരം ജനങ്ങൾ പങ്കെടുക്കുന്ന മെഴുകുതിരി പ്രദക്ഷിണത്തോടുകൂടിയ കൊന്തനമസ്കാരം നടക്കുന്നു. വിവിധ ഭാഷകളിലായാണ് ജപമാലയുടെ (കൊന്ത) ഓരോ രഹസ്യവും ചൊല്ലുന്നത്. മഴയത്തും മരം കോച്ചുന്ന തണുപ്പത്തും ജനങ്ങളെല്ലാം വളരെ ഭക്തിനിർഭരമായി ഈ കൊന്തയിൽ പങ്കെടിക്കുന്നു. ഏകദേശം രാത്രി 11 മണി വരെ ആ സമയത്ത് ലൂർദ്ദിലെ എല്ലാ കടകളും അടച്ച് എല്ലാ മതസ്ഥരും ജപമാല പ്രദക്ഷിണത്തിൽ പങ്കെടുക്കും. ഓരോ രഹസ്യത്തിനു ശേഷവും ആവേ മരിയ എന്ന ഗാന സമയത്ത് എല്ലാവരും തിരികളുയർത്തി പിടിച്ചിരിക്കുന്ന കാഴ്ച അതിമനോഹരമായിരുന്നു. ഞങ്ങൾ നാലുദിവസവും ഈ കൊന്ത നമസ്കാരത്തിൽ പങ്കെടുക്കുകയും മാതാവിന്റെ പ്രത്യേക അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. രാത്രിയിൽ ടാക്സിയിലാണ് താമസസ്ഥലത്തേക്ക് മടങ്ങാറ്.

നിരവധി ഏക്കർ വിസ്താരമുള്ള ഈ പള്ളി മുറ്റത്തു മുഴുവൻ വിവിധ ചാപ്പലുകളും പല നിറങ്ങളിലുള്ള പൂക്കളും പുൽത്തകിടികളും മരങ്ങളും അവയ്ക്കിടയിൽ ടാർ റോഡുകളുമാണ്. അവിടെയുണ്ടായിരുന്നപ്പോൾ രണ്ടു ദിവസം മുഴുവൻ ചാറ്റൽ മഴയായിരുന്നു. മഴവെള്ളം മുഴുവൻ മരങ്ങളുടെ ചുവട്ടിലെ ഗ്രില്ലിനിടയിലൂടെ ഭൂമിയിലിറങ്ങുന്നു. റോഡിലെങ്ങും ഒരു തുള്ളി വെള്ളവും കെട്ടി നിൽക്കുന്നില്ല. ആയിരക്കണക്കിന് ആളുകൾ ഉണ്ടായിട്ടുപോലും ഒരു മിഠായി കടലാസുപോലും വഴിയിൽ ഇല്ല. എങ്ങും പൂർണ്ണ നിശബ്ദത. തമിഴ്നാട്ടുകാരനായ ഒരാൾ നടത്തുന്ന ശ്രീലങ്കൻ ഹോട്ടലിൽ നിന്നായിരുന്നു ഭക്ഷണം. ഇങ്ങനെ 4 ദിവസം ഫ്രാൻസിലെ ലൂർദ്ദിൽ മാതാവ് പ്രത്യക്ഷപ്പെട്ട പള്ളിയിൽ ഭക്തിപൂർവ്വം ചെലവഴിക്കാൻ കഴിഞ്ഞത് ജീവിതത്തിലെ ഒരു അപൂർവ്വ അനുഗ്രഹമായി ഞങ്ങൾ കാണുന്നു. അതിന് ഒരാഴ്ച മുമ്പ് ഫ്രാൻസിലും ബ്രസ്സൽസിലുമൊക്കെ സ്ഫോടന പരമ്പര ഉണ്ടായിനാൽ മറ്റു സ്ഥലങ്ങളൊന്നും ഞങ്ങൾ സന്ദർശിച്ചില്ല.

ഫ്രാൻസിൽ നിന്നും തിരികെ ഇംഗ്ലണ്ടിലെ സ്റ്റാൻസ്റ്റെഡ് വിമാനത്താവളത്തിലെത്തിയപ്പോൾ ലഗേജ് ലഭിക്കുന്നതിനായി tube train-ൽ കയറിപോകണം. london Tubes എന്ന് ഇത്തരം ഭൂഗർഭ ട്രെയിനുകൾ വളരെ വേഗത്തിൽ സഞ്ചരിക്കുന്നവയാണ്.

രണ്ടു ദിവസത്തെ വിശ്രമത്തിനു ശേഷം ഞങ്ങൾ ഇംഗ്ലണ്ടിലെ ലിവർപൂൾ എന്ന സ്ഥലത്തേയ്ക്കു പോകുകയുണ്ടായി ചേച്ചിയുടെ മക്കളുടെ അവധിക്കാലം കഴിഞ്ഞതിനാൽ ചേച്ചിയും ഞങ്ങളും മാത്രമാണ് പോയത്. ചേച്ചിയുടെ ഏറ്റവും അടുത്ത കൂട്ടുകാരിയായ റാന്നിയിലുള്ള ലിസമ്മയുടെ വീട്ടിലായിരുന്നു താമസം. അവിടേക്ക് ഞങ്ങൾ പോയത് ട്രെയിനിലായിരുന്നു. അങ്ങനെ ട്രെയിൻ യാത്ര ചെയ്യുന്നതിന് ആഴ്ചകൾക്കു മുമ്പെ ബുക്ക്

ചെയ്തെങ്കിൽ മാത്രമേ സീറ്റ് ലഭിക്കുകയുള്ളൂ. ടിക്കറ്റ് സൈ്വപ്പ് ചെയ്താലേ റെയിൽവേസ്റ്റേഷനിൽ പ്രവേശിക്കാന കഴിയുകയുള്ളൂ. റെയിൽവേ സ്റ്റേഷൻ തന്നെ നാലു നിലകളായിട്ടാണ്. ലിഫ്റ്റിൽ യാത്ര ചെയ്താണ് നമ്മൾക്കു വേണ്ട പ്ലാറ്റ്ഫോറത്തിൽ എത്തുന്നത്. സമയകൃത്യത എന്നു പറയുന്നത് ആ രാജ്യത്ത് വളരെ കർക്കശമാണ്. പുറപ്പെടുന്ന സമയത്തിന് 45 സെക്കന്റ് മുമ്പ് ട്രെയിനിന്റെ വാതിലടയുകയും പെട്ടെന്നു തന്നെ ട്രെയിൻ പുറപ്പെടുകയും ചെയ്യും. ഭൂമിക്കടിയിൽകൂടി ഉണ്ടാക്കിയ തുരങ്കത്തിൽ കൂടിയാണ് യാത്ര. എന്നാൽ കുറേദൂരം കഴിയുമ്പോൾ ഉപരിതലത്തിലെത്തുന്നു. പിന്നീടുള്ള കാഴ്ചകൾ വളരെ മനോഹരമാണ്. ചെമ്മരിയാടുകളും കുതിരകളും പോത്തുകളും നീണ്ടു പരന്നു കിടക്കുന്ന പുൽത്തകിടിയിൽ കൂട്ടമായി മേഞ്ഞു നടക്കുന്നതു കാണാം. കൃഷിയിടങ്ങളാണെങ്കിലും കണ്ണെത്താദൂരത്ത് നെൽപ്പാടങ്ങൾ പോലെ കാണാം. ആടും പോത്തും കുതിരയും മറ്റും അവിടെയുള്ള ജനങ്ങളുടെ ജീവിതമാർഗ്ഗങ്ങളാണ്.

ട്രെയിൻ സീറ്റുകൾ ഉയർന്ന നിലവാരമുള്ള കുഷ്യൻ കൊണ്ടുള്ളവയാണ്. ട്രെയിനിലെ എല്ലാ ബോഗികളിലും വേസ്റ്റ് ഇടാൻ അടപ്പുള്ള വലിയ ബിൻ വച്ചിട്ടുണ്ട്.

പ്ലാസ്റ്റിക്കിന് പ്രത്യേകവും യാത്രക്കാർ ഭക്ഷണത്തിനുശേഷം അവയിൽ മാത്രമേ വേസ്റ്റ് ഇടുകയുള്ളൂ. യാത്രയ്ക്കിടയിൽ വേസ്റ്റ് മാറ്റുന്നതിനായി ജോലിക്കാരുണ്ട്. ട്രെയിൻ വളരെ വൃത്തിയുള്ളതാണ്.

ഏകദേശം 4 മണിക്കൂർ യാത്ര ചെയ്ത് ഞങ്ങൾ ലിവർപൂളിലെത്തി. ലിവർപൂൾ റെയിൽവേസ്റ്റേഷൻ വളരെയധികം പ്ലാറ്റ്ഫോമുകളുള്ള ഒരു ഭൂഗർഭ സ്റ്റേഷനാണ്. വളരെ കുത്തനെയുള്ള എക്സലേറ്ററിൽ കയറി വേണം പുറത്തെത്താൻ എന്ന് കണ്ടപ്പോൾ ത്തന്നെ ഉള്ളിൽ തീയാളി. പിന്നെ രണ്ടും കൽപിച്ച് ധൈര്യം സംഭരിച്ച് പുറത്തെത്തി. അവിടെ ഞങ്ങളെക്കാത്ത് ചേച്ചിയുടെ കൂട്ടുകാരി ലിസമ്മയും മകൻ ജേക്കബും നിന്നിരുന്നു. മരംകോച്ചുന്ന തണുപ്പത്ത് റെയിൽവേസ്റ്റേഷൻ പരിസരം നിരീക്ഷിച്ചപ്പോൾ പ്രാവുകൾ കൂട്ടത്തോടെ പറക്കുന്നതുപോലെ തോന്നി. വെള്ളനിറവും കഴുത്തിൽ തവിട്ടുനിറമുള്ളതുമായ ആ പക്ഷികൾക്ക് പരുന്തിനോളം വലിപ്പം തോന്നിച്ചു. Sea gull ഇനത്തിൽപ്പെട്ടവയാണ് അതെന്ന് ജേക്കബ് പറഞ്ഞു.

ലിസമ്മയോടും മകൻ ജേക്കബ്ബിനോടുമൊപ്പം ഞങ്ങൾ ലിവർപൂൾ മ്യൂസിയം കണ്ടു. 6 നിലകളിലായി വളരെ വലിയ ഒരു കെട്ടിടസമുച്ചയമാണത്. വിവിധതരം ദിനോസറുകളുടെ ഫോസിലുകളും വലിയ അക്വേറിയവും അവിടെ കണ്ടു. ഉഷ്ണമേഘലാ രാജ്യങ്ങളിലെ നിരവധി തരം പ്രാണികളെ സ്റ്റഫ് ചെയ്തിരിക്കുന്നു. ഉറുമ്പ്, പാറ്റ,പഴുതാര, അട്ട, ചിലന്തി മുതലായ നമ്മുടെ പ്രാണികളെയെല്ലാം. ഭിത്തിയിലുള്ളത് കൂടാതെ ഒരു ദിവസം മുഴുവൻ കണ്ടാൽ തീരാത്തവിധം വിവിധ മേശവലിപ്പുകൾ നിറയെയുമായി വിവിധ രാജ്യങ്ങളിലെ ജീവികളെയും പക്ഷികളെയും വളരെ ശാസ്ത്രീയമായി പ്രദർശിപ്പിച്ചിരിക്കുന്നു. മ്യൂസിയത്തിന് അടുത്തുള്ള പാർക്ക് കണ്ടാൽ, നിറയെ പൂക്കൾ മണ്ണിൽ നട്ടു വച്ചിരിക്കുന്നതായി തോന്നും.

ലിസമ്മയുടെ വീട്ടിലെത്തുന്നതിനു മുമ്പ് ലിവർപൂൾ യാണിവേഴ്സിറ്റിയോടു ചേർന്നുള്ളതും മാർപ്പാപ്പ വെഞ്ചരിച്ചതുമായ ലിവർപൂൾ ക്രൈസ്റ്റ് ദ് കിംങ് മെട്രോപോളിറ്റൻ കത്തീഡ്രലിൽ കയറി. വളരെ വലിയ ആ പള്ളിയിൽ ഒരേ സമയം പല കുർബ്ബാനകൾ അർപ്പിക്കത്തക്കവിധത്തിൽ പല അൾത്താരകൾ ഉണ്ടായിരുന്നു. അവിടെ വി. കുർബാനയിൽ പങ്കെടുത്തു. പള്ളിയൊക്കെ ചുറ്റിക്കണ്ട് മറ്റൊരു വാതിലിലൂടെ പുറത്തിറങ്ങിയ ഞങ്ങൾക്ക് വഴി തെറ്റി. പള്ളിയിലേക്കെത്തിയ റോഡ് കണ്ടുപിടിക്കാനാവാതെ കുഴങ്ങിയ ഞങ്ങൾ അര മണിക്കൂറിനു ശേഷം ലിസമ്മയുടെ വീടിനടുത്തേക്ക് ബസ് സർവ്വീസുള്ള ഒരു ബസ് സ്റ്റോപ്പിലെത്തി. അവിടെ നിന്നും ഡബിൾഡക്കർ ബസിൽ വീട്ടിലെത്തിയ ഞങ്ങളെ ഭർത്താവ് രാജുവും മൂത്തമകൻ സാമുവലും സന്തോഷത്തോടെ സ്വാഗതം ചെയ്തു. രാത്രി അവിടെ തങ്ങി. വീട്ടിലുണ്ടാക്കിയ ഡിന്നറിനോടൊപ്പം പല തരം പിസകളും ബർഗറും സാമുവൽ വാങ്ങിക്കൊണ്ടു വന്നു. പിറ്റേന്ന് ലിവർപൂൾ സിറ്റിയൊക്കെ കണ്ട് അവിടെ ഷോപ്പിംഗ് നടത്തി. നല്ല വായനാശീലമുള്ള ജേക്കബ് Dairy of a wimpy kid ന്റെ പല സീരീസിലുള്ള പുസ്തകങ്ങൾ മക്കൾക്ക് സമ്മാനിച്ചു. കുടുംബസമേതം റെയിൽവേസ്റ്റേഷനിൽ എത്തി അവർ ഞങ്ങളെ യാത്രയാക്കി.

തിരിച്ച് ട്രെയിനിൽ ഞങ്ങൾ ഇംഗ്ലണ്ടിൽ തന്നെയുള്ള ബർമിംഗ് ഹാം എന്ന സ്ഥലത്തേയ്ക്കു യാത്രയായി. ബോബി ചേട്ടന്റെ അനുജൻ ജോജിയും കുടുംബവും അതുപോലെ എന്റെ അമ്മയുടെ അനുജത്തിയുടെ മകൻ സിജോയും കുടുംബവും അവിടെയാണ് താമസിക്കുന്നത്.

ബർമിംഗ്ഹാമിൽ ഇന്ത്യ, പാകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള നിരവധി ഏഷ്യാക്കാരുണ്ട്. രണ്ട് കാലുകളുമില്ലാത്ത ഒരു നീഗ്രോ സ്ത്രീ ഷോപ്പിംഗിനു ശേഷം തനിയെ ടാക്സി വിളിച്ച് പോകുന്നതും ടാക്സിക്കാരന്റെ മര്യാദയോ

ടെയുള്ള പെരുമാറ്റവും എല്ലാം വീക്ഷിച്ച് ഞങ്ങൾ നിന്നു. ആറേഴ് നിലകളായി അണ്ടർഗ്രൗണ്ടിലാണ് റയിൽവേ സ്റ്റേഷൻ. വിവിധ പ്ലാറ്റ്ഫോമുകളിലേക്ക് ലിഫ്റ്റുകളാണുള്ളത്. റയിൽവേസ്റ്റേഷൻ കണ്ടാൽ ഒരു എയർപോർട്ടിനേക്കാൾ ഭംഗിയാണ്. വളരെയധികം ആളുകളും ബ്രാൻഡഡ് കടകളും എസ്കലേറ്ററുകളുമായി വലിയൊരു ഷോപ്പിംഗ് മാളിൽ ചെന്നതു പോലെ. അവിടെ നിന്ന് ഭക്ഷണവും കഴിച്ച് ഞങ്ങൾ പുറത്തിറങ്ങി. ഡബിനാംസ്, വിവിധ തരത്തിലുള്ള ഗ്രീറ്റിംഗ് കാർഡുകൾ മാത്രമുള്ള കാർഡ് ഫാക്ടറി, ബുൾറിംഗ് (കൂറ്റൻ കാളയുടെ പ്രതിമയാണ് ഇവിടുത്തെ ലാൻഡ്മാർക്ക്) തുടങ്ങിയവയെല്ലാം സന്ദർശിച്ചതിനു ശേഷം ബർമിംങ്ഹാം സിറ്റിയിൽ തന്നെ താമസിക്കുന്ന കസിൻ സിജോ വന്ന് ഞങ്ങളെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി.



സന്ധ്യയോടെ ഞങ്ങൾ സിജോയുടെ വീട്ടിലെത്തി. ഈ വീടിനോട് ചേർന്നു തന്നെ ഒരു വലിയ ഗ്രൗണ്ട് കാണാം. പിറ്റേദിവസം രാവിലെ എഴുന്നേറ്റപ്പോൾ ഈ ഗ്രൗണ്ട് മുഴുവൻ മൂടിക്കിടക്കുന്ന രീതിയിൽ മഞ്ഞുമഴ പെയ്തുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഇത് പുതിയ ഒരനുഭവമായിരുന്നു. Summer-ൽ പതിവില്ലാത്ത Snow fall അവരിലും അമ്പരപ്പ് സൃഷ്ടിച്ചു. വെയിൽസിലെ വീട്ടിൽ വച്ച് രണ്ട് തവണ ആലിപ്പഴം പൊഴിയുന്നതും കാണാൻ സാധിച്ചു. ഈ സീസണിൽ ഇതൊന്നും പതിവില്ലാത്തതാണെന്ന് അവർ പറഞ്ഞു. പിന്നീട് Bournville എന്ന സ്ഥലത്തുള്ള ലോകത്തിലെ കാഡ്ബെറി ഉൽപാദന കേന്ദ്രമായ കാഡ്ബറി വേൾഡ് എന്ന് സ്ഥാപനത്തിലേയ്ക്ക് സിജോയും ഭാര്യ ഡാലിയും ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി.

കാഡ്ബറി വേൾഡ് എന്ന ഫാക്ടറി കാഡ്ബറി മിഠായിയും അതിനോടനുബന്ധിച്ചുള്ള വിവിധ തരം ഉല്പന്നങ്ങളും ഉണ്ടാക്കുന്ന ഒരു സ്ഥാപനമാണ്. കയറിച്ചെല്ലുമ്പോഴേ വിവിധതരം കാഡ്ബറികൾ തന്നാണ് നമ്മളെ സ്വീകരിക്കുന്നത്. മിഷ്യനുകളിൽ ഇത് കുഴയ്ക്കുന്നതു മുതൽ കവറുകളിലാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് കയറികാണുന്നതിനുള്ള അവസരം ഫാക്ടറി ഒരുക്കിയിട്ടുണ്ട്. ഏകദേശം 3-4 മണിക്കൂർ ഫാക്ടറിയിൽ ഞങ്ങൾ ഈ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയുണ്ടായി. ഇഷ്ടമുള്ള ഏതു ഫ്ളേവർ കാഡ്ബറിയും മിക്സ് ചെയ്ത് കഴിക്കുവാൻ തന്നു. അതു കഴിച്ച് ക്ഷീണിച്ചു എന്നു പറയുന്നതാണു ശരി. കാഡ്ബറിയുടെ ചരിത്രം കാണിക്കുന്ന 4 ഡി ഷോ എല്ലാവർക്കും വളരെ ഇഷ്ടപ്പെട്ടു. വെള്ളം നമ്മുടെ ദേഹത്ത് തെറിക്കും. അവിടെ അടുത്താണ് ഷേക്സ്പിയറുടെ വീട് എന്ന് സിജോ പറഞ്ഞു. അവിടെ പ്രത്യേകിച്ചൊന്നും Exhibit ചെയ്തിട്ടില്ലെന്നറിഞ്ഞതിനാലും നല്ല തണുപ്പായിരുന്നതിനാലും ഞങ്ങൾ പോയില്ല.

അതിനു ശേഷം ബർമിംഗ്ഹാമിലുള്ള ഒരു ബിസിനസ്സ് മാളിൽ ഞങ്ങൾ ഷോപ്പിംഗ് നടത്താനായി പോയി. ഏകദേശം 10 നിലകളോളമുള്ള ഒരു ഷോപ്പിംഗ് മാൾ. ഈ ലോകത്തിലുള്ള ഏതു സാധനവും അവിടെ ലഭിക്കും. അവിടെയുള്ള ഒരു കഫറ്റീരിയയിൽ കയറി. അവിടെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള കാപ്പിക്കുരു കണ്ടു. കൂട്ടത്തിൽ ഇന്ത്യയുടെയും ഓർഡർ ചെയ്യുന്ന കാപ്പിക്കുരി നമ്മുടെ മുമ്പിൽ വച്ച് പൊടിച്ച് മധുരമില്ലാത്ത കട്ടൻകാപ്പി വളരെ വലിയ കപ്പുകളിൽ നൽകിയത് കുടിച്ചു തീർക്കാൻ സാധിച്ചില്ല. (Sugar Packet പ്രത്യേകമുണ്ടായിരുന്നു) അതിനടുത്തുള്ള mail box എന്ന വലിയ കെട്ടിടത്തിൽ വാഹന

ങ്ങൾ പാർക്ക് ചെയ്യുന്നത് റോബോട്ടാണെന്ന് സിജോ പറഞ്ഞുതന്നു.

പിന്നീട് ബർമിങ്ഹാമിലെ നാഷണൽ സീ ലൈഫ് കാണാനാണ് ഞങ്ങൾ പോയത്. അതിമനോഹരമായ ഒരു കാഴ്ചയായിരുന്നു അവിടെ. വിവിധ രാജ്യങ്ങളിലെ ജലജീവികളെ അവയുടെ തനത് ആവാസ വ്യവസ്ഥയിൽ സംരക്ഷിക്കുന്ന കാഴ്ച ശരിക്കും അമ്പരിപ്പിച്ചു. മഞ്ഞിൽ ഓടിക്കളിക്കുന്നതും വെള്ളത്തിൽ നീന്തുന്നതുമായ പെൻഗ്വിനുകൾ,വിവിധതരം ജല്ലി ഫിഷ്, നീർനായ്, പിരാന ഉൾപ്പെടെയുള്ള മത്സ്യങ്ങൾ, കടൽക്കുതിര, നീരാളി മുതലായ മണിക്കൂറുകളോളം കണ്ടാൽ തീരാത്തവിധത്തിൽ ജീവികളെ സംരക്ഷിച്ചിരിക്കുന്നു. പാസിനോടൊപ്പം എല്ലാവർക്കും ലഭിച്ച ഒരു ബുക്ക്‌ലറ്റിൽ ഓരോഭാഗവും സന്ദർശിച്ചശേഷമുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയും ഓരോ സ്ഥലത്തെയും സീൽ ചെയ്തും പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മണിക്കൂറുകൾ നീണ്ട ആ സന്ദർശനത്തിൽ ഞങ്ങളെല്ലാം കുറച്ചുകഴിഞ്ഞ് അത് മറന്നുപോയെങ്കിലും ഇളയമകൾ അനു (എൽസ) അതെല്ലാം ചെയ്ത് സമ്മാനമായ സുവനീർ കരസ്ഥമാക്കി.

വൈകിട്ട് ചേട്ടനും മക്കളും കൂടി അവിടെയെത്തി ബർമിംഗ്ഹാമിൽ തന്നെയുള്ള ബോബിചേട്ടന്റെ അനുജൻ ജോജിയുടെ വീട്ടിലേയ്ക്കു പോയി. മഴയായിരുന്നതിനാൽ അന്ന് ഷോപ്പിംഗിനു മാത്രമേ പോകാൻ കഴിഞ്ഞുള്ളൂ. മുറ്റത്തെ മുന്തിരി, ആപ്പിൾ, പീയർ തുടങ്ങിയ ഫലവൃക്ഷങ്ങളും ജോജിയുടെ മൂന്നു മക്കളോടുമൊപ്പം നല്ല മഴയത്ത് മുറ്റത്തുള്ള ട്രാംപൊലിനിലെ ചാട്ടവും കുട്ടികൾക്ക് ഇഷ്ടപ്പെട്ടു. അന്നവിടെ താമസിച്ചതിനു ശേഷം പിറ്റേദിവസം ഞങ്ങൾ കാർഡിഫിലെത്തി. എട്ടുപേരൊന്നിച്ച് 7 സീറ്ററിലുള്ള യാത്രയിൽ പോലീസ് പിടിക്കുമോ എന്ന ടെൻഷനുണ്ടായിരുന്നു. പിറ്റേന്ന് ചേട്ടന്റെ ബർത്തഡേയായിരുന്നു. കസിൻസും സുഹൃത്തുക്കളുമെല്ലാം ചേർന്ന് നല്ലൊരു പിറന്നാളാഘോഷമാണ് വീട്ടിൽ ഒരുക്കിയത്.

പിറ്റേന്ന് എല്ലാവരും കൂടി Cardiff Bay എന്ന ഒരു കടൽക്കരയിലേക്കു പോയി. അവിടെ ഞങ്ങൾ പോനാർത്തിലേക്കു കായലിലൂടെ ബോട്ടുയാത്രയൊക്കെ നടത്തി. Cardiff Bay യുടെ അടുത്ത് ഒരു നല്ല ഇന്ത്യൻ റസ്റ്റോറന്റ് ഉണ്ടായിരുന്നു. കൂടുതലും നോർത്ത് ഇന്ത്യൻ വിഭവങ്ങൾ.

Cardiff-ലുള്ള Wales ന്റെ Legislative Assembly കാണാനാണ് പിന്നീട് ഞങ്ങൾ പോയത്. Seating കേരള നിയമസഭയിലെപ്പോലെയാണ്. പത്രസമ്മേളനത്തിനുള്ള സ്ഥലം വരാന്തയുടെ ഒരു ഭാഗമാണ്. ഒരു വലിയ മേശയും 5–8 കസേരകളും മാത്രം. അറ്റകുറ്റപ്പണിയായിരുന്നതിനാൽ ഓഫീസിനുള്ളിൽ പ്രവേശിച്ചില്ല. മുകൾനിലയിൽ സ്വകാര്യവ്യക്തികളുടെ cafeteria കരകൗശല വസ്തുക്കളുടെ കട തുടങ്ങിയവയാണ്. അതിനടുത്തു തന്നെയുണ്ടായിരുന്ന പഴയ അസംബ്ലി മന്ദിരവും ഞങ്ങൾ സന്ദർശിച്ചു.

അവിടെ നിന്നും റോത്ത് പാർക്ക് എന്ന് ഒരു തടാകക്കരയിലേയ്ക്കാണ് ഞങ്ങൾ യാത്രയായത്. ഈ തടാകത്തിൽ ധാരാളം അരയന്നങ്ങൾ നീന്തി നടക്കുന്നതു കാണാം. അവ നമ്മുടെ അടുത്തേയ്ക്കു വരുകയും നമ്മുടെ കൈയിൽ നിന്നും ആഹാര സാധനങ്ങൾ വാങ്ങി കഴിക്കുകയും ചെയ്യും. ഈ അരയന്നങ്ങൾ അവിടെ തടാകക്കരയിൽത്തന്നെ മുട്ടയിട്ട് അതിൽ അടയിരുന്ന് കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കുന്നതും മറ്റും കാണാം. ഇവിടെ വരുന്ന വിനോദയാത്രക്കാർ ഇതിനെ ഉപദ്രവിക്കുകയില്ല. സേതുബന്ധനത്തിൽ പങ്കെടുക്കാഞ്ഞതിനാലാവാം, മുതുകിൽ വരയില്ലാത്ത ഒരു അണ്ണാനെ കണ്ടു. കൂടാതെ പലതരത്തിലുള്ള പക്ഷികളേയും. കുട്ടികൾക്കായി വളരെ വിശാലമായ ഒരു കളിസ്ഥലവും നല്ലൊരു ഉദ്യാനവും ഉണ്ടായിരുന്നു. ഇത്തരം കാഴ്ചകൾ മനസ്സിനെ ഏറെ സന്തോഷിപ്പിക്കുന്നവയായിരുന്നു. Long Leats എന്ന സഫാരി പാർക്കിലേയ്ക്ക് നടത്താനുദ്ദേശിച്ചിരുന്ന യാത്ര മഴയായതിനാൽ റദ്ദു ചെയ്തു. ഒരു സ്ഥലത്തെ കാലാവസ്ഥ ദിവസങ്ങൾക്കു മുമ്പു തന്നെ ഇന്റർനെറ്റിൽ അറിയാനും അതനുസരിച്ച് കാര്യങ്ങൾ പ്ലാൻ ചെയ്യാനും കഴിയുമെന്നതാണ് അവിടുത്തെ പ്രത്യേകത.

രണ്ടു ദിവസത്തെ വിശ്രമത്തിനു ശേഷം തലസ്ഥാനമായ ലണ്ടനിലേക്കായിരുന്നു. പിന്നീടുള്ള ഞങ്ങളുടെ യാത്ര. ഏകദേശം മൂന്നു മണിക്കൂർ ബസ്സിൽ യാത്ര ചെയ്ത് ഞങ്ങൾ ലണ്ടൻ സിറ്റിയിൽ ചെന്നു. അവിടെ നിന്നും ഒരു ടാക്സിയിൽ ബക്കിംഗ്ഹാം കൊട്ടാരത്തിലേക്കു പോയി. ഞാൻ മുൻപു പറഞ്ഞതുപോലെ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ടാക്സി കാറുകൾ പോലും പ്രത്യേകംശ്രദ്ധിക്കുന്നു. മീറ്ററിലെ ചാർജ്ജ് മാത്രം ഈടാക്കി കൃത്യം ചില്ലറ തിരികെ തരുകയും ചെയ്യും. 5 സീറ്റുള്ള കാറുകളാണെങ്കിൽ 4 പേരെ മാത്രമേ കയറ്റുകയുള്ളൂ. അതിനാൽ തന്നെ 7 പേർ കയറുന്ന കാറിലായിരുന്നു ഞങ്ങളുടെ യാത്ര. രാവിലെ 8 മണിയോടുകൂടി ബക്കിംഗ്ഹാം കൊട്ടാരത്തിന്റെ വാതില്ക്കലെത്തി. അനേകം ടൂറിസ്റ്റുകൾ ഇവിടെ സന്ദർശനത്തിനായി എത്തിയിട്ടുണ്ട്. പലതരത്തിലും വർണ്ണത്തിലുമുള്ള പൂന്തോട്ടങ്ങൾ അവിടുത്തെ റോഡുകളെ സമ്പന്നമാക്കുന്നു. ഒൻപത് നിറങ്ങളിലുള്ള Tulip ചെടികൾ അവിടെ കണ്ടു.

രാവിലെ ഞങ്ങളവിടെ ചെല്ലുമ്പോൾ 250ൽ പരം കുതിരപ്പട്ടാളക്കാർ കൊട്ടാരത്തിലേയ്ക്ക് മാർച്ചു നടത്തുന്ന കാഴ്ചയാണ് കണ്ടത്. കറുത്തതും വെളുത്തതുമായ തടിച്ചുകൊഴുത്ത കുതിരകൾ. അതിനു മുകളിൽ സുന്ദരന്മാരായ പട്ടാളക്കാർ. കുളമ്പടി ശബ്ദത്തോടുകൂടിയ റൂട്ട് മാർച്ച് നമ്മുടെ മനസ്സിനെ ത്രസിപ്പിക്കുന്ന തരത്തിലായിരുന്നു. പിറ്റേന്ന് എലിസബത്ത് രാജ്ഞിയുടെ തൊണ്ണൂറാം പിറന്നാളാഘോഷത്തിനുള്ള റിഹേഴ്സലായിരുന്നു അതെന്ന് പിന്നീടാണറിഞ്ഞത്. പിന്നീടു കണ്ടത് കൊട്ടാരവാതിൽക്കലെ പട്ടാളക്കാരുടെ ഡ്യൂട്ടി മാറുന്നതിനുള്ള നടപടി ക്രമമായിരുന്നു. കറുത്ത രോമതൊപ്പിയും ചുവന്ന യൂണിഫോമും ധരിച്ച പട്ടാളക്കാർ റൂട്ട് മാർച്ച് നടത്തി അവരവരുടെ സ്ഥാനങ്ങളിൽ വന്നു നിൽക്കുന്നതും തിരികെ പോകുന്നതും ഏറെ രസകരമായ കാഴ്ചയാണ്, നിരവധി വിനോദയാത്രികർ കൊട്ടാരം കാണാനെത്തുന്നുണ്ടെങ്കിലും ബ്രിട്ടീഷുകാരിൽ പലർക്കും ഇതിൽ താല്പര്യമില്ല. കൊട്ടാരത്തിലെ അംഗങ്ങളെല്ലാം പലവിധ ജോലികളിൽ ഏർപ്പെടുന്നുണ്ടെങ്കിലും ജോലിയൊന്നും ചെയ്യാതെ രാജ്ഞി പ്രതിഫലം പറ്റുന്നതിൽ ഇവർക്ക് അമർഷമുണ്ട്. I am lazy. Give me free money എന്ന പ്ലക്കാർഡുമായി കൊട്ടാരത്തിനു മുമ്പിലെ പുൽത്തകിടിയിൽ കിടന്ന് പ്രതിഷേധിക്കുന്ന ഒരു യുവാവിനേയും കണ്ടു. കൊട്ടാരത്തിന്റെ ഗേറ്റിനു പുറത്തു വളരെ ഭംഗിയുള്ള നിരവധി പ്രതിമകൾ ഉണ്ട്.

ബക്കിംഗ്ഹാം കൊട്ടാരത്തിന്റെ മറുവശത്ത് St.James Park-ലെ തടാകക്കരയിൽ ധാരാളം വിനോദസഞ്ചാരികളെ കാണാം. ഈ തടാകത്തിൽ ധാരാളം അരയന്നങ്ങളും പെലിക്കൻ പക്ഷികളും താറാവുകളും വളരെ വലിപ്പത്തിലുള്ള മത്സ്യങ്ങളുമുണ്ട്. ഇവിടെ അടുത്ത് ഒരു വലിയ കോട്ടയുണ്ട്. വാർ മെമ്മോറിയൽ എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ കോട്ടയുടെ കവാടത്തിൽ കറുത്ത കൂറ്റൻ കുതിരപ്പുറത്ത് വെളുത്ത് സുമുഖനായ പട്ടാളക്കാരൻ ടൂറിസ്റ്റുകളോടൊപ്പം സ്ഥിരമായി ഫോട്ടോയ്ക്ക് പോസ് ചെയ്യുന്നു. ഇടയ്ക്ക് ഇവർ ഷിഫ്റ്റ് മാറുന്നുണ്ട്.

അവിടെ നിന്നും ഏകദേശം അരക്കിലോമീറ്റർ അകലെ ബ്രിട്ടീഷ് പാർലമെന്റും ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ ലണ്ടൻ ക്ലോക്ക് ടവർ, ബിഗ്ബെൻ ഉം കാണാം. ഈ ക്ലോക്ക് ടവറിനോടു ചേർന്നാണ് തൈംസ് നദി ഒഴുകുന്നത്. അവിടെ ബോട്ടിംഗ് നടത്തുന്നതിന് ധാരാളം വിനോദസഞ്ചാരികൾ എത്തുന്നുണ്ട്. അതുകൂടാതെ ലോകപ്രസിദ്ധമായ ലണ്ടൻ ഐ ഈ നദിയുടെ കരയിലാണ്. ഇതിൽ കയറിയാൽ ലണ്ടൻ നഗരം മൊത്തം വീക്ഷിക്കുന്നതിനു കഴിയും. ഞങ്ങളെല്ലാവരും ഈ ലണ്ടൻ ഐയിൽ കയറി. ഏകദേശം ഒരു മണിക്കൂറോളം ഇതിൽ കയറി കാഴ്ചകൾ കാണുവാൻ സാധിച്ചു. കൊക്കോക്കോള കമ്പനിയ്ക്കാണ് ഇതിന്റെ നടത്തിപ്പ്.

അതിനു ശേഷം ഈ നദിയിൽ കൂടി ഞങ്ങൾ ക്രൂയിസിൽ യാത്ര നടത്തി. തെംസ് നദിയുടെ കുറുകെയാണ് പ്രസിദ്ധമായ ലണ്ടൻ ബ്രിഡ്ജ് സ്ഥാപിച്ചിരിക്കുന്നത്. ഇതിന്റെ പ്രത്യേകത ആഴ്ചയിൽ ഒരു ദിവസം ഈ പാലം കപ്പലുകൾക്ക് പോകുന്നതിനായി രണ്ടുവശത്തേയ്ക്കും ഉയർത്തിക്കൊടുക്കും. അതിനായി കാത്തു കിടക്കുന്ന കപ്പൽ കണ്ടു. ഈ കാഴ്ച വളരെ രസകരമാണെന്ന് ജീവനക്കാരിൽ നിന്നും കിട്ടിയ വിശദീകരണങ്ങളിൽ നിന്നും മനസ്സിലായി. ബോട്ടിൽ യാത്ര ചെയ്യുമ്പോൾ ഇത്തരം കാര്യങ്ങൾ വിശദീകരിക്കാൻ ബോട്ടിൽ തന്നെ പ്രത്യേകം ജീവനക്കാരുണ്ട്. ഈ നദിയുടെ രണ്ടു കരകളിലും വളരെ ഉയരത്തിലുള്ള കെട്ടിടങ്ങളാണ്. ഈ കെട്ടിടങ്ങലുടെ രണ്ടു മൂന്നു നിലകൾ നദികളുടെ വശങ്ങളിലൂടെ താഴെതട്ടുകളിലാണെന്നാണ് ഗൈഡ് വിശദീകരിച്ചത്. ലണ്ടനിലെ ഏതാണ്ട് മൂന്നിൽ രണ്ട് കെട്ടിടങ്ങളും ഇങ്ങനെയാണത്രേ. ഇത്തരം കാഴ്ചകൾ ലണ്ടൻ നഗരത്തെ തന്നെ മനോഹരമാക്കുന്നു. ഇതിന്റെ അടുത്താണ് ലോകത്തിലെ സമയം ഏകീകരിക്കുന്ന ഗ്രീനിച്ച് ലൈൻ. ഗ്രീനിച്ച് ലൈൻ അനുസരിച്ച് ബ്രിട്ടനേക്കാൾ അഞ്ചര മണിക്കൂർ മുന്നിലാണ് ഇൻഡ്യൻ സമയം.

പിന്നീട് ഞങ്ങൾ ലണ്ടനിലെ പ്രസിദ്ധമായ മെഴുകു മ്യൂസിയത്തിലേക്കു പോയി. മാഡം തുസ്സാഡ്സ് എന്ന ഈ വാക്സ് മ്യൂസിയത്തിലെ കാഴ്ചകൾ അതീവ ഹൃദ്യമായിരുന്നു.. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധി, അമിതാഭ്ബച്ചൻ, സച്ചിൻ തെൻഡുൽക്കർ, ഐശ്വര്യാറായ്, ഹൃതിക് റോഷൻ, മാധുര ദീക്ഷിത് മുതലായ ഇന്ത്യാക്കാരുടെ പ്രതിമകളും ഇവിടെ കണ്ടു. കൂടാതെ ലോകപ്രശസ്തരായ നേതാക്കന്മാരുടെയും കത്രീന കൈഫ് മൈക്കൽ ജാക്സൺ, ഡയാന രാജകുമാരി, മെർലിൻ മൺറോ മുതലായ പ്രധാന വ്യക്തികളുടെയും എല്ലാം മെഴുകിപ്രതിമകൾ നുക്ക് കാണാൻ കഴിയും. ഈ മെഴുകുപ്രതിമകൾ കണ്ടാൽ ജീവനുള്ളവയാണോയെന്നു തോന്നിപ്പോകും. റോയൽ ഫാമിലിയുടെ മെഴുകു പ്രതിമയോടു പോലുമുള്ള അവരുടെ ആദരവ് അമ്പരപ്പിക്കുന്നതാണ്. രാജകുടുംബത്തിന്റെ ഫോട്ടോ എടുക്കാൻ അനുവാദമില്ല. ഇവിടെയും ഒരു 4ഡി ഷോ ഉണ്ടായിരുന്നു.

പ്രശസ്തമായ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ട് കണ്ടു. ഗാലറികളിൽ

നിന്ന് കാണികളുടെ ആരവം ഉയരുന്നതുപോലെ തോന്നി. അതിസമ്പന്നരുടെ രാജ്യമാണെങ്കിലും തെരുവിൽ യാചകരെയും കണ്ടു. ഭിക്ഷ യാചിക്കുന്നത് നിരോധിച്ചിട്ടുണ്ടെങ്കിലും കളിമണ്ണുകൊണ്ട് ഒരു പട്ടിയുടെ രൂപമുണ്ടാക്കി പണം യാചിക്കുന്ന ഒരാളെ ലണ്ടൻ പട്ടണത്തിൽ കാണുകയുണ്ടായി. (രൂപം കണ്ടാൽ ജീവനുള്ള പട്ടിയെന്നേ തോന്നൂ) നഗരം ചുറ്റിക്കണ്ട് ഷോപ്പിംഗ് ഒക്കെ നടത്തി ഭക്ഷണവും കഴിച്ച് വൈകുന്നേരം ഞങ്ങൾ ലണ്ടനിൽ നിന്നും തിരികെ ചേച്ചിയുടെ വീട്ടിലെത്തി.

ഇവിടുത്തെ വിവിധ യാത്രകൾക്കിടയിൽ ഏതാനും കാര്യങ്ങൾ മനസ്സിലായി. ഈ നാട്ടുകാർ വലിയ പ്രകൃതി സ്നേഹികളാണ്. എല്ലായിടത്തും നിറയെ പൂക്കളും പുൽമേടുകളും പാർക്കുകളും കാണാം. ഒരു പൂവു പോലും ആരും പറിക്കുകയില്ല.റോഡുവക്കത്തുള്ള ഒരു പുൽത്തകിടിയിൽ പോലും ആരും ചവിട്ടുകയോ ഒരു കാറിന്റെ ടയർ കയറ്റുകയോ ചെയ്യുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. നിശ്ചയിച്ചിട്ടുള്ള സീസണിലല്ലാതെ മരത്തിന്റെയോ ചെടിയുടെയോ കമ്പുകൾ വെട്ടുന്നത് ശിക്ഷാർഹമാണെന്നു മാത്രമല്ല, മരങ്ങൾ വെട്ടുന്നതിന് ഒരു വൻതുക കൂലിയായി നൽകേണ്ടിയും വരും. ഞങ്ങൾ ചെന്ന സമയത്ത് റോഡരികിലെല്ലാം ഉണങ്ങിയ ധാരാളം മരങ്ങൾ കണ്ട് ഇതെന്താ വെട്ടിമാറ്റാത്തതെന്ന് അന്വേഷിച്ചപ്പോൾ എല്ലാം വെട്ടിനിർത്തിയിരിക്കുന്നതാണെന്നറിഞ്ഞു. ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും അതെല്ലാം തളിർത്ത് നിൽക്കുന്നത് കാണാൻ നല്ലഭംഗിയായിരുന്നു.

ഇവിടെ എല്ലായ്പ്പോഴും കറന്റും വെള്ളവും ഉണ്ട്. എന്തെങ്കിലും അറ്റകുറ്റപ്പണികളുണ്ടെങ്കിൽ വെള്ളം/കറന്റ് മുടങ്ങുമെന്ന് എല്ലാവർക്കും ദിവസങ്ങൾക്കു മുമ്പേ ടെലഫോൺ മെസേജ് വരുമെങ്കിലും ഒരിക്കലും അവ മുടങ്ങാറില്ലത്രേ. അതിനാൽ തന്നെ ടോർച്ച്, മെഴുകുതിരി, എമർജൻസി ലാമ്പ് ഇവയുടെയൊന്നും ആവശ്യവുമില്ല. നികുതി ഇനത്തിൽ ഏതാണ്ട് 120/- പൗണ്ട് ഓരോ കുടുംബവും പ്രതിമാസം കൗൺസിലിന് (ഇവിടുത്തെ കോർപ്പറേഷൻ) നൽകേണ്ടി വരും. കൗൺസിൽ തന്നെയാണ് മാലിന്യസംസ്കരണം നിർവ്വഹിക്കുന്നത്. ഓരോ വീട്ടിലും 3 തരം Waste bin നൽകിയിട്ടുണ്ട്. Food Wasteന് ചെറുത്. Non- Biodegradable ന് medium (ഇപ്പോൾ വലുപ്പം കുറച്ചുവരുന്നു) ജൈവമാലിന്യത്തിന് വലുത് എന്ന ക്രമത്തിൽ ഇവയ്ക്കുള്ളിലെ പ്ലാസ്റ്റിക് കവറും ഗവൺമെന്റ് നൽകും. Food waste ആഴ്ചയിലൊരിക്കൽ, മറ്റുള്ളവ യഥാക്രമം മൂന്നാഴ്ച, രണ്ടാഴ്ച എന്നിവയിലൊരിക്കലാണ് ശേഖരിക്കുന്നത്. മരക്കൊമ്പുകൾ/ പൂച്ചെടികൾ ശേഖരിക്കുവാൻ മൂന്നുമാസത്തിലൊരിക്കലാണ് വരുന്നത്. അനുവദിച്ച binനുള്ളിലുള്ളത്രയും വേസ്റ്റ് മാത്രമേ ഓരോരുത്തരും നിക്ഷേപിക്കാവൂ. അല്ലാത്ത പക്ഷം വൻതുക പിഴ നൽകേണ്ടി വരും. പഴയ കിടക്ക, കാർ തുടങ്ങിയവയൊക്കെ dispose ചെയ്യണമെങ്കിൽ സർക്കാരിന് കൂടുതൽ തുക നൽകണം.

വളരെ വലിയ ഷോപ്പിംഗ് മാളുകളിൽ മദ്യമുൾപ്പെടെ എല്ലാത്തരവസ്തുക്കളും ലഭിക്കും. ഇവിടുത്തെ വിലയുമായി താരതമ്യപ്പെടുത്തിയാൽ എല്ലാറ്റിനും വളരെ വിലക്കൂടുതലാണ്. ഏതു നിസ്സാര വസ്തുവിനും കുറഞ്ഞത് മൂന്ന് പൗണ്ട് എങ്കിലും നൽകണം. (ഒരു പൗണ്ട് ഏകദേശം നൂറുരൂപ) വിവിധ തരം പിസ, ബർഗർ എന്നിവയ്ക്കായി പ്രത്യേക കടകൾ തന്നെയുണ്ട്. മധുരമുള്ള ഭക്ഷണസാധനങ്ങളാണ് ഏറെയും. ഓറഞ്ച്, മുന്തിരി തുടങ്ങിയവയ്ക്ക്ഇത്രയധികം മധുരമുണ്ടോ എന്ന് തോന്നിപ്പോകും. പാൽ, പാലുൽപ്പന്നങ്ങൾ, പച്ചക്കറി, പഴങ്ങൾ, മത്സ്യം, മാംസം എല്ലാം വളരെ വിശ്വസിച്ച് കഴിക്കാൻ പറ്റുന്നവയാണ്. ഭക്ഷണപദാർത്ഥങ്ങളിലെ മായം ചേർക്കൽ വളരെ ഗുരുതരമായ കുറ്റമാണ്. വളരെയധികം പരിശോധനകളും കഠിനശിക്ഷകളും ഉള്ളതിനാൽ അതിനാരും ധൈര്യപ്പെടുകയില്ല.

അവിടെ പട്ടികൾക്ക് വലിയ പ്രാധാന്യമാണ്. പല വാഹനങ്ങളിലും മുൻസീറ്റിൽ ജനലിനോട് ചേർന്ന് പട്ടികളെ കാണാം. കുട്ടികൾക്ക് പുറകിലാണ് സീറ്റ് (കൊച്ചുകുട്ടികൾക്ക് ഫിറ്റ് ചെയ്യാവുന്ന child seat നിർബന്ധമാണ്) ഏതു കാലാവസ്ഥയായാലും അവർ പട്ടികളെ പാർക്കിൽ കൊണ്ടുവരുകയും വ്യായാമം നൽകുകയും ചെയ്യും. പാർക്കിൽ പല പട്ടികൾ ഉള്ളപ്പോഴും സ്വന്തം ഉടമസ്ഥൻ എറിയുന്ന ചെറിയ പന്ത് നിമിഷത്തിനുള്ളിൽ കടിച്ചുപിടിച്ച് ഓടിയെത്തുന്ന പട്ടികളെ കാണാൻ നല്ല ഭംഗിയാണ്. വികലാംഗരായ പട്ടികളെയും ഭംഗിയായി ഒരുക്കിക്കൊണ്ടു നടക്കുന്നത് കണ്ടു.

നിരവധി പള്ളികളുണ്ടവിടെ. ലാറ്റിൻ പള്ളികളാണ് കൂടുതൽ. പാളയത്തെ പഴയ സി.എസ്.ഐ പള്ളി പോലെ കല്ലുകെട്ടി പണിത പഴയ പള്ളികളും കണ്ടു. എന്നാൽ ബ്രിട്ടീഷുകാരിൽ പ്രായമുള്ളവരും കൊച്ചുകുട്ടികളുമാണ് പള്ളിയിൽ വരാറുള്ളത്. വളരെ വിസ്തൃതി ഉള്ള സെമിത്തേരികളാണുള്ളത്. നിറയെ പൂക്കൾ വിരിഞ്ഞു നിൽക്കുന്ന അവിടം കണ്ടാൽ മരിക്കുന്നതിൽ ആർക്കും വിഷമം തോന്നാൻ വഴിയില്ല. ഒരു വ്യക്തി മരിച്ചാൽ സർട്ടിഫിക്കറ്റുകളെല്ലാം ശരിയാകാൻ 1–2 ആഴ്ചയോളമെടുക്കും. അതുവരെ ആശുപത്രിയിലാണ് ശരീരം സൂക്ഷിക്കുക. ശവമടക്കിനായി ഏജൻസി ഉണ്ട്. ചടങ്ങുകൾക്ക് ശേഷം അവ

രാണ് ശവശരീരം കൊണ്ടുപോകുന്നത്. കുടുംബാംഗങ്ങൾ പോലും അനുഗമിക്കാറില്ല. വൈദ്യുതശ്മശാനത്തിൽ ദഹിപ്പിച്ചതിനുശേഷം ഭൗതികാവശിഷ്ടം അവകാശികൾക്കു കൈമാറുകയും അത് സെമിത്തേരിയിൽ സംസ്കരിക്കുകയുമാണ് ചെയ്യുന്നത്. അലങ്കരിച്ച വലിയ ഒരു കാറിൽ ഒരാൾ ഇത്തരത്തിൽ ഒരു ശവശരീരം കൊണ്ടുപോകുന്നത് കാണാനിടയായി.

കല്യാണം മുതലായ ചടങ്ങുകളിൽ ബ്രിട്ടീഷുകാർ ആളുകളെ ക്ഷണിക്കുമെങ്കിലും മിക്ക സ്ഥലങ്ങളിലും ആഹാരത്തിന് പണം കൊടുക്കണം (especidally for drinks) എന്നതാണ് രീതി. നമ്മുടെ ചടങ്ങുകളിൽ എല്ലാവർക്കും സൗജന്യമായി ഭക്ഷണം നൽകുന്നത് അവർക്ക് വളരെ അതിശയമാണ്. മദ്യം സുലഭമാണെങ്കിലും അവർ മദ്യപിച്ച് വാഹനം ഓടിക്കാറില്ല.

തൊഴിലില്ലാത്തവർക്ക് ഗവൺമെന്റ് തൊഴിലില്ലായ്മ വേതനം നൽകാറുണ്ട്. വളരെ ചെറിയ ഒരു സ്വകാര്യ ജോലി കിട്ടുമ്പോൾ തന്നെ വ്യക്തികൾ പ്രസ്തുത വിവരവും തങ്ങൾക്ക് തൊഴിലില്ലായ്മ വേതനം വേണ്ടായെന്നും സർക്കാരിനെ അറിയിക്കും. വീടില്ലാത്തവർക്ക് സർക്കാർ തന്നെ വീടുകൾ നൽകും. എന്നാൽ അവരും ഒരു നിശ്ചിത തുക കൗൺസിലിന് നികുതി നൽകണം. പ്രൊഫഷണൽ കോഴ്സിന് പലിശരഹിത വിദ്യാഭ്യാസ വായ്പ അനുവദിക്കും. ജോലി കിട്ടുന്നതുമുതൽ സാധിക്കുന്ന തുക വീതം തിരിച്ചടച്ചാൽ മതിയാകും. നിരാലംബരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് നഴ്സിംഗ് ഹോമുകളുണ്ട്. മരണം വരെ സൗജന്യഭക്ഷണവും താമസസൗകര്യവും ചികിത്സയും നൽകി സർക്കാർ ഇവരെ ഏറ്റെടുക്കുന്നു.

18 വയസ്സ് മുതൽ തന്നെ ഡ്രൈവിംഗ് ലൈസൻസ് ലഭിക്കും. എന്നാൽ ഇവർക്ക് 21 വയസ്സുവരെ പ്രതിവർഷം ആറുലക്ഷം രൂപയിലധികം ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കണം. ചെറുപ്പക്കാരുടെ റാഷ് ഡ്രൈവിംഗ് കുറയ്ക്കാൻ ഇതുപകരിക്കും. അപകടമുണ്ടായാൽ വൻതുക പിഴ അടയ്ക്കേണ്ടിവരുമെന്നതിനാൽ മാതാപിതാക്കളും ഇത് പ്രോത്സാഹിപ്പിക്കുകയില്ല.

ഇംഗ്ലണ്ടിലെ ആളുകൾ പൊതുവേ സ്വന്തമായി അവരവരുടെ ജോലി ചെയ്യുന്നവരാണ്. വീട്ടുജോലി, ഗാർഡനിംഗ്, അത്യാവശ്യ മെയിന്റനൻസ് ജോലികൾ തുടങ്ങിയവയെല്ലാം സ്വയം ചെയ്യണം. ഇക്കാര്യത്തിലും കുട്ടികളെ സ്കൂളിൽ വിടാനുമെല്ലാം മലയാളികളെല്ലാം പരസ്പരം സഹകരിക്കുന്നതുകാണാം. ആഴ്ചയവസാനമാണ് ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതും കുടുംബങ്ങളെല്ലാം ഒത്തുചേരുന്നതും. വീക്ക് ഡേയ്സിൽ ഉച്ചത്തിലുള്ള സംസാരമോ ബഹളമോ ഉണ്ടായാൽ അടുത്തുള്ള വീട്ടുകാർ പരാതി നൽകും. സർക്കാർ അവധി നൽകുന്നതും അങ്ങനെയാണ്. കഴിഞ്ഞ മെയ്ദിനം ഞായറാഴ്ച ആയിരുന്നെങ്കിലും ആളുകൾക്ക് ആ അവധിയുടെ പ്രയോജനം ലഭിക്കാൻ വേണ്ടി തിങ്കളാഴ്ചയാണ് പൊതു അവധി നൽകിയത്.

കുട്ടികളെ ശിക്ഷിക്കാൻ മാതാപിതാക്കൾക്ക് യാതൊരു അധികാരവും ഇല്ല. ദേഹത്ത് ശിക്ഷയുടെ ചെറിയ അടയാളമെങ്കിലും കാണുകയോ കുട്ടികൾ ആരോടെങ്കിലും പറയുകയോ ചെയ്താൽ ഉടൻ ടീച്ചർ വിവരം പോലീസിൽ റിപ്പോർട്ട് ചെയ്യുകയും മാതാപിതാക്കൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യും. ഐപാഡ് സ്കൂളിൽ കൊണ്ടുപോയ എട്ടാംക്ലാസ്സിലെ പെൺകുട്ടിക്ക് അമ്മ ഒരടി കൊടുത്തെന്ന കുറ്റത്തിന് മലയാളിയായ കുട്ടിയെ കോടതി ആറുമാസത്തേക്ക് വളർത്തു മാതാപിതാക്കളെ ഏൽപിക്കുകയും തുടർന്ന് എന്തെങ്കിലും പരാതി ലഭിച്ചാൽ കുട്ടിയെ എന്നേയ്ക്കുമായി സർക്കാർ ഏറ്റെടുക്കുമെന്നുമുള്ള ഉത്തരവ് ലഭിക്കുകയും ചെയ്ത കുടുംബത്തെ കാണാനിടയായി.

ഇവിടെ ചികിത്സ തേടുന്നതിന് വളരെയധികം നിയന്ത്രണങ്ങളുണ്ട്. ചികിത്സ പൂർണ്ണമായും സൗജന്യമാണെങ്കിലും ഹാർട്ട് അറ്റാക്ക്/സ്ട്രോക്ക് പോലുള്ള അത്യാവശ്യ സന്ദർഭങ്ങളിലല്ലാതെ മുൻകൂർ അനുമതിയില്ലാതെ ഡോക്ടറുടെ സേവനം ലഭിക്കുകയില്ല. വളരെ അത്യാവശ്യ സന്ദർഭങ്ങളിലല്ലാതെ ആന്റിബയോട്ടിക്കുകൾ പോലും നൽകുകയില്ല. ടൂറിസ്റ്റുകളായതിനാൽ ഏതെങ്കിലും അസുഖമുണ്ടായാൽ ചികിത്സിക്കാനുണ്ടാകുന്ന ബുദ്ധിമുട്ടുകളോർത്ത് ഞങ്ങളുടെ ആരോഗ്യകാര്യത്തിൽ ചേച്ചിയും കുടുംബവും മാത്രമല്ല. അവിടുത്തെ മലയാളി സമൂഹവും ശ്രദ്ധിച്ചിരുന്നു.

പണ്ടുള്ളതിൽ നിന്ന് വിഭിന്നമായി, ഇപ്പോൾ മലയാളികൾ താമസിക്കുന്ന ഭാഗങ്ങളിൽ മോഷണം വർദ്ധിക്കുന്നതായി കേട്ടു. ഇന്ത്യാക്കാരുടെ സ്വർണ്ണഭ്രമം മനസ്സിലാക്കിയിട്ടെന്നോണം, സ്വർണ്ണമാണ് മോഷണം പോകുന്നതിലേറെയും. ഹാന്റ്ബാഗ് വാഹനത്തിൽ വച്ചിട്ട് പുറത്തിറങ്ങിയാൽ വണ്ടിയുടെ ചില്ല് പൊട്ടിച്ച് ബാഗെടുക്കുമെന്ന് ഉറപ്പാണെന്ന് പല സ്ഥലങ്ങളിലും കേട്ടു.

മോട്ടോർവേയിലെല്ലാം സ്പീഡ് ക്യാമറ ഉണ്ടെങ്കിലും വഴിയിലെങ്ങും പോലീസിന്റെ വാഹനപരിശോധന കാണാനില്ല. ക്യാമറ വച്ചിരിക്കുന്നതിനു മൈലുകൾക്ക് മുമ്പേ തന്നെ അതിന്റെ Sign Board ഉം Speed limit ഉം പല സ്ഥലങ്ങളിലും ഉണ്ടാകും. എന്നിട്ടും സ്പീഡ് നിയന്ത്രിച്ചില്ലെങ്കിൽ മാത്രമേ പിഴ ഈടാക്കൂ.

ട്രാഫിക് നിയമലംഘനത്തിന് ഉടൻ തന്നെ അക്കൗണ്ടിൽ നിന്ന് പിഴ ഈടാക്കിയതിനുശേഷം അതിന്റെ രസീത് തപാലിൽ ലഭിക്കും.

ഞങ്ങൾ ചെന്ന സമയത്ത് അവിടെ ഇലക്ഷൻ പ്രചരണവും വോട്ടെടുപ്പിന്റെ വിവിധ ഘട്ടങ്ങളും നടക്കുകയായിരുന്നു. ദിവസേന തപാലിൽ പ്രചാരണ നോട്ടീസുകളും ബുക്ക്‌ലെറ്റുകളും വരും. ബാലറ്റ് പേപ്പർ കണ്ടു. പോസ്റ്റൽ വോട്ട് ആണ് ഭൂരിഭാഗം ആളുകളും ചെയ്യുന്നത്. ബാലറ്റ് പേപ്പറിൽ വോട്ട് രേഖപ്പെടുത്തി പോസ്റ്റ് ബോക്സിൽ നിക്ഷേപിച്ചാൽ മതി. വോട്ടു ചെയ്യുന്നതിനുവേണ്ടി ഒരു ദിവസം പാഴാക്കാൻ അവർ തയ്യാറല്ല.

ബസിനും സീസൺ ടിക്കറ്റ് പോലെയുള്ള സംവിധാനമുണ്ട്. ഒരു ഫുൾഡേ ടിക്കറ്റെടുത്താൽ ആ കമ്പനിയുടെ ഏത് ബസിലും അന്ന് രാത്രി 12 മണിവരെ എങ്ങോട്ടുവേണമെങ്കിലും എത്രതവണ വേണമെങ്കിലും യാത്ര ചെയ്യാം. അതുപോലെ വീക്ക്‌ലി ടിക്കറ്റുമുണ്ട്. ബ്രിട്ടീഷുകാർ എല്ലാം കാര്യങ്ങളും വളരെ നേരത്തെതന്നെ പ്ലാൻ ചെയ്യുന്നവരാണ്. അതുകൊണ്ട് തന്നെ സമയമാകുമ്പോൾ ഓടിച്ചെന്നാൽ പലപ്പോഴും ടിക്കറ്റ് കിട്ടില്ലെന്നു മാത്രമല്ല വളരെ കൂടിയ നിരക്ക് നൽകേണ്ടതായും വരും. നേരത്തെ ബുക്ക് ചെയ്താൽ ബസിനും ട്രെയിനിനും ടിക്കറ്റ് ചാർജ്ജ് കുറവായിരിക്കും. കൂടാതെ പൊതുസ്ഥലങ്ങളിൽ സൈക്കിളുകൾ നിരനിരയായി വച്ചിരിക്കുന്നത് കാണാം. ഒരു നാണയം ഇടുമ്പോൾ പൂട്ടു തുറക്കുന്ന ഇവ ഉപയോഗത്തിനുശേഷം ഇതുപോലയുള്ള പാർക്കിംഗ് ഏരിയായിൽ തിരികെ വയ്ക്കാവുന്നതാണ്. റോഡുകളിൽ സൈക്കിളിനായി പ്രത്യേകം ട്രാക്കുണ്ട്. കാൽനടക്കാർക്ക് റോഡു ക്രോസ്സ് ചെയ്യുന്നതിനായി സിഗ്നൽ ലൈറ്റിന്റെ പോസ്റ്റിലുള്ള സ്വിച്ച് അമർത്തിയാൽ അതിനുള്ള സിഗ്നൽ ലഭിക്കും. കാൽനടക്കാർ സുരക്ഷിതരായി റോഡ് ക്രോസ്സ് ചെയ്തതിനു ശേഷമേ വാഹനങ്ങൾ എടുക്കുകയുള്ളൂ.

യു.കെയിൽ വനിതകൾക്കാണ് പ്രാധാന്യം. മിക്ക ഓഫീസുകളിലും ഉയർന്ന തസ്തികകളിൽ തൊണ്ണൂറ് ശതമാനവും വനിതകളാണുള്ളത്. മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചറും, എലിസബത്ത് രാജ്ഞിയുമാണ് ഇതിനു പിന്നിൽ. ഉറപ്പില്ലാത്ത കുടുംബബന്ധങ്ങൾ മൂലമായിരിക്കാം. കുട്ടികളുടെ കാര്യങ്ങളിലെല്ലാം അമ്മയ്ക്കാണ് സ്ഥാനം.

എട്ടും പത്തും നിലകളുള്ള ഷോപ്പിംഗ് മാളുകളിലെല്ലാം എസ്കലേറ്ററാണ് ഉപയോഗിക്കുന്നത്. പടികൾ ഒരിടത്തുമില്ല. ലിഫ്റ്റ് ഉണ്ടെങ്കിലും ഉപയോഗം കുറവാണ്. ഷോപ്പിംഗ് മാളുകളിലും പൊതുസ്ഥലങ്ങളിലുമെല്ലാം നിരവധി പബ്ലിക് ടോയ്‌ലറ്റുകൾ ഉണ്ട്. അവയ്ക്ക് ഫീസ് ഈടാക്കുന്നില്ല. വികലാംഗർ, കൊച്ചുകുട്ടികൾ എന്നിവർക്ക് ഉപയോഗിക്കാനുള്ള ടോയ്‌ലറ്റുകൾ പ്രത്യേകമായിട്ടുണ്ട്. വളരെ വൃത്തിയായാണ് അവ സൂക്ഷിച്ചിരിക്കുന്നത്.

മോട്ടോർവേകളുടെ വശങ്ങളിലെങ്ങും യാതൊരുവിധ കെട്ടിടങ്ങളുമില്ല. ഏതാണ്ട് 2 മണിക്കൂർ യാത്രയുടെ ഇടവേളയിൽ സർവ്വീസസ് എന്ന ബോർഡ് കാണാം. ടെലിഫോൺ ബൂത്ത്, സ്നാക്ക് ബാർ, ടോയ്‌ലറ്റ്സ് തുടങ്ങിയവയെല്ലാമുള്ള ചെറിയ പാർക്കിംഗ് സ്റ്റേഷൻ ആണ് അവ. അനാവശ്യമായി വണ്ടി റോഡ്സൈഡിൽ പാർക്ക് ചെയ്യാൻ പാടില്ല. പെട്രോൾ പമ്പുകളിൽ പെട്രോൾ നിറയ്ക്കാൻ ജോലിക്കാരില്ല. അത് സ്വയം ചെയ്തതിനുശേഷം ബിൽ അകത്ത് ഓഫീസിൽ ചെന്ന് അടയ്ക്കണം. റോഡരികിലെങ്ങും ആളുകളോ കടകളോ ഇല്ലാത്തതിനാൽ വഴി ചോദിച്ച് പോകാൻ പറ്റില്ല. നാവിഗേറ്ററിനെ ആശ്രയിക്കണം. മിക്ക റോഡുകളും വൺവേയാണ്. വഴി തെറ്റിയതായി മനസ്സിലായാൽപ്പോലും 25-30 കി.മീറ്റർ ചെന്നതിനുശേഷമേ തിരിച്ച് പഴയ റോഡിൽ എത്താൻ കഴിയുകയുള്ളൂ.

നഗരത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി സർക്കാർ പൊതുഗതാഗത സംവിധാനത്തെ പ്രോത്സാഹിപ്പിക്കുന്ന. ഒരാൾക്ക് ലണ്ടൻ നഗരത്തിലേക്കുള്ള വൺവേ ബസ് ടിക്കറ്റ് 9 പൗണ്ടാണെങ്കിൽ പാർക്കിംഗ് ഗ്രൗണ്ടിൽ 7 സീറ്റർ പാർക്ക് ചെയ്യുന്നതിനും അതിലെ എല്ലാവർക്കും കൂടി ലണ്ടൻ (മടക്കയാത്ര ഉൾപ്പെടെ) ടിക്കറ്റിനുമായി 12 പൗണ്ട് മാത്രമേയുള്ളൂ. ആരും ഇത് ദുരുപയോഗം ചെയ്യുകയില്ല. എല്ലാ പട്ടണങ്ങളിലും പാർക്കിംഗ് ഗ്രൗണ്ടുകളും അവിടെ നിന്ന് നഗരത്തിലേക്ക് അടുത്തടുത്ത ഇടവേളകളിൽ ബസ് സർവ്വീസും ഉണ്ട്.

ഭിന്നശേഷിയുള്ളവർക്ക് ബ്രിട്ടീഷുകാർ നൽകുന്ന പരിഗണന സവിശേഷ ശ്രദ്ധയർഹിക്കുന്നതും അനുകരണീയവുമാണ്. അംഗവൈകല്യമുള്ളവരും വൃദ്ധരും മന്ദബുദ്ധികളും ഓട്ടിസം ബാധിച്ചവരുമായവരെ എല്ലാ പൊതുസ്ഥലങ്ങളിലും ജോലി സ്ഥലത്തും കാണുവാൻ സാധിക്കും. കാഡ്ബറി വേൾഡിലെ റിസപ്ഷനിലും ഷോപ്പിംഗ് മാളിലെ അക്കൗണ്ട്സ് സെക്ഷനിലുമെല്ലാം ഓട്ടിസം ബാധിതരെ കാണാനിടയായി സഹപ്രവർത്തകരും പൊതുജനങ്ങളും അവരോട് നന്നായി സഹകരിക്കുന്നു. കൂടുതൽ വൈകല്യമുള്ളവരുടെ മാതാപിതാക്കൾക്ക് ജോലിയിൽ ഇളവും സാമ്പത്തികാനുകൂല്യവും മൂന്നുവർഷത്തിലൊരിക്കൽ പുതിയ വാഹനവും സൗജന്യ പരിശീലനവും എല്ലാം നൽകി സർക്കാരും ഇവരെ മുഖ്യധാരയിലേക്ക് കൈപിടിച്ച് നടത്തുന്നു.

16 വയസ്സിനുശേഷവും മാതാപിതാക്കളുടെ വീട്ടിൽ താമസിക്കുന്ന മക്കൾ അവർക്ക് വാടക നൽകണമെന്നതാണ് രീതി. അതുപോലെ തന്നെ പേരക്കുട്ടികളെ സംരക്ഷിക്കണമെങ്കിൽ മക്കൾ മാതാപിതാക്കാൾക്ക് ഫീസ് നൽകണമെന്നും കുഞ്ഞുങ്ങളുടെ നഴ്സറിയിലാണ് ഏറ്റവും അധികം ഫീസ് ചെലവ് എന്നും അറിഞ്ഞ ഞങ്ങൾ മക്കളെ വളർത്തിയിനത്തിൽ നമ്മുടെ മാതാപിതാക്കൾക്ക് നൽകേണ്ട ഭീമമായ പ്രതിഫലത്തെപ്പറ്റി ഓർത്തുപോയി. കൊച്ചുകുട്ടികളെ ആരും കൈയിലെടുത്തുകൊണ്ടു നടക്കാറില്ല. പ്രാമിലിരുത്തി തള്ളിക്കൊണ്ടു നടക്കാറാണ് പതിവ്. കുഞ്ഞുങ്ങൾ പൊതുസ്ഥലങ്ങളിൽ ശബ്ദമുണ്ടാക്കുകയോ കരയുകയോ ചെയ്താലുടൻ കുഞ്ഞിന്റെ വായിൽ ഒരു സ്റ്റോപ്പർ വച്ച് നിശബ്ദനാക്കും. അങ്ങനെ ശീലിപ്പിക്കുന്നതുകൊണ്ടാകാം ബ്രിട്ടീഷുകാർ അധികം സംസാരിക്കാത്തവരാകുന്നത്.

ചേച്ചിയുടെ വീടിനടുത്തുള്ള വലിയ പാർക്കിൽ ഞങ്ങൾ പലപ്പോഴും പോയിരുന്നു. അതിന്റെ വശത്തുകൂടി ഒഴുകുന്ന ചെറിയ തോടും നിറയെ മരങ്ങളും അവയിൽ വലിഞ്ഞുകയറുന്ന സായിപ്പ് കുട്ടികളും ഓടിനടന്ന് പന്ത് പെറുക്കുന്ന പട്ടികളും എല്ലാം ചേർന്ന് ഇവിടം വളരെ മനോഹരമാക്കുന്നു. ഇതിനോട് ചേർന്ന റോഡ് ക്രോസ് ചെയ്താൽ മറ്റൊരു പാർക്കിലെത്താം. ഇതിനായി ഒരു തുരങ്കമുണ്ട്. ആ പാർക്കിലെ ഒരു കമ്പിവലയിലൂടെ കുട്ടികൾ ഉയരത്തിലേക്ക് കയറുന്നത് ചെറിയ പേടിയോടെയേ നോക്കി നിൽക്കാൻ പറ്റൂ. ഇതിനടുത്തായി ഒരു ലഷസ് സെന്ററുണ്ട്. കുട്ടികളെ നീന്തൽ, ഫുട്ബോൾ, സ്കേറ്റിംഗ് മുതലായ എല്ലാ വ്യായാമങ്ങളും പഠിപ്പിക്കുന്ന സർക്കാർ സെന്റാണിത്. അതിന്റെ പുറകിലായി കുളങ്ങളും അവയിൽ ചൂണ്ടയിട്ടിരിക്കുന്ന ഇംഗ്ലീഷുകാരെയും കാട്ടുതാറാവുകളെയുമെല്ലാം കാണാം. വളരെയധികം ആൾത്തിരക്കുള്ള സ്ഥലങ്ങളിലും അനുഭവപ്പെടുന്ന നിശബ്ദത അവിടുത്തെ പ്രത്യേകതയാണ്. കൊച്ചു കുട്ടികളെപ്പോലും അവർ അത് പരിശീലിപ്പിക്കുന്നു. നാട്ടിലേക്കു മടങ്ങുന്ന ദിവസം ചേച്ചിയുടെ മോനോടൊപ്പം പോയി അവൻ പഠിക്കുന്ന സ്കൂൾ കണ്ടു. പോകുന്ന വഴിക്ക് അയൽവാസിയും ദക്ഷിണ കൊറിയക്കാരനുമായ അവന്റെ സുഹൃത്തിനെ പരിചയപ്പെട്ടു. തിരിച്ചുവരുമ്പോൾ പരിചയമുള്ള ഒരു പക്ഷി - കാക്ക! ഒരു മാസത്തെ വിദേശവാസത്തിനിടയിൽ ആകെ ഒരു കാക്കയെയാണ് കണ്ടത്. കരിങ്കറുപ്പാണ് നിറം. മറ്റൊന്നുകൂടി ഈ മൂന്നു രാജ്യങ്ങളിലുമായി ആകെ 13 ടൂവീലർ മാത്രമേ കണ്ടുള്ളൂ. കൊച്ചുകുട്ടികളുടെ കളിപ്പാട്ടം പോലെ തോന്നിക്കുന്ന ഒരു കാൽമാത്രം വച്ച് ബാലൻസ് ചെയ്യുന്ന, ഒറ്റച്ചക്രമുള്ള സ്കൂട്ടർ ഇവിടെ കുട്ടികൾ ഉപയോഗിക്കുന്നത് കാണാം.

പിന്നീട് ഞങ്ങൾ ഇന്ത്യയിലേക്ക് തിരികെ വരുന്നതിനുള്ള ഒരുക്കത്തിലായിരുന്നു. ഇതിനിടയിൽ ചേട്ടനും കുടുംബവും തിരികെ ഞങ്ങൾക്ക് കൊണ്ടുപോകുന്നതിന് ഷോപ്പിംഗ് നടത്തി ധാരാളം ഡ്രസ്സുകളും മിഠായികളും മറ്റും വാങ്ങിത്തന്നിരുന്നു. ചേട്ടൻ പെട്ടികളെല്ലാം പായ്ക്ക് ചെയ്തു തന്നു. അജയ് ഓൺലൈൻ ചെക്കിംഗ്-ഇൻ ചെയ്തു.

നാട്ടിലേക്ക് തിരിക്കുന്നതിന്റെ തലേന്ന് മലയാളി കുടുംബങ്ങളും എറണാകുളത്തുകാരനായ ഫാ. അംബ്രോസുമെല്ലാം ഞങ്ങളെ കാണാൻ വന്നത് ഒരിക്കലും മറക്കാനാവില്ല. ലൂർദ്ദിൽ നിന്നും ഇറ്റാലിയൻ ഭാഷയിൽ നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന മകൾ പഠിച്ചെന്ന് മനസ്സിലാക്കിയ അച്ചൻ അതിന്റെ ബാക്കി പ്രാർത്ഥനകൾ അവയുടെ ഇംഗ്ലീഷ് പരിഭാഷയോടൊപ്പം മക്കൾക്ക് സമ്മാനമായി നൽകി. അന്യനാട്ടിൽ ജീവിക്കുന്ന മലയാളികളുടെ ഒത്തൊരുമ അമ്പരിപ്പിക്കുന്നതായിരുന്നു. ചേച്ചിയും കുടുംബവും അന്യനാട്ടിലാണല്ലോ എനന് വിഷമിച്ചിരുന്ന ഞങ്ങൾക്ക് അവിടുത്തെ മലയാളികളുടെ പരസ്പര സ്നേഹവും സഹകരണവും കണ്ടപ്പോൾ ആ വിഷമം അലിഞ്ഞില്ലാതായി. മടങ്ങാറായപ്പോഴേക്കും അവിടുത്തെ കാലാവസ്ഥയുമായി ഞങ്ങൾ പൊരുത്തപ്പെട്ടു തുടങ്ങിയിരുന്നു. അങ്ങനെ ഒരു മാസത്തിലധികം നീണ്ട ഒരു ഉല്ലാസയാത്രയ്ക്ക് ശേഷം ചേച്ചിയ്ക്കും കുടുംബത്തിനും മനസ്സാ നന്ദി പറഞ്ഞ് ഞങ്ങൾ ഇന്ത്യയിലേക്ക് യാത്ര തിരിച്ചു. രാവിലെ 8 മണിക്കുള്ള ഖത്തർ എയർവേയ്സിൽ മടങ്ങുന്നതിനായി വെളുപ്പിന് 2.45ന് ഞങ്ങൾ വീട്ടിൽ നിന്ന് യാത്ര തിരിച്ചു ഇംഗ്ലണ്ടിനെയും വെയിൽസിനെയും വേർതിരിക്കുന്ന വൈദ്യുതി ദീപങ്ങൾ കൊണ്ടലങ്കരിച്ച വലിയ പാലം കടന്നപ്പോൾ ഉള്ളിൽ ചെറിയ വിഷമം തോന്നിയെന്നത് വാസ്തവം. ഇനി ഇങ്ങനെയൊരു യാത്ര ഉണ്ടാകുമോ എന്നും ആലോചിച്ചു. മടക്കയാത്രയിൽ ഹീത്രു എയർപോർട്ട് ചുറ്റിക്കണ്ട് വിമാനത്തിൽ ദേഹവഴി പിറ്റേന്ന് വെളുപ്പിന് 5.30ന് നെടുമ്പാശ്ശേരിയിലെത്തി. പപ്പയും അനിയത്തിയുടെ മകളും ഞങ്ങളെ കാത്തുനിന്നിരുന്നു. വിദേശരാജ്യത്തെ അവധിക്കാലം നന്നായി ആസ്വദിച്ചുവെങ്കിലും സ്വന്തം നാട്ടിൽ തിരിച്ചെത്തിയപ്പോഴുള്ള സന്തോഷം പറഞ്ഞറിയിക്കാനാവാത്തതായിരുന്നു. ചെറിയ വിഷമവും നാട്ടിലെത്തുന്ന സന്തോഷവും കൂടി ചേർന്ന ഒരു സമ്മിശ്ര വികാരമായിരുന്നു ഉള്ളിൽ നിറഞ്ഞത്. ഈ യാത്ര ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും അവിസ്മരണീയമായ ഒന്നാണ്. ■

● ഉദയകുമാർ



# കാറ്റിന്റെ മർമ്മരം പോലെ



ഉച്ചയ്ക്കുള്ള ആ പാസഞ്ചറിൽ യാത്ര ചെയ്യുമ്പോഴും അയാൾക്കു വിശപ്പുണ്ടായിരുന്നു. പിന്നെ ഏറെ നേരം വിശപ്പും ദാഹവുമറിയാതെ അയാൾ നിർവൃതിയുടെ ഏതോ മായിക ലോകത്തായിരുന്നു. ഒരുതരം സംതൃപ്തിയുടെ പരിവേഷത്തിലായിരുന്നു. ലോകത്തോടുള്ള നിർമ്മമതയും ജീവിതത്തോടുള്ള നിസ്സംഗതയും ആ ഒരിടവേളയിൽ ശമിച്ചു. ജീവിതം അതിന്റെ സുഗന്ധം ജീവിതത്തിലാദ്യമായി തന്റെ ഇന്ദ്രിയങ്ങളിലേയ്ക്ക് സംക്രമിപ്പിച്ചു. അത് പ്രതീക്ഷകൾ സൂക്ഷിക്കാൻ പ്രേരകമായി. ആ പെൺകുട്ടിയുടെ സുന്ദരമായ മുഖം തെളിമയാർന്നു കൺമുന്നിൽ വന്നു നിൽക്കുന്നു. ആ പെൺകുട്ടി ഏത് പുണ്യവതിയായ അമ്മയുടെ, മകളാണ്. പവിത്രമായ നദിയിൽ സ്നാനം കഴിഞ്ഞിട്ടെന്ന പോലെ മനസ്സും ശരീരവും ശുദ്ധമായി. പച്ചയായ ഹൃദയമുറിവുകളിൽ വെണ്ണ പുരണ്ട അനുഭവം.

അയാൾ മുഖം ഒന്നു തലോടി. ദേഹമാസകലം എഴുന്നു തൂങ്ങുന്ന അസംഖ്യം പാലുണ്ണികളിൽ കൈ ഓടിയപ്പോൾ വെറുപ്പു തോന്നേണ്ട

താണ്. പകരം മനസ്സ് നിസ്സംഗമാകുന്നു. ഈശ്വരൻ വിധിച്ചു നൽകിയ ശിക്ഷ മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിച്ച് നാടു നീളെ അലഞ്ഞ് നടന്ന് ജീവിക്കുന്ന ഒരാൾക്ക് ആദ്യമായി സ്വയം അനുതാപം തോന്നി. വൈരൂപ്യം സഹനമായി.

ഇപ്പോൾ എത്ര മണിയായിക്കാണും? വൃദ്ധനായ ആൽമരം മേലാപ്പു സൃഷ്ടിച്ച ആ ആൽത്തറയിലിരുന്ന് നോക്കിയപ്പോൾ അയാൾക്ക് സമയം ഏതാണ്ട് ഊഹിക്കാൻ കഴിഞ്ഞു. നാലുമണിയോളമാകും. ഒരു യാചകനാണെങ്കിലും  ഉച്ചയൂണ് ഇത്രയും ഒരു ദിവസവും വൈകിയിട്ടില്ല. അയാൾ പോക്കറ്റിൽ തപ്പി നോക്കി. ഇരുപതു രൂപയുടെ ഒറ്റ നോട്ട് സുഗന്ധം തൂകി അതിനകത്തുണ്ട്. അതു പൊതിഞ്ഞിരുന്ന കൈലേസും. അതിന്റെ ഓർമ്മയെ തലോടി ഇരുന്നതുകൊണ്ടാണ് സമയം കടന്നു പോയത് അറിയാതിരുന്നത്.

ഏതാണ് അടുത്തുള്ള ഭക്ഷണശാല? അയാൾ എഴുന്നേറ്റു. ഒരൊഴിഞ്ഞ ബഞ്ചിലിരുന്ന് ഏകനായി ഭക്ഷണം കഴിക്കുമ്പോൾ ചായക്കടക്കാരന്റെ തുറിച്ചു നോട്ടം അവഗണിച്ചു. ആരേയും സ്നേഹിക്കാൻ കഴിയുന്നവർ എറിയുന്ന സഹതാപാദ്രമായ നോട്ടങ്ങളെ മനസ്സിലേയ്ക്കേറ്റെടുക്കാതിരിക്കാൻ ശീലിച്ചതിന് തന്റെ പ്രായത്തോളം പഴക്കമുണ്ട്. ആരും സ്നേഹിക്കാൻ മടിക്കുന്ന ഒരാൾ. വൈരൂപ്യം ദേഹമാസകലം പേറുന്ന തനിക്ക് നെഞ്ചോട് ചേർത്തു പിടിക്കുന്ന ആശ്വാസം അവസാനമായി തന്നത് മരിക്കുന്നതിന് മുമ്പ് അച്ഛനാണ്. പത്താം ക്ലാസിൽ പഠിക്കുന്ന താൻ ആ മരണത്തോടെ ഏകനായി. ജീവിതത്തിനു ലക്ഷ്യമില്ലാതെയായി. താങ്ങും തണലുമില്ലാതെയായി. വീടും നാടും വീട്ടിറങ്ങി. അലഞ്ഞു, നഗരങ്ങൾ തോറും ......... ഭക്ഷണശാലകൾക്കു മുമ്പിൽ മുഖമൊളിപ്പിക്കാൻ ശ്രമിച്ച് താൻ കൈ നീട്ടി. പട്ടിണിയറിഞ്ഞു. സ്വാതന്ത്ര്യം മാത്രം ആശ്വാസമായി. ഒരിടത്തും അധികനാൾ തങ്ങിയില്ല. വിശാലലോകമായിരുന്നു. ലഹരി... മറ്റ് യാചകരിൽ നിന്നും അകന്നു നിന്നു. ദൈവത്തിനോട് രോഷവും പകയും തോന്നിയിട്ടുണ്ട്. എല്ലാം ക്രമേണ അടങ്ങി.

തീവണ്ടിയുടെ ചലിക്കുന്ന ചക്രങ്ങളുടെ താളക്രമം പോലെ വിശപ്പും ദാഹവും അറിഞ്ഞും അറിയാതെയും മാറിമാറി വരുന്ന രാവും പകലും തന്നെ ജീവിതത്തിലേയ്ക്ക് അടുപ്പിച്ച് നിറുത്തി. പക്ഷേ തനിക്കു ചെറുപ്പമാണ്. ജീവിതത്തിന്റെ തുടിപ്പുകൾ കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നവനാണ്. മുപ്പതു വയസ്സിന്റെ യൗവനം കലാപം സൃഷ്ടിച്ചു. മനസ്സ് നിയന്ത്രണ രേഖകൾ കടക്കുവാൻ പലപ്പോഴും വെമ്പിയപ്പോൾ സ്ത്രീയും പുരുഷനും ഒരുമിച്ച് നടക്കുന്നതും സംസാരിച്ചു രസിക്കുന്നതും ഉള്ളിലേക്ക് ലഹരിയായി കടന്നു കയറിയപ്പോൾ ആ ലഹരിയിൽ നിന്നും മോചിതനാകുവാൻ ശ്രമിച്ചിട്ടുള്ളതാണ്. ഒരിക്കലും വിജയിച്ചിട്ടില്ല. തൃപ്തനായിട്ടില്ല.

അങ്ങിനെ പല ദിവസങ്ങളായി യാചിച്ചതും സമ്പാദിച്ചതും സ്വരുക്കൂട്ടിയാണ് അന്നൊരു ദിവസം നഗരത്തിലെ ചേരിപ്രദേശത്തെ ആ വേശ്യാഗൃഹത്തിലേക്ക് കടന്നു ചെന്നത്.

ഉടമസ്ഥയായിരുന്ന തടിച്ച ആ സ്ത്രീ ഒന്നേ നോക്കിയുള്ളു.

കണ്ണുകൾ അമ്പരപ്പാൽ വിഭ്രമമാകുന്നതു കണ്ടു. ആ മുഖത്തെ വല്ലാത്ത അശാന്തി നൂറിന്റെ അഞ്ചു നോട്ടുകൾ കണ്ടപ്പോൾ അടങ്ങി.

''ഇരിക്ക്'' അവർ പരുഷമായി പറഞ്ഞു.

അവർ അകത്തേക്ക് പോയി. അല്പം കഴിഞ്ഞ് മടങ്ങി വന്നു.

''ചെല്ല്'' അവർ അകത്തേക്ക് ചൂണ്ടിക്കാട്ടി.

അങ്ങനെയാണ് അകത്തെ ആ മുറിയിൽ എത്തിയത്.

കടന്നു ചെന്നപ്പോൾ ഇരിക്കുകയായിരുന്ന അവൾ ആകെ ഒന്നു നോക്കി എഴുന്നേറ്റു. ആർത്തി പൂണ്ട് അയാൾ ഒന്നു പുഞ്ചിരിച്ചു. ആ ചിരി അവളെ മയപ്പെടുത്തുകയല്ല തളർത്തുകയാണ് ചെയ്തതെന്ന് ഉടനേ മനസ്സിലായി.

''എനിക്കാവില്ല തന്റെ കൂടെ...'' പിറുപിറുത്ത് വാതിൽക്കർട്ടൻ പകുത്ത് അവൾ ഉള്ളിലേയ്ക്ക് പോയി. കയ്യിലിരുന്ന സാധനം തറയിൽ നിക്ഷേപിക്കുന്ന ലാഘവത്തോടെ അവൾ തന്റെ ആഗ്രഹത്തെ തല്ലിക്കെടുത്തി, തന്റെ ശരീരത്തിലെമ്പാടും അഗ്നി പകർന്നു കൊണ്ട്.

അതോടെ താൻ വന്ധ്യനായി മാറിയ അനുഭവമായിരുന്നു. ദീർഘമായി ഉയർന്നു വന്ന നിശ്വാസമടക്കി തല കുനിച്ച് താനാഗൃഹം വിട്ടു പുറത്തേയ്ക്കു വന്നു.

ആ ഓർമ്മ വിചിത്രമായ നിറക്കൂട്ടുകളോടെ പിന്നെയുള്ള ദിവസങ്ങളിൽ തന്നെ പീഡിപ്പിച്ചു. കരഞ്ഞു. കണ്ണുനീരുവോളം. കുറ്റബോധം ഉള്ളിൽ എങ്ങനെയോ–ഒരു കുറ്റവും ചെയ്തില്ലെങ്കിലും– കനത്തു വന്നു. മനസ്സ് ആത്മപീഡനത്തിന്റെ നാളുകളിലൂടെ കടന്നു പോയി. മന:പൂർവ്വം പട്ടിണി കിടന്നു. തുറക്കാത്ത കടയുടെ തിണ്ണയിൽ മൂടിപ്പുതച്ച്

ലോകത്തെ അഭിമുഖീകരിക്കാനാവാതെ ശയിച്ചു.


പക്ഷേ കാലം....

വിചിത്രമായ അനുഭവങ്ങളിലൂടെ ജീവിതവും മനസ്സും കടന്നുപോയി. എന്തെല്ലാം കണ്ടു, കേട്ടു, അറിഞ്ഞു. ജീവിതത്തിന്റെ അഴുക്കു ചാലിലൂടെ സഞ്ചരിക്കുവാൻ ക്ഷണമുണ്ടായി. അതിജീവിച്ചു. എവിടെയോ ഒരു പ്രത്യാശ. ലോകത്തിനാകെ വെളിച്ചം വിതറാനുള്ള ഒരു ചെറു തിരി നാളത്തിന്റെ ആഗ്രഹം. അച്ഛന്റെ സ്നേഹം തന്ന ഓർമ്മകൾ...

ജീവിതത്തെ മറക്കാൻ ശ്രമിച്ചു ജീവിച്ചു. അതോടെ എല്ലാം യാന്ത്രികമായി. കിട്ടുന്ന നാണയത്തുട്ടുകളുടെ കിലുക്കങ്ങളിൽ മനസ്സുടക്കി നിന്നില്ല. ഭ്രാന്തമായ വിചാരങ്ങളിൽ നിന്ന് മനസ്സ് മോചിതമായി.

തീവണ്ടികളിൽ നിന്ന് തീവണ്ടികളിലേക്ക് മാറി മാറി സഞ്ചരിച്ചു. ആരും തനിക്കു നാണയങ്ങൾ എറിഞ്ഞു തന്നു.

ഒരുച്ചയോടെ തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ ഉറങ്ങിപ്പോയി. അടുത്തു നിന്നുയർന്ന ഒരു സുഗന്ധമാണ് ഉണർത്തിയത്. പുതുവസ്ത്രങ്ങളുടെ മാന്ത്രികയൊച്ചയുണർത്തി ശുഭ്ര വസ്ത്രധാരിണിയായ ഒരു യുവതി എതിരെ ഇരിക്കുന്നു. ഒരു പക്ഷേ തുടർച്ചയായി തന്റെ മേൽ പതിഞ്ഞ അവളുടെ നോട്ടമായിരിക്കാം തന്റെ ഉറക്കം ഞെട്ടിച്ച ഘടകം. കമ്പാർട്ടുമെന്റ് അവിടവിടെ രണ്ടു മൂന്നു പേരൊഴിച്ചാൽ ശൂന്യമായിരുന്നു. അവൾ കണ്ണെടുക്കാതെ തന്നെ തന്നെ നോക്കുകയാണ്. പക്ഷേ ആ കണ്ണുകളിൽ അറപ്പോ വെറുപ്പോ അമ്പരപ്പോ നിഴലിക്കുന്നില്ല. പകരം അവയിൽ അലിവു നിറയുകയാണ്. അവസാനം അവൾ പുഞ്ചിരി തൂകുന്നു. അപ്പോൾ വലുതായ ആശ്വാസമാണ് തോന്നിയത്. ശ്വാസം നിലയ്ക്കാൻ ഭാവിച്ച ഒരാൾക്ക് പുതുശ്വാസം കിട്ടിയതു പോലെ.



തീവണ്ടിയുടെ താളത്തിൽ അവൾ ചോദിച്ചതു കേട്ടില്ല. ''എന്താ പേര്'' എന്ന് അവൾ ചോദിക്കുകയായിരുന്നോ? എന്നു തോന്നി. ആദ്യം തിരിഞ്ഞു നോക്കി. തന്നോടായിരിക്കില്ല. പക്ഷേ നോട്ടം തന്റെ മുഖത്തു തന്നെ. തന്റെ സമീപം മറ്റാരുമില്ലാല്ലോ. ഇന്ദ്രിയങ്ങളിൽ ലഹരി പകരുന്ന ശബ്ദമാധുര്യം.

''സതീശ്'' ഒന്നു ഞെട്ടി അയാൾ മൃദുവായി പറഞ്ഞു. അതവളുടെ ചെവികളിൽ എത്തിയോ? കരുണാദ്രമായ ഒരു മന്ദഹാസം അവളുടെ ചുണ്ടുകളിൽ വിടർന്നു. പിന്നെ അവൾ ബാഗു തുറന്നു. ലാപ്ടോപ്പ് പുറത്തെടുത്തു. അതിലേയ്ക്ക് ശ്രദ്ധകൊടുത്തു. ഇടയ്ക്കിടെ തന്റെ കൈലേസുകൊണ്ട് മുഖം തുടച്ചു. അപ്പോഴൊക്കെ സുഖകരമായ ഒരു പരിമളം പരന്നൊഴുകി.

കുട്ടി എവിടെപ്പോകുന്നുവെന്നു ചോദിക്കാൻ സതീശൻ വെമ്പിയതാണ്. പക്ഷേ ഒരു പെൺകുട്ടിയോടും ചോദിച്ചിട്ടില്ലാത്ത ആ ചോദ്യം നാവിൽ നിന്ന് മുക്തമാകുവാൻ വിസമ്മതിച്ചു. അപ്പോഴും ചുണ്ടുകളിൽ മൃദുഹാസവും ചലിക്കുന്ന വിരലുകളിൽ ദ്രുതതാളവുമായി അവളിരുന്നു. തീവണ്ടി നീങ്ങുന്നതറിയാതെ. ഇടയ്ക്കിടെ അവളുടെ കണ്ണുകൾ സതീശനിലേയ്ക്ക് നീണ്ടു ചെന്നു. ഒരു നിമിഷം തങ്ങി നിന്നു. അപ്പോഴൊക്കെ അവൾ മന്ദഹസിച്ചു. അനിർവചനീയമായ ഒരു സുഖലാളന തന്റെ ദേഹം അനുഭവിക്കുന്നതായി അന്നേരമെല്ലാം സതീശനു തോന്നി. അയാളുടെ മനസ്സ് അയഥാർത്ഥ തലങ്ങളിലൂടെ സഞ്ചരിച്ചു. ഇടയ്ക്ക് അവൾ തന്നോട് പിന്നെ എന്തെങ്കിലും ചോദിച്ചോയെന്ന് അയാൾക്കു സംശയമായി. പുറത്തു നിന്നും വീശിയടിക്കുന്ന കാറ്റിൽ ഒന്നും വ്യക്തമായില്ല. മുഖം തുടച്ച് തന്റെ പ്രവൃത്തി അവൾ തുടരുന്നതാണ് പിന്നെ അയാൾ കണ്ടത്. അയാൾ അല്പം കൂടി മുന്നിലേയ്ക്ക് നീങ്ങിയിരുന്നു. അവർ തമ്മിലെ ദൂരം കുറഞ്ഞു. ഒരു ആരാധനാപാത്രത്തെ കാണുന്നപോലെ അവളെ നോക്കിയിരിക്കാൻ സതീശനു തോന്നി. അപ്പോൾ അയാൾ അവളിലെ സൂക്ഷ്മഭാവങ്ങൾ തൊട്ടറിഞ്ഞു. ആ ആദ്രത...സ്നേഹം...പരിഗണന. പ്രതികരിക്കാനാവാത്ത നിസ്സംഗതയോടെ അയാളിരുന്നു. ഒരു രാജകുമാരിയെപ്പോലെ അവൾ. തന്റെ മനസ്സിന്റെ രാജ്യം കീഴടക്കിയവൾ. ഉയർന്ന ആ നാസികയിൽ ചെറിയ പല്ലുകളിൽ വിടർന്ന കണ്ണുകളിൽ ചെഞ്ചുണ്ടുകളിൽ ഒക്കെ ഒരു നായികാപരിവേഷം തുടിച്ചു നിൽക്കുന്നു. എന്തൊരു കുലീനത!

ബാല്യകാല സ്മൃതികളിൽ സജീവമായിരുന്ന ദേവികയുടെ രൂപം പൊടുന്നനെ തെളിമയാർന്നു. അയാൾക്കു എല്ലാം ഓർമ്മ വന്നു. ഒരിക്കൽ മൃദുവും സുന്ദരവുമായിരുന്ന തന്റെ മുഖം തഴുകിയിരുന്ന തന്നെ ഇഷ്ടമായിരുന്ന ദേവിക. ഇടയ്ക്കിടെ പൊട്ടിച്ചിരിക്കുന്നവൾ. കളിയായി തന്റെ ചെവിയിൽ തിരുമിയവൾ. അവൾ കാലത്തിന്റെ പിൻവാതിലിലൂടെ വിസ്മൃതിയിലേയ്ക്ക് മറയുകയായിരുന്നു. താനിപ്പോൾ വീണ്ടെടുക്കുന്നതു വരെ. മാറ്റമില്ല. അതേ സുഖസ്പർശം ദേഹമാസകലം. സമയം കടന്നു പോയി. തീവണ്ടിയുടെ വേഗത കുറഞ്ഞു. സ്റ്റേഷനാകാറായി. അവൾ തന്റെ ലാപ്ടോപ്പ് ഇതാ മടക്കി വയ്ക്കുന്നു. അവൾ ഇപ്പോൾ ഇറങ്ങും.

അപ്പോൾ പൊടുന്നനേ സതീശന് നഷ്ടബോധമനുഭവപ്പെടാൻ തുടങ്ങി. എന്തോ ഒരു വൈമനസ്യം. തന്നോട് എന്തെങ്കിലും ഒന്നുകൂടി അവൾ ചോദിച്ചിരുന്നെങ്കിൽ. എങ്കിൽ തന്നിലെ ശേഷിക്കുന്ന അപൂർണ്ണത ഇല്ലാകായേനെയെന്ന് സതീശ് വിചാരിച്ചു.

തീവണ്ടി നിന്നു. അവൾ ഉലയുന്ന വസ്ത്രങ്ങളുടെ മർമ്മരത്തോടെ ഇറങ്ങിക്കഴിഞ്ഞു. ഇപ്പോൾ അവൾ നടന്നു തന്റെ ജീവിതത്തിൽ നിന്നും മറയും. സതീശൻ ഒന്നു നിവർന്നിരുന്നു. അതാ അവൾ മുഖം തിരിച്ച് തന്നെ നോിദൂരസ്ഥലങ്ങളിൽ നിന്നും ഒരുമിച്ച് വരുന്നവർ വണ്ടി ബുക്ക് ചെയ്ത് ഒരു തീർത്ഥയാത്ര പോലെ, ഭാവി അറിയാനും പരിഹാരം കാണാനുമായി പ്രവചനക്കാരെ സന്ദർശിച്ചപ്പോൾ രോഗശാന്തിക്കായി സമീപിക്കുന്നവർക്ക് ഡോക്ടറെക്കാണാൻ മറക്കരുതെന്നു ഉപദേശ കൂടി നൽകപ്പെടുന്നു. സ്വയരക്ഷയെ കരുതിയാണെങ്കിലും ആ ഉപദേശത്തിൽ ആശ്വാസം തോന്നി. ജീവന് ആപത്ത് സംഭവിക്കില്ലല്ലോ കൈയും ഒപ്പം ശിരസ്സും ഒരു വിട പറയലിൽ മന്ദമന്ദം ചലിക്കുന്നു. ആ ചുണ്ടുകൾ വിടരുന്നു. വർദ്ധിച്ച ആഹ്ലാദത്തോടെ സതീശൻ തിരികെ കൈവീശി. പെട്ടെന്ന് അയാളും തീവണ്ടിയിൽ നിന്നും അവിടെയിറങ്ങാൻ എഴുന്നേറ്റു. അപ്പോഴാണ് എതിരെ അവളുടെ ഇരിപ്പിടത്തിൽ മടക്കിയ കൈലേസ് അയാൾ കണ്ടത്. വേഗത്തിൽ അതു കടന്നെടുത്ത് തീവണ്ടി വിടുന്നതിനു മുമ്പേ സതീശൻ ചാടിയിറങ്ങി. അധികദൂരമായിട്ടില്ല. അവളുടെ തലമുടി ഭാരം വായുവിൽ ചാഞ്ചാടി അപ്രത്യക്ഷമാകുന്നത് കാൺകെ ഒരു നോക്കു കൂടി കാണാനാണോ, അതോ തന്നെ ഉപേക്ഷിക്കരുതെന്ന് യാചിക്കാനാണോ എന്തോ സതീശൻ ആളുകൾക്കിടയിലൂടെ മുന്നോട്ട് ധൃതി കൂട്ടി. ■

# നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്ന് 31 – 8 – 2016 മുതൽ 31 – 07 – 2017 വരെയുള്ള കാലയളവിൽ വിരമിച്ചവർ



**പി. ജയലക്ഷ്മി**
സ്പെഷ്യൽ സെക്രട്ടറി



**രമാദേവി അമ്മ**
ഡെപ്യൂട്ടി സെക്രട്ടറി



**ബി. മഹേന്ദ്രകുമാർ**
ചീഫ് എഡിറ്റർ



**സീനത്ത് ബി.പി.എസ്.**
സെക്ഷൻ ഓഫീസർ



**റൈഹാനത്ത് ബീവി**
ഓഫീസ് സൂപ്രണ്ട്




**ഗിരിജ എസ്.**
ഓഫീസ് സൂപ്രണ്ട്



**രാമചന്ദ്രൻപിള്ള**
അസംബ്ലി അറ്റൻഡന്റ്



**ജെ. മല്ലികാദേവി**
ഡി.റ്റി.പി. ഓപ്പറേറ്റർ



**സുദർശനൻ എ**
ഇൻഫർമേഷൻ അസിസ്റ്റന്റ്



**കെ. രാധാകൃഷ്ണൻ**
സീനിയർ ഗ്രേഡ് ഡ്രൈവർ



**ജി. കൃഷ്ണൻ**
ലിഫ്റ്റ് ഓപ്പറേറ്റർ



**ശിവരാജൻ വി.**
ലിഫ്റ്റ് സൂപ്പർവൈസർ



**മണികണ്ഠൻ കെ.**
ലിഫ്റ്റ് സൂപ്പർവൈസർ



**രതി എം.**
പാർട്ട് ടൈം സ്വീപ്പർ

അച്ചടി: കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

# സമന്വയം

2018 ജനുവരി



സ്വകാര്യ വിതരണത്തിനു മാത്രം